

8·82
T

# പെറിയ സ്നേഹിതർ

# ചെറിയ സ്നേഹിതർ

# ചെറിയ സ്നേഹിതർ

LIBRARY, ★ SACRED HEART PROVINCIAL
4645 N
VII F 98
H 49
998

★

ഗ്രന്ഥകർത്താ

പി. എം: ജേക്കബ്. പുതുപ്പള്ളി.

സ്കൂൾ ലൈബ്രറികൾക്കുവേണ്ടി ഗവർമ്മെൻറ് അംഗീകരിച്ചതു്
(19 th July 1966 Gezette No. 29)
Government of Kerala

ACHARYA PALACKAL JEEVISS KENDRAM
4645

വില 1–25

(Malayalam)

**CHERIA SNEHITHAR**

BY P. M. JACOB PUTHUPPALLY

Third Edition
**May 1971**

**Price Rs. 1—25**

Printed at
The Vidyarthi Mithram Press, Kottayam.

M/248.82
PUT

# അവതാരിക

കഥാശ്രവണാസക്തി മനുഷ്യന്ന് ഇന്നും ഇന്നലെയും ഉണ്ടായതല്ല. മനുഷ്യവർഗ്ഗത്തോളംതന്നെ അതിന്നു പഴക്കമുണ്ട്. പ്രാചീനമനുഷ്യൻ വേട്ടയാടിയിട്ട് തൻെറ ഗുഹാഭവനത്തിൽ എത്തുമ്പോൾ അവൻെറ പ്രിയതമയും കുഞ്ഞുങ്ങളും ചുററുംകൂടി അന്നത്തെ നായാട്ടിലുണ്ടായ അനുഭവങ്ങൾ കേൾക്കാൻ അത്യാശ പ്രകടിപ്പിച്ചിരിക്കണം. അയാൾ തൻെറ അനുഭവങ്ങൾ കഴിയുംവിധം സരസ്സമായി അവരെ പറഞ്ഞുകേൾപ്പിക്കുകയും ചെയ്തിരിക്കണം.

മനുഷ്യൻ വികാരങ്ങളെ പകത്തുവാൻ പരിശീലിച്ചതുതന്നെ ഒരുപക്ഷേ, കഥാരൂപേണയായിരിക്കും. ഒരമ്മ തൻെറ ഓമനക്കുഞ്ഞിനോട്ട സരസ്സമായിച്ചെയ്യുന്ന ആദ്യസംഭാഷണം കഥാരൂപത്തിലായിരിക്കും. കഥാശ്രവണേച്ഛയെ സംബന്ധിച്ചിടത്തോളം മനുഷ്യബുദ്ധി എന്നും ബാലിശ്യം തന്നെ. കേവലം, യക്ഷികഥമുതൽ തത്വചിന്താഭരിതങ്ങളായ ടാഗോർ കഥകൾ വരെ ഒരു പണ്ഡിതന്ന് ഒരുപോലെ രസാവഹങ്ങളാണ്.

ഈ നിലവച്ചുനോക്കുമ്പോൾ പുരോഗതിയുടെ അത്യച്ചകോടിയിൽ മനുഷ്യൻ എത്തിയാലും അവൻെറ കഥാശ്രവണകൗതുകം ഒരിക്കലും അസ്തമിച്ചുപോകുകയില്ലെന്നു് കാണാൻ കഴിയും.

കഥ പറയുന്നതിനും കേൾക്കുന്നതിനും താല്പര്യമില്ലാത്ത ദേശവും ജനതയും ലോകത്തിലില്ലതന്നെ.

എത്രയോ കാലപ്പഴക്കംചെന്ന ഈസോപ്പിൻെറ കഥ കഠം ഇന്നും ആനന്ദപ്രദങ്ങളായിരിക്കുന്നു! മേലിലും അങ്ങനെതന്നെ.

ഈ നിലവച്ചുനോക്കുമ്പോഠം ശ്രീമാൻ ജേക്കബ് പുതുപ്പള്ളിയുടെ ഈദൃശ കഥാരചനകഠം സ്തുത്യർഹം തന്നെ. ബാലികാബാലന്മാക്ക് സന്തോഷപ്രദവും പ്രയോജനകരവും ആയ ഒന്നാണ് ഈ „പെറിയ സ്നേഹിതർ" പഞ്ചസാരയിൽ പൊതിഞ്ഞ ഔഷധംപോലെ കുട്ടികളെ രസിപ്പിച്ചുകൊണ്ടുതന്നെ അവരുടെ മനസ്സിലുള്ള മാലിന്യങ്ങളെ ഈ കഥകളിലുള്ള സന്മാർഗ്ഗപാഠങ്ങഠം ദൂരീകരിക്കുന്നു.

ഇതിലുള്ള കഥകളെല്ലാംതന്നെ ഇംഗ്ലീഷിൽനിന്നും വിവത്തനം ചെയ്തതാണ്. കുട്ടികഠംക്കു മനസ്സിലാകത്തക്കവണ്ണം ലളിതവും, രസപ്രദവും, പ്രസന്നവുമായ ഭാഷാശൈലിയാണ് ഇതിലുടനീളംകാണുന്നതു്.

ഗ്രന്ഥത്തിനും ഗ്രന്ഥകത്താവിനും ഭാവുകങ്ങഠം.

ഫാദർ വിൽഫ്രിഡ് സി. എം. ഐ.

മാന്നാനം
25–7–'61

# വിഷയവിവരം


| | | |
|---|---|---|
| 1 | നോബിറം ആരെ സഹായിക്കണം? | 1 |
| 2 | സാലിയും റോബിയും | 4 |
| 3 | ഉഷയുടെ പാഠം | 8 |
| 4 | ആക്ക്ാണ്ട് സജിയുടെ പന്തു് കിട്ടിയതു് | 12 |
| 5 | നെപ്പോളിയനേക്കാറം വലിയവൻ | 15 |
| 6 | അനുവാദം ഒന്നാമതു വാങ്ങിക്കുക | 18 |
| 7 | കാതി, രഹസ്യം സൂക്ഷിക്കുന്നു | 21 |
| 8 | വല്യപ്പച്ചൻെറ പ്രാത്ഥന | 25 |
| 9 | ലീല ഒരു പാഠം പഠിച്ചു | 29 |
| 10 | ചെറിയ പടംമാത്രം മോഷ്ടിക്കപ്പെട്ടു | 33 |
| 11 | ആലീസ് ദയയെക്കുറിച്ചു് പഠിക്കുന്നു | 40 |
| 12 | ലീനായുടെ ആശ്ചര്യം | 43 |
| 13 | കരയിൽ ഒരു കപ്പൽ | 47 |
| 14 | ആൽബർട്ടു് മരിക്കുമായിരുന്നു | 51 |
| 15 | കൊല്ലുന്ന വല്യമ്മ | 54 |
| 16 | ബില്ലിയുടെ വലിയ പാഠം | 59 |
| 17 | ബോബി ഒരു ധീരനായിരുന്നപ്പോറം | 61 |
| 18 | നമ്മുടെ പാപഭാരം | 64 |
| 19 | സഹായിക്കുന്ന മനുഷ്യൻ | 66 |
| 20 | വാതിൽ അടയ്ക്കുക | 69 |
| 21 | നമ്മുടെ ആഗ്രഹങ്ങറം | 72 |

| | | |
|---|---|---|
| 22 | യാഥാത്ഥ സൗഹൃദം | 74 |
| 23 | സത്യംകൊണ്ടുള്ള ഗുണം | 78 |
| 24 | ഹെൻറി ചക്രവത്തി | 81 |
| 25 | എരിയുന്ന മുൾപ്പടർപ്പ് | 84 |
| 26 | രാജാവിൻെറ ജോലിക്ക് | 87 |
| 27 | ഒരു കുട്ടിയുടെ മനസ്സുതിരിവു് | 89 |
| 28 | നാം തനിയെ അല്ല. | 92 |
| 29 | കുട്ടികൾക്കായുള്ള ധമ്മാചാരങ്ങൾ | 94 |

# 1. നോബിൾ ആരെ സഹായിക്കണം?

നോബിൾ പിതാവിനെ ബഹുമാനിച്ചു... അവൻ എപ്രകാരം പിതാവിനെ സ്നേഹിച്ചു, ബഹുമാനിച്ചു? എന്നാൽ അവൻെറ പിതാവു് മരിച്ചുപോയിരുന്നു.

നോബിളിനു് പതിനൊന്നും, സഹോദരിക്കു് എട്ടും, ഇളയസഹോദരനു് അഞ്ചും വയസ്സു മാത്രമേ ഉണ്ടായിരുന്നുള്ളു.

സ്നേഹിതന്മാരും ചാർച്ചക്കാരും അവനോടു പറഞ്ഞു 'നീ വലുതാകുമ്പോൾ മാതാവിനെ സഹായിക്കണം' എന്നു്.

തൻെറ ഇളയ സഹോദരനും സഹോദരിയുമായ നെല്ലിയും ഹാരിയും അപ്രകാരം ചെയ്യണമെന്നു് നോബിളിനും ആഗ്രഹമുണ്ടായിരുന്നു.

അവൻ നെല്ലിയോടു പറഞ്ഞു. 'ഇനിയും അധികം കളിക്കുവാൻ പോകേണ്ട, അമ്മയെ സഹായിക്കുക' എന്നു്.

ഇതു നെല്ലിക്കു് ഇഷ്ടമില്ലാത്ത ഒരു കാര്യമാണു്. ഹാരിക്കും ഇപ്രകാരമുള്ള ആജ്ഞ കേൾക്കുന്നതു് അത്ര സന്തോഷമല്ലായിരുന്നു. അവർ തമ്മിൽ പിണക്കമായി.

കുട്ടികൾ സ്നേഹമില്ലാതെ ജീവിക്കുന്നതു് അമ്മയ്ക്കു വളരെ സങ്കടത്തിനു വകയുണ്ടാക്കി. നെല്ലിയും ഹാരിയും വേലചെയ്യുന്നതിനുപുറത്തുപോയി. നോബിൾ വീട്ടിലുണ്ടു്. ഒരുദിവസം അവരുടെഅങ്കിൾ വീട്ടിൽവന്നു.

അങ്കിൾ വരുന്നതുകണ്ടുകൊണ്ടു് പമ്പിൽനിന്ന ഹാരിയും നെല്ലിയും നട്ടമുററത്തേക്കു് ഓടിവന്നു. എന്നാൽ നോബിൾ അങ്കിൾ വന്നതു കണ്ടില്ല. നോബിൾ ഹാരിയുടേയും നെല്ലിയുടേയുംനേരെ കോപിച്ചു. 'അമ്മ പറഞ്ഞ ജോലി തീർക്കാതെ നിങ്ങൾ എന്തിനാണു് വീട്ടിൽ വന്നതു്?'

അങ്കിൾ വീട്ടിൽ പ്രവേശിച്ചു് പോക്കററിൽനിന്നും കുറെ മധുരപലഹാരങ്ങൾ എടുത്തു നെല്ലിക്കും ഹാരിക്കും കൊടുത്തു. എന്നിട്ട തൻെറ സഹോദരിയോടായിട്ടു് 'ഇന്നു ഞാൻ നോബിളിനെ കൊണ്ടുപോകുകയാണു്. ഞാൻ കുറെ കോഴികളെ വളർത്തുന്നുണ്ടു്. അവൻ അവയെ നോക്കട്ടെ. സഹോദരിക്കു (കുട്ടികളുടെ അമ്മയ്ക്കു്) വളരെ ബോധിച്ചു. അങ്കിളിൻെറകൂടെ പോകുന്നതിനു നോബിളിനും സന്തോഷമാണു്.

അങ്കിളും നോബിളും യാത്രയായി. വഴിയിൽവച്ചു് അങ്കിൾ ചോദിച്ചു. "ഹെ! ചെറുപ്പക്കാരാ, നീ നിൻെറ അമ്മയെ സഹായിക്കുമായിരുന്നുവോ?"

നോബിൾ ഉത്തരം പറഞ്ഞതു് "കണിശമായിട്ടും നെല്ലിയേയും ഹാരിയേയും വേല ചെയ്യിപ്പിക്കും."

അങ്കിൾ അതിനു മറുപടിയായിട്ടു് "നീ ഒരു അമ്മയാണെന്നും നിനക്കു മൂന്നു മക്കൾ ഉണ്ടെന്നും വിചാരിക്കുക. നിൻെറ മൂത്തമകൻ ഇളയരണ്ടുപേരെ അധികാരത്തോടെ പറഞ്ഞു വേല ചെയ്യിക്കുന്നുവെങ്കിൽ കുട്ടികൾ പിണങ്ങി കുടുംബം തകരുവാൻ നിനക്കു ഇഷ്ടമുണ്ടാകുമോ?"

"യാ... യാ..." സാവധാനത്തിൽ നോബിൾ പറയുവാൻ തുടങ്ങി.

"ഒരിക്കലും അങ്ങനെ നീ ചെയ്യുകയില്ല" എന്നു് അങ്കിൾ അവനുവേണ്ടി പറഞ്ഞുതീർത്തു.

"പ്രിയ കുട്ടീ, നിൻെറ അമ്മ ഇപ്പോൾ വീട്ടിൽ ഉണ്ടല്ലോ. നിങ്ങൾ ഇന്നതു് ചെയ്യണം ഇന്നതു് ചെയ്യരുതു് എന്നു് അവൾ നിങ്ങളോടു കല്പിക്കും. അതുപോലെ നിങ്ങൾ പ്രവൎത്തിക്കണം. ഒരിക്കലും മറന്നുപോകരുതു്. നീ ആദ്യം അനുസരിക്കണം. ഉടനെ ഇളയ കുട്ടികളും നിന്നെ പിന്തുടരുന്നാണു്. മാതാപിതാക്കന്മാരെ ബഹുമാനിക്ക എന്ന കല്പന ഓൎക്കുന്നുണ്ടോ?"

"ഓൎക്കുന്നുണ്ടു്" നോബിൾ മറുപടി പറഞ്ഞു.

"അമ്മയെ ബഹുമാനിക്കുന്നതിനുള്ള ഏകമാർഗ്ഗം അവൾ പറയുന്നതു ശരിയാംവണ്ണം അനുസരിക്കുന്നതാണു്. അല്ലാതെ ഇളയ സഹോദരങ്ങളെക്കൊണ്ടു വേല ചെയ്യിക്കുന്നതിലല്ല. ഇതിനു വിപരീതമായി നീ ശ്രമിക്കുന്നു എങ്കിൽ വീട്ടിൽ കലഹം വർദ്ധിക്കും" എന്നു് അങ്കിൾ അവനു് ആലോചന പറഞ്ഞുകൊടുത്തു.

നോബിളിനു് ആ ആലോചന നന്നാ ബോധിച്ചു. ഒരാഴ്ചകഴിഞ്ഞു നോബിൾ വീട്ടിൽ മടങ്ങിവന്നു് അങ്കിൾ പറഞ്ഞതുപോലെ ജോലി ചെയ്യുകയും ഇളയവരോടു് സ്നേഹമായി സംസാരിക്കുകയും ചെയ്തു. അതിൽപിന്നെ അവർ ജോലിചെയ്യുന്നതിനു് അവൻ ആജ്ഞാപിച്ചിട്ടില്ല. നോബിൾ സന്തോഷത്തോടുകൂടി ജോലിചെയ്തു് ആ കുടുംബത്തെ പരിപാലിച്ചു വന്നു.

## 2. സാലിയും റോബിയും

ഒരു ദിവസം സാലി പറഞ്ഞു "അമ്മേ ഞാൻ എന്റെ വണ്ടിയുമായി കളിക്കാൻ പോകുകയാണ്. വീടിന്റെ മുൻവശത്തുള്ള റോഡിൽ ഞാൻ കളിച്ചുകൊള്ളട്ടെയോ?"

"അതെ സാലീ, വഴിയുടെ അരികിൽ മാത്രം നിനക്കു കളിക്കാം, പട്ടണത്തിലേയ്ക്കു പോകരുത്" അമ്മ പറഞ്ഞു. സാലി ഉത്തരമായിട്ട് "അങ്ങനെ തന്നെ അമ്മേ."

അടുത്ത വീട്ടിലെ റോബി വരുന്നതായി സാലി കണ്ടു. അവന്റെ കയ്യിൽ ഒരു തകരപ്പാത്രം ഉണ്ടായിരുന്നു.

സാലി പറഞ്ഞു "റോബീ, ഇന്നു നീ സന്തോഷമുള്ളവനായിരിക്കുന്നുവല്ലോ. നീ വല്ല പശുവിനേയും കറക്കുവാൻ? പോകുകയാണോ?"

റോബി ചിരിച്ചുകൊണ്ട് "ഞാൻ പശുവിനെ കറക്കുകയോ? ഒരിക്കലും ഇല്ല. എനിക്കു് അറിഞ്ഞുകൂടാ. ഇവിടെ പശുക്കൾ ഒന്നുംതന്നെ ഇല്ലല്ലോ."

സാലി ഉത്തരമായിട്ട് "ഇവിടെ പശു ഇല്ല എന്നെനിക്കറിയാം. പിന്നെ ഈ പാത്രവുമായിട്ട് എവിടെപ്പോകയാണ്."

റോബി അവന്റെ പാത്രംകയ്യിൽ എടുത്തു വീശിക്കൊണ്ട് മുമ്പോട്ടു നീങ്ങി. സാലി അവളുടെ ചെറിയ വണ്ടി ഉരുട്ടിക്കൊണ്ട് വീട്ടിലേക്കും നടന്നു. കുറെ കഴിഞ്ഞു് അവൾ വീടിന്റെ മുൻവശത്ത് ഇരുന്നു. റോബിയും അവളുടെ അടുത്തുവന്നു് ഇരുന്നു.

സാലി പറഞ്ഞു ‚‚നാളെ ഞായറാഴ്ചയാണ്. നീ സൺഡേസ്കൂളിൽ പോകാറുണ്ടോ?''

റോബി അതിനു മറുപടിയായിട്ട് ‚‚എനിക്കു ദൈവത്തെക്കുറിച്ചു പഠിക്കുന്നതിനു ആഗ്രഹമുണ്ട്.'

സാലി പറഞ്ഞു: ‚ഞങ്ങളുടെകൂടെ നിനക്കും നാളെ സൺഡേസ്കൂളിനു വരാമല്ലോ. നിന്റെ അമ്മയുടെ അനുവാദം വാങ്ങിക്കണം.''

‚‚അങ്ങനെതന്നെ'' റോബി പറഞ്ഞു. ‚‚ഞാൻ ഇപ്പോൾത്തന്നെ വീട്ടിൽപോയി അമ്മയോടു ചോദിക്കാം ''

റോബി ചാടി ഓടി വീട്ടിലെത്തി. കുറച്ചുകഴിഞ്ഞു അവരുടെ ടെലഫോൺ മണി അടിക്കുന്നതു സാലി കേട്ടു. അവളുടെ അമ്മ ടെലഫോൺ ‚റിസീവർ കയ്യിലെടുത്തു. ‚‚ഹലോ'' അവൾ പറഞ്ഞു.

‚‚ഹലോ'' ‚‚ഇതു റോബിയുടെ അമ്മയാണ്. എന്റെ മകൻ റോബി പറയുന്നു, അവനു നിങ്ങളുടെ കൂടെ നാളെ സൺഡേസ്കൂളിൽ വരണമെന്നു.'' സാലിയുടെ അമ്മ പറഞ്ഞു:

‚‚കണിശമായും ഞങ്ങൾക്കു അവനെക്കൂടെ സൺഡേസ്ക്കൂളിൽ കൊണ്ടുപോകുന്നതിനു സന്തോഷമാണ്.''

അടുത്തദിവസം ഞായറാഴ്ചയാണ്. സൺഡേസ്കൂളിൽ പോകുന്നതിനു റോബി നേരത്തെ ഹാജരായി.

അവർ സ്കൂളിൽ പ്രവേശിച്ചപ്പോൾ റോബി വളരെ ശാന്തമായി അവിടെ പാടുന്ന പാട്ടുകൾ എല്ലാം കേട്ടുകൊണ്ടിരുന്നു. മററു കുട്ടികളുടെകൂടെ അവനും ഒരു ക്ലാസ്സിൽപോയി ഇരുന്നു. വാദ്ധ്യാർ ഒരു കഥ പറഞ്ഞു. അതു് ഇപ്രകാരമാണ്.

‹വളരെ വർഷങ്ങൾക്ക മുമ്പ് ഏലിയാ എന്ന പ്രവാചകൻ ഒരു വിധവയെ കാണുവാൻ പോയി. ആ വിധവയ്ക്കു് ഒരു ചെറിയ ആൺകുട്ടിയുണ്ടായിരുന്നു. അവക്കു തിന്നുന്നതിനായി കുറെ മാവും അതു് അപ്പമാക്കി ചുട്ടുന്നതിനു് കുറച്ചു എണ്ണയും മാത്രമേ ആ വീട്ടിൽ ഉണ്ടായിരുന്നുള്ളു. അവൾക്കു് മററു് ആദായം ഒന്നുംതന്നെ ഇല്ലായിരുന്നു.

ഏലിയാ ഈ വിധവയോടു പറയുകയാണു്:

‹‹തനിക്കു തിന്നുവാൻ ഒരു അപ്പവും കുടിക്കുവാൻ കുറെ വെള്ളവും കൊണ്ടുവരുവിൻ.''

ആ വിധവ പറഞ്ഞു: ഒരു ചെറിയ അപ്പം ചുടുവാനുള്ള പൊടിമാത്രമെ പാത്രത്തിലുള്ളല്ലോ. അതു് ചുട്ടു് ഞാനും എൻെറ മകനുംകൂടെ തിന്നുന്നതിനായി വിറകു പെറുക്കുകയാണു്. പിന്നെ ഞങ്ങൾക്കു് ഒന്നും കിട്ടാതെ പട്ടിണികിടന്നു മരിക്കുവാൻ പോകയാണു്.

പ്രവാചകനായ ഏലിയാ പറഞ്ഞു: ‹‹നീ പോയി ഒരു ചെറിയ അപ്പം ഉണ്ടാക്കി എനിക്കു തരിക. ദൈവം നിൻെറ ഭരണിയിലെ പൊടി എത്തിക്കുകയില്ല.''

ആ പാവപ്പെട്ട സ്ത്രീ ഏലിയായെ അനുസരിച്ചു. അവൾ അപ്പം ഉണ്ടാക്കി അവനു കൊടുത്തു. പിന്നീടു് അവൾ ഭരണിയിൽ ചെന്നു നോക്കി. ഭരണിയിൽ ധാരാളം പൊടി കിടക്കുന്നതു് അവൾ കണ്ടു. എണ്ണ ഇരുന്ന ഭരണിയിലും അതുപോലെ തന്നെ അവൾ കണ്ടു. വേഗം അവൾ തൻെറ മകനും തനിക്കും അപ്പം ഉണ്ടാക്കി. അടുത്ത ദിവസവും അതിനടുത്ത ദിവസവും രാജ്യത്തിലെ ക്ഷാമം തീരുന്നതുവരെയും അവരുടെ ഭരണിയിലെ മാവു് എത്തിപ്പോയിരുന്നില്ല.

ഓരോ ദിവസവും ആവശ്യമുള്ളതു് ഭരണിയിൽ ലഭിച്ചിരുന്നു. ഓരോ ദിവസവും വിധവയ്ക്കും മകനും തിന്നുവാൻ അവരുടെ ഭരണിയിലെ മാവു് തീർന്നുപോയിട്ടില്ല. അങ്ങനെ ദൈവം അവരെ സംരക്ഷിച്ചു.''

സൺഡേസ്കൂൾ കഴിഞ്ഞു് അവർ വീട്ടിലേക്കു പോകുമ്പോൾ റോബി സാലിയോടു ചോദിച്ചു: ''നമ്മേയും ദൈവം അതുപോലെ സംരക്ഷിക്കുമോ?''

സാലി മറുപടിയായിട്ടു് ''കണിശമായും ദൈവം നമ്മെയും രക്ഷിക്കും, നാം അവനിൽ ആശ്രയിച്ചാൽ.''

''എൻെറ ആയുഷ്ക്കാലം മുഴുവൻ ദൈവത്തിൽ ആശ്രയിക്കുവാൻ പഠിക്കുന്നതിനു് ആഗ്രഹമുണ്ടു്, സൺഡേസ്കൂളിൽ പോകാൻ എനിക്കു് അതിയായ സന്തോഷമുണ്ടു്'' എന്നു് റോബി പറഞ്ഞു.

## 3. ഉഷയുടെ പാഠം

ഉഷ ഒരു നല്ല കുട്ടിയാണു്. സ്കൂളിൽ പോകുവാൻ അവൾക്കു വളരെ താല്പര്യമുണ്ടു്. വാദ്ധ്യാരെ അവൾക്കു നന്നായി ഇഷ്ടപ്പെട്ടു. വാദ്ധ്യാരുടെ പേരു മിസ്സസ് ഈവാൻസ് എന്നാണു്. ക്ലാസ്സിൽ ഉഷയ്ക്കു ധാരാളം ചെറിയ സ്നേഹിതർ ഉണ്ടായിരുന്നു.

ഉഷ „സ്പെല്ലിംഗ്" തെററുകൂടാതെ പറയുന്നതിനും എഴുതുന്നതിനും അതിസമർത്ഥയായിരുന്നു. ഒരു വാക്കു പുതുതായി കണ്ടാൽ കുറെനേരം മനസ്സിൽ നിക്ഷേപിക്കും. പിന്നെ ആ വാക്കു് എഴുതി നോക്കും. ഇപ്രകാരം അവൾ സ്പെല്ലിംഗ് വളരെവേഗത്തിൽ തെററുകൂടാതെ പഠിച്ചു.

എല്ലാ കുട്ടികളും അതുപോലെയല്ല. സ്നേഹിത നാൻസി ചിലപ്പോൾ നല്ല മാർക്ക് സ്പെല്ലിംഗിനു വാങ്ങിച്ചുകൊണ്ടിരുന്നു. നാൻസി ഒരു വാക്കു പല പ്രാവശ്യം പഠിച്ചിട്ടും പരീക്ഷയ്ക്കു ചിലതു മറന്നു പോകും.

ബുധനാഴ്ച അവരുടെ സ്പെല്ലിംഗ് ടെസ്റ്റ് (പരീക്ഷ) ആയിരുന്നു. ഇരുപത്തഞ്ചു വാക്കുകൾ ഉണ്ടു്. നാൻസി ചൊവ്വാഴ്ച വൈകിട്ടു് സ്പെല്ലിംഗ് ബുക്കു കൊണ്ടുപോയി വളരെനേരം പഠിച്ചു. നാൻസിയുടെ അമ്മയും പരീക്ഷയ്ക്കു വാക്കുകൾ ഓർക്കത്തക്കവിധം അവളെ പഠിപ്പിച്ചു.

4645

ബുധനാഴ്ച ടെസ്റ്റ് പേപ്പർ (പരീക്ഷക്കടലാസ്സു്) കയ്യിൽ കിട്ടിയപ്പോൾ നാൻസിക്കു വളരെ സന്തോ

ഷമായി. അവരം രണ്ടു വാക്കുകരം എഴുതാതെ വിട്ടു പോയി. അവരംക്കു കിട്ടിയ മാക്കു 92. ആ ചെറിയ കുട്ടിക്കു് എന്തു സന്തോഷം.

അന്നു് ഉച്ചകഴിഞ്ഞു് ഉഷയുടെ ഗൃഹത്തിൽനാൻസി കളിക്കാൻ പോയി. നാൻസിയുടെ അമ്മയും അവിടെ വന്നു. നാൻസി അമ്മയെ കണ്ടയുടനെ ,,അമ്മേ എനിക്കു 92 മാക്കു് ഇന്നത്തെ സ്പെല്ലിംഗ് ടെസ്റ്റിനു കിട്ടി.''

,,കൊള്ളാം നല്ലതു്'' നാൻസിയുടെ അമ്മ പറഞ്ഞു. പരീക്ഷക്കടലാസ്സു് നാൻസിയുടെ അമ്മ കയ്യിലെടുത്തു നോക്കിയതിനുശേഷം ,,വളരെ നന്നായിട്ടു് എഴുതീട്ടുണ്ടല്ലോ.''

ഉഷയുടെ അമ്മയുടെ പേരു് മിസ്സസ് തോമസ് എന്നാണു് മിസ്സസ് തോമസ് പറഞ്ഞു: ,,നാൻസി നല്ലതായിട്ടു് ശ്രമിച്ചു പഠിച്ചു എന്നു് ഈ കടലാസ്സു് തെളിയിക്കുന്നുണ്ടു്.''

ഉഷ അവരുടെ പുറകിൽനിന്നു് ഈ സംഭാഷണങ്ങരം കേട്ടു. പെട്ടെന്നു് ഉഷ വിളിച്ചു പറഞ്ഞു: ,,അമ്മേ! എനിക്കു 100 മാക്കു കിട്ടി. എൻെറ കടലാസ്സു് ഞാൻ എടുത്തുകൊണ്ടു വരട്ടെ. അതു മുറിയിൽ ഇരിക്കുകയാണു്.''

മിസ്സസ് തോമസിൻെറ മുഖഭാവം ഒന്നു മാറി. തൻെറ സംസാരം ഇഷ്ടമായില്ല എന്നു് ഉഷയ്ക്കു മനസ്സിലായി.

,,നീ കടലാസ്സു് എടുക്കുവാൻ പോകണ്ട. നിങ്ങരം പോയി ഒന്നുകൂടെ കളിക്കണം. അവർ പോയി ഉഷയും നാൻസിയും കുറെനേരംകൂടെ കളിച്ചു. രാത്രി ആയതിനോടുകൂടെ നാൻസിയും അവളുടെ അമ്മയും അവരുടെ വീട്ടിലേക്കു പോയി.

മിസ്സസ് തോമസ് അട്ടക്കളെയിൽ ആഹാരം പാകം ചെയ്യുകയായിരുന്നു. ഉഷ അട്ടക്കളെയിലേയ്ക്കു കയറിച്ചെന്നു. ആരും സംസാരിച്ചില്ല. കുറെ നിമിഷങ്ങൾ കഴിഞ്ഞു് ഉഷയുടെ അമ്മ പറഞ്ഞു: "ഉഷേ! ഇന്നു് എനിക്കു വലിയ ലജ്ജ തോന്നി."

"ലജ്ജയോ, അമ്മെ ഞാൻ എന്തു തെററാണു ചെയ്തതു്?"

"ഉഷേ നീ ചെറുപ്പത്തിലെതന്നെ പഠിക്കേണ്ട ഒരു പാഠമാണു്; നിഗളിക്കരുതു്. ആളുകൾ നിന്നെ ക്കുറിച്ചു വല്ലതും വിചാരിക്കുന്നതിനു് ഇടം കൊടുക്കരുതു്. അപ്രകാരം സ്നേഹിതരെ ഉണ്ടാക്കുകയും വേണ്ട. ഉഷേ! നീ ഒന്നു മനസ്സിലാക്കുക. നിനക്കു നാൻസ്സിയേക്കാൾ കൂടുതൽ മാർക്കു കിട്ടി. എന്നാൽ ഇത്രയും ഉറച്ചു വിളിച്ചുപറയേണ്ടതില്ലായിരുന്നു. നിന്റെ ആ പ്രവൃത്തി ക്രിസ്തീയമായിരുന്നില്ല എന്നു മാത്രമെ ഞാൻ പറയുന്നുള്ളു."

ഉഷ പറഞ്ഞു: "എന്റെ അമ്മേ! ഞാൻ വാസ്തവം പറഞ്ഞതാണു്. നാൻസി അവളുടെ മാക്കു പറഞ്ഞു. അപ്പോൾ ഞാൻ എന്റെ മാക്കും പറഞ്ഞു. അതിൽ എന്താ തെററു്."

"നീ വാസ്തവം പറഞ്ഞു. സത്യം ശരിയായ രീതിയിൽ പ്രയോഗിക്കണം. നിന്റെ മാക്കു് അവിടെവച്ചു പറഞ്ഞതുകൊണ്ടു് നാൻസിക്കു സന്തോഷം ഉണ്ടാകുന്നില്ല. 92 മാക്കു കിട്ടാൻതന്നെ അവൾ എന്തു ശ്രമിച്ചിരിക്കണം! അവൾക്കു് അത്രയും കിട്ടിയതു സന്തോഷമാണു്."

"ഉഷേ, നിനക്കു മനസ്സിലായോ നമ്മുടെ പുകഴ്ത്തിപ്പറച്ചിൽകൊണ്ടു് നമ്മെ മററുള്ളവർ താഴ്ത്തി

ക്കളെയും. ഒന്നും പറയാതെ ഇരിക്കുന്നതായിരുന്നു ന
ല്ലതു്."

"ഉഷേ നിനക്കു 100 മാക്കു കിട്ടി എന്നു പറഞ്ഞ
പ്പോൾ നാൻസിയുടെ അമ്മയ്ക്കും എനിക്കും മനസ്സിലാ
യി കൂടുതൽ മാക്കു കിട്ടിയതിലുള്ള സന്തോഷമല്ല നി
ൻെറതെന്നും, അവളേക്കാൾ സമത്ഥയാണു നീ എന്നമു
ള്ള നിൻെറ നിഗളം ഞങ്ങളെ അറിയിക്കുവാനുള്ള ശ്രമ
മായിരുന്നു അതെന്നും.

"വേദപുസ്തകത്തിൽ യേശു പറഞ്ഞിട്ടുള്ളതു് "ത
ന്നെത്താൻ ഉയത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും എ
ന്നല്ലേ."

"നിൻെറ മാക്കു പറഞ്ഞപ്പോൾ നാൻസിയുടെ
അമ്മ എന്തു പറയുമെന്നു നീ വിചാരിച്ചു. നാൻസി കു
റെനേരം മൗനമായിരുന്നതു നീ സൂക്ഷിച്ചുവോ?"

ഒടുവിലായി ഉഷ പറഞ്ഞു: "അമ്മ പറഞ്ഞതി
ൻെറ അത്ഥം ഇപ്പോൾ എനിക്കു മനസ്സിലായി. എനി
ക്കു് അറിയാൻ പാടില്ലായിരുന്നു. ഇന്നുമുതൽ എൻെറ
സംസാരം ഞാൻ വളരെ സൂക്ഷിക്കുന്നതാണു്."

അമ്മ മറുപടിയായിട്ടു് "അധികം കടന്നുപോക
രുതു് എന്നുമാത്രം."

ഒരു നല്ല പാഠം പഠിച്ചതിൽ ഉഷക്കുതന്നെ സ
ന്തോഷമായി. മിസ്സസ് തോമസും സന്തോഷിച്ചു.

# 4. ആക്കാണ് സജിയുടെ പന്തു കിട്ടിയതു്

„എൻെറ പന്തു് എവിടെ" സജി ഏങ്ങിഏങ്ങി കരഞ്ഞു. „ആരോ എൻെറ പന്തു് എടുത്തതാണ്."

„ഇന്നലെ കളികഴിഞ്ഞു നീ പന്തു് എവിടെയാണ് ഇട്ടതു്." എന്നു് സജിയുടെ അമ്മ ചോദിച്ചു.

„ഞാൻ വരാന്തയിലാണ് ഇട്ടതു്" സജിപറഞ്ഞു.

„നിനക്കു നല്ല നിശ്ചയമുണ്ടോ?" അമ്മചോദിച്ചു.

„അതെ, ഞാൻ അവിടെ ഇട്ടു. ബോബിയും ഞാനും കൂടെ അതുകൊണ്ടു കളിച്ചതാണ്. ഞാൻ വരാന്തയിൽ തന്നെയാണ് ഇട്ടതു്."

„നല്ലതു്" അമ്മ പറഞ്ഞു. „നീ അവിടെ ഇട്ടെങ്കിൽ അവിടെത്തന്നെ കാണുമല്ലോ."

„എന്നാൽ ഇപ്പോഠം അതു് അവിടെ ഇല്ല. ബോബി വന്നു് എടുത്തതാണ്" എന്നു് സജി പറഞ്ഞു.

„അത്ര ധൃതിപ്പെട്ടു പറയരുതു്. നീ എന്തിനാ ബോബിയെ കുററം പറയുന്നതു്."

„കാരണം, എൻെറ പന്തു നല്ലതാണെന്നു് അവൻ എപ്പോഴും പറയും. ഇതുപോലെ ഒരെണ്ണം അവനും കിട്ടിയാൽകൊള്ളാമെന്നു് അവൻ പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു്."

„അതുകൊണ്ടു് അവൻ എടുത്തു എന്നു പറയുവാൻ പാടില്ലാ."

„ഞാൻ വരാന്തയിൽ പന്തു ഇട്ടതു് അവൻ കണ്ടു. അവൻ അതു് എടുത്തതാണ്" സജി പറഞ്ഞു.

“കൊള്ളാം. ആരെയെങ്കിലും കുററം പറയുന്നതിനു മുമ്പ് നീ പന്തു് ഇട്ടിടത്തും അതിൻെറ ചുററുപാടും ഒന്നു പോയി നോക്കണം” അമ്മ ആജ്ഞാപിച്ചു.

“അമ്മേ അവിടെ നോക്കിയിട്ട കാര്യമില്ല, ഞാൻ വരാന്തയിൽതന്നെയാണു് പന്തു് ഇട്ടതു്.”

“ഏതായാലും നീ പോയി നോക്കണം” അമ്മ പറഞ്ഞു.

“അതെ” എന്നു പറഞ്ഞു മനസ്സില്ലാമനസ്സോടെ പോയി. പോകുന്ന വഴിക്കു് അവൻ സ്വയം പറയുന്നു “അവിടെ കാണുകയില്ലാ എന്നു് എനിയ്ക്കറിയാം. ബോബി അതു എടുത്തതാണു്, എനിക്കു നിശ്ചയമായിട്ടും അറിയാം.”

“നീ ബോബിയെ കുററപ്പെടുത്തരുതു്, അവൻ എടുത്തു എന്നതു് നീ കണ്ടില്ല, അറിഞ്ഞില്ല. നീ പോയി നോക്കണം.

സജി പുലമ്പിക്കൊണ്ടു് അവിടെനിന്നുംപോയി. പിന്നെയും വിചാരിക്കുന്നതു് ‘ഇവിടെ അതു നോക്കിയിട്ടു പ്രയോജനമില്ല. ബോബി എടുത്തതാണു്.’ പകുതി മനസ്സോടെ അവിടെയെല്ലാം നോക്കി. അവൻ അതു കണ്ടില്ല. അവൻ തന്നെത്താനെ പിന്നെയും പറഞ്ഞു “ഞാൻ വിചാരിച്ചതുപോലെ അതു് ഇവിടെ ഇല്ല. ബോബി എടുത്തതാണെന്നു് എനിക്കറിയാം.” ഈ വിചാരം മനസ്സിൽ വച്ചുംകൊണ്ടു് സജി വീടിൻെറ പുറകുവശത്തേക്കു വന്നു. വരാന്തയോടു സമീപിച്ചു് കല്പടിയുടെ അടുത്തുള്ള ചെടിയുടെ കീഴിൽ ഒരു ചുവപ്പു കണ്ടു. ചെടിയുടെ കീഴിൽ എന്തായിരിക്കും എന്നു് അവൻ ഓർത്തു. അവൻ വേഗം ആ സ്ഥലത്തേക്കു ചെന്നു. അവൻ അവിടെ എന്തു കണ്ടിരിക്കും? നിങ്ങൾക്കു് ഒന്നു പറയാമോ? അതാ അവൻെറപന്തു്.

സജി അതെടുത്തു വളരെ സൂക്ഷിച്ചു നോക്കി. എന്നിട്ട് അവൻ തല താഴ്ത്തി. അവൻ വീടിൻെറ മുൻവശത്തേക്കു ചെന്നു. അടുക്കളയിൽ നിന്നുകൊണ്ടു് അമ്മ വിളിച്ചു ചോദിച്ചു. ‘‘സജീ നിൻെറ പന്തു കണ്ടുവോ?’’

സജി അടുക്കളയിലേക്കു നടന്നുചെന്നു. കുറെകഴിഞ്ഞു സാവധാനത്തിൽ സംസാരിക്കുവാൻ ആരംഭിച്ചു.

‘‘അതേ അമ്മേ പന്തു കിട്ടി.’’

‘‘എവിടെ കിടന്നു കിട്ടി, ബോബി എടുത്തതാണോ?’’

‘‘അല്ല. പന്തു് കല്പടിയുടെ അടുത്തുള്ള ചെടിയുടെ കീഴിൽ കിടന്നു.’’

‘‘ബോബി പന്തു് എടുത്തു എന്നു പറഞ്ഞു കുററപ്പെടുത്തിയല്ലോ?’’

‘‘ശരിയാ അമ്മേ, എനിക്കു വലിയ സങ്കടമാണ്. അവൻ പന്തു് എടുത്തു എന്നു ഞാൻ പറഞ്ഞു.’’

‘‘സജി നല്ലതു്. ഇതു നിനക്കു് ഒരു പാഠമായിരിക്കട്ടെ. സത്യം അറിയാതെ ആരെങ്കിലും എന്തെങ്കിലും എടുത്തു എന്നു് പറഞ്ഞു് ഒരുത്തരേയും കുററം പറയരുതു്. ഇന്നു പന്തു കണ്ടില്ലായിരുന്നു എങ്കിൽ ബോബി എടുത്തതാണെന്നു് നീവിചാരിക്കുമായിരുന്നു. നിനക്കു് അവനോടുകൂടി കളിക്കുവാനും സാധിക്കുകയില്ലായിരുന്നു. എന്തുതെററായ ഒരു വിശ്വാസമായിരുന്നു നിൻേറതു്. നല്ല സ്നേഹിതന്മാരെ തമ്മിൽ അകററുന്ന ഒരു തെററായ വിശ്വാസം.

‘‘അതെ അമ്മേ, എനിക്കു വലിയ സങ്കടമാണ്. ബോബി എൻെറ സ്നേഹിതനാണ് ഇനിയും ഞങ്ങൾ ഉററസ്നേഹിതന്മാരായിക്കുന്നതാണ് എന്നു സജീ പറഞ്ഞു.

## 5. നെപ്പോളിയനേക്കാൾ വലിയവൻ

ഫ്രഞ്ചുപാളയത്തിൽ ആ രാത്രിയിൽ വലിയ ഒരു സന്തോഷം!

അറിയോറം എന്ന സ്ഥലത്തുണ്ടായ യുദ്ധത്തിൽ സൈന്യം പരിപൂർണ്ണമായി വിജയം നേടി എന്ന സൂചന കണ്ടതിനാൽ എല്ലാവരും സ്വസ്ഥരായിരുന്നു.

എന്നാൽ നെപ്പോളിയൻ അടങ്ങിയിരുന്നില്ല. ആ രാത്രി ചക്രവർത്തിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. തൻെറവാസസ്ഥലത്തുനിന്നു് ഇറങ്ങി നടന്നു. ലക്ഷ്യം ഒന്നുമില്ലാതെ പാളയത്തിൽക്കൂടി നടന്നു.

അവൻെറ യാത്രയിൽ ഒരു കാവൽപ്പടയാളി ഉറങ്ങുന്നതായി കണ്ടു. നെപ്പോളിയനു് ആ കാഴ്ച ഇഷ്ടപ്പെട്ടുമായിരുന്നുവോ? (ജോലിസമയത്തു് ഉറങ്ങുന്ന പട്ടാളക്കാരനെ വെടിവച്ചു കൊല്ലുക എന്നതാണു നിയമം). ചക്രവത്തി സാവസാധത്തിൽ ഉറങ്ങുന്ന പട്ടാളക്കാരൻെറ തോക്കു കരസ്ഥമാക്കി അവൻ നിൽക്കേണ്ട സ്ഥാനത്തു് അവൻ ഉണരുന്നതുവരെ നില്പായി.

ഒന്നു് ആലോചിച്ചു നോക്കുക, അവൻെറ യജമാനൻ അവൻെറ ജോലി നിർവ്വഹിക്കുന്നതു പടയാളി അറിയുമ്പോറം അവൻെറ ഹൃദയം ഏതു രീതിയിലായിരിക്കുമെന്നു്. അവൻ കണ്ണു തുറന്നപ്പോറം കണ്ടതു് ചക്രവർത്തിയെ ആണു്. ഉടനെ അവൻ വിളിച്ചു പറഞ്ഞു: „അയ്യോ, രാജാവേ, ഞാൻ നഷ്ടപ്പെട്ടവനാണു്'' എന്നു് തൻെറ തെററിനെ പരിപൂർണ്ണമായി സമ്മതിച്ചുകൊണ്ടു് അവൻ തലകുനിച്ചു.

‚‚പടയാളീ സമാധാനമായിരിക്ക'' ചക്രവർത്തി അവനെ ആശ്വസിപ്പിച്ചു. ‚‚വലിയ ഒരു യുദ്ധം കഴിഞ്ഞതിനുശേഷം ഉണർന്നിരിക്കുക വളരെ പ്രയാസമേറിയ ഒരു കാര്യമാണ്. ഞാൻ നിൻെറ സ്ഥാനം വഹിച്ചതാണ്. ഇതു പരമരഹസ്യമായി ഞാൻ സൂക്ഷിക്കുന്നതാണ്. എന്നാൽ ഇനിയും നിൻെറ ജോലി സമയത്തു് നീ ഉറങ്ങരുതു്.''

പടയാളിയുടെ ഉറക്കത്തേക്കാൾ ഭയങ്കരങ്ങളായ വളരെയധികം തെററുകൾ നമ്മുടെ ആളുകളിൽ ഉണ്ടു്. അതു് ദൈവത്തിനു് എതിരായി പ്രവർത്തിക്കുന്ന തെററുകൾതന്നെ. നെപ്പോളിയനേക്കാൾ വലിയവനായ മനുഷ്യനുപോലും നമ്മുടെ തെററുകൾക്കു പരിഹാരം നൽകാൻ സാദ്ധ്യമല്ല.

എന്നാൽ പാപിയുടെസ്ഥാനത്തു് ഒരാളെ നിർത്തിയ കാര്യം നാം വേദപുസ്തകത്തിൽ വായിക്കുന്നു. ‚‚ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾതന്നെ നമുക്കുവേണ്ടി മരിച്ചു'' ക്രൂശാരോഹണത്തിനു മുമ്പുതന്നെ ഭൂമിയിൽവച്ചു് താൻ പാപത്തെ മോചിച്ചതായി നാം വായിക്കുന്നു. ഭയങ്കര പാപത്തിനു് കുററപ്പെടുത്തിയ ഒരു സ്ത്രീയെ ജനങ്ങൾ അവൻെറമുമ്പാകെ കൊണ്ടുവന്നു നിർത്തി. അവളെ കല്ലെറിയുന്നതിനു് അനുവാദം ആവശ്യപ്പെട്ടു. അവരിൽ കുററമില്ലാത്തവർ അവളെ കല്ലെറിയട്ടെയെന്നുള്ള യേശുവിൻെറ കല്പനയാൽ ആളുകൾ ഓരോരുത്തരായി അവിടെ നിന്നും മറഞ്ഞുകഴിഞ്ഞു.

യേശു ചോദിക്കുന്നു ‚‚നിന്നെ കുററം വിധിച്ചവർ എവിടെ'' ‚‚ഇവിടെ ആരും ഇല്ല'' എന്നു സ്ത്രീ ഉത്തരം പറഞ്ഞു. ലോകത്തെ പാപങ്ങളിൽനിന്നും രക്ഷി

പ്പാൻ വന്നവൻ പറയുന്നു "ഞാനും നിന്നെ കുററം വിധിക്കുന്നില്ല. പോകുക, ഇനിയും പാപംചെയ്യരുതു്."

പാപം മോചിച്ചു കിട്ടിയ ദൈവപൈതലിന്റെ ഭാരവാഹിത്വവും ഇതുതന്നെയായിരിക്കണം. പോകുക, ഇനിയും പാപം ചെയ്യരുതു്. നെപ്പോളിയൻ പടയാളിയെ അവന്റെ തെററിനെ ബോദ്ധ്യപ്പെടുത്തിയതുപോലെ ക്രിസ്ത്യാനികളായ നാമും നമ്മുടെ തെററിനെ മനസ്സിലാക്കി മേലാൽ അതു് ആവത്തിക്കാതിരിക്കാൻ പാപപരിഹാരകനെവിചാരിച്ചു ധ്യാനിപ്പിൻ.

കത്താവു് അധികമായി സ്നേഹിച്ച ഒരു അപ്പോസ്തലൻ അവന്റെ ലേഖനത്തിൽ "എന്റെ കുഞ്ഞുങ്ങളെ നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു് എഴുതുന്നു." എന്നു പറഞ്ഞിരിക്കുന്നു

എന്നാൽ ദൈവകുഞ്ഞുങ്ങൾ പാപം ചെയ്തു എങ്കിൽ എന്തുവേണം?

അതിനും ഒരു പരിഹാരം യോഹന്നാൻ അപ്പോസ്തലൻ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതു് "ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു് പിതാവിന്റെ അടുക്കലുണ്ടു്. അവൻ നമ്മുടെ പാപങ്ങൾക്കു് പ്രായശ്ചിത്തം ആകുന്നു. നമ്മുടേതിന്നു മാത്രമല്ല, സവ്വലോകത്തിന്റെ പാപത്തിനും തന്നെ." എന്നാണു്.

ഇനിയും നാം പാപം ചെയ്യാതെ ഇരിക്കുന്നതിനു് ക്രിസ്തുവിന്റെ പാപപരിഹാരബലിയേയും വേദഉപദേശത്തേയും ഈ കഥ നമ്മെ ഓർമ്മപ്പെടുത്തുന്നു.

## 6. അനുവാദം ഒന്നാമതു് വാങ്ങിക്കുക

പകൽ മുഴുവനും റോമി തോട്ടത്തിൽ അച്ഛനെ സഹായിക്കുകയായിരുന്നു. വേല കഴിഞ്ഞു് അവൻ അടുക്കളയിൽ പ്രവേശിച്ചതു വളരെ വിശപ്പുള്ളവനായിട്ടായിരുന്നു.

അവൻ ആദ്യം ദർശിച്ചതു് നല്ല പഴുത്ത ഒരു മാങ്ങ ആയിരുന്നു. ‟അമ്മെ! ഞാൻ ഈ മാങ്ങ എടുത്തു കൊള്ളട്ടെയോ" റോമി വിളിച്ചു പറഞ്ഞു.

അതിനു് ഉത്തരം ഒന്നും തന്നെ കേട്ടില്ല. അമ്മ വെളിയിൽ എവിടെയോ പോയിരിക്കുമെന്നു് അവൻ വിചാരിച്ചു. വെളിയിൽ ചെന്നു് അമ്മയോടു് അനുവാദം വാങ്ങുവാൻ റോമി, വളരെ ക്ഷീണമുള്ളവനായതിനാൽ, തുനിഞ്ഞില്ല.

അമ്മ വഴക്കു പറയുകയില്ലാ എന്നു് അവനറിയുമായിരുന്നു. അവനും അവൻെറ സഹോദരി സൂയിനും ആവശ്യമുള്ളപ്പോൾ പഴം എടുത്തു തിന്നുന്നതിനു് അമ്മ അനുവദിച്ചിരുന്നു. റോമി മാങ്ങാ എടുക്കുന്നതിനു് കൈനീട്ടി. അപ്പോൾ ഒരുകാര്യം അവൻ ഓർത്തു. എന്തെങ്കിലും ആവശ്യമുള്ളപ്പോൾ ചോദിക്കണമെന്നു് അമ്മ അവനോടും അവൻെറ സഹോദരി സൂയിനോടും പറഞ്ഞിരുന്നു.

അവൾ എപ്പോഴും പറയാറുള്ളതു് ‟ഒന്നാമതു് അനുവാദം വാങ്ങിക്കുക" എന്നാണു്.

പക്ഷേ ഇതു് അത്ര കാര്യമായി വിചാരിക്കത്തില്ലായിരിക്കാം എന്നു റോമി വീണ്ടും വിചാരിച്ചു. അവൻ

മാങ്ങാ എടുത്തു. ഉടനെ പുറകിലത്തെ കതകു തുറന്നു് സ്യൂ അകത്തു വന്നു.

"അല്ലെ! റോമി മാങ്ങ എടുക്കരുതു്" സ്യൂ വിളിച്ചു പറഞ്ഞു.

"ഞാൻ അതു് എടുക്കും" റോമി പറഞ്ഞു. അവന്റെ പ്രവൃത്തി നല്ലതല്ലെന്നു് അവനു് അറിയാമായിരുന്നു. സ്യൂ അടുത്ത വാക്കു് ഉച്ചരിക്കുന്നതിനു മുൻപു് റോമി അടുക്കളയിൽ നിന്നു വെളിയിൽ പാടി ഓടിക്കഴിഞ്ഞു.

വെളിയിൽ പോയി അവൻ ആ പഴം സ്വസ്ഥമായിരുന്നു തിന്നുന്നതിനു് ഒരു സ്ഥലം അന്വേഷിക്കുകയായിരുന്നു. അവസാനം ഒരു ഊഞ്ഞാലിൽ കയറിയിരിപ്പായി. ഊഞ്ഞാലിൽ ചെല്ലുന്നതിനു മുൻപുതന്നെ മാങ്ങായിക്കിട്ടു് ഒരു നല്ല കടി കടിച്ചു. ആ മാങ്ങ കയിച്ചു., അതിനു തീരെ രുചിയില്ലായിരുന്നു.

റോമി നല്ലവണ്ണം മാങ്ങ സൂക്ഷിച്ചുനോക്കി. അകമെല്ലാം പുണ്ണു പിടിച്ചതായിരുന്നു. അവൻ അതു് തിരിച്ചും മറിച്ചും നോക്കി. അകത്തു് ഒരു പുഴുവിരിക്കുന്നതു കണ്ടു. അതു് ചീത്തയായ മാങ്ങാ ആയിരുന്നു.

റോമി മാങ്ങാ ദൂരെ വലിച്ചെറിഞ്ഞുംവച്ചു് ഗൃഹത്തിലേക്കു് ഓടിപ്പോയി. വായു് കഴുകുന്നതിനു് ഒരു പാത്രം വെള്ളം അവനു് ആവശ്യമായിരുന്നു.

അമ്മ തോട്ടത്തിൽനിന്നു വന്നതേയുള്ളു. റോമി അടുക്കളയിൽ കയറുന്നതു് അവൾ സൂക്ഷിച്ചു. അതുപോലെതന്നെ സ്യൂവും.

"അല്ലെ റോമി, ആ മാങ്ങായെക്കുറിച്ചു് ഞാൻ പറയും" സ്യൂ വിവരിച്ചു.

"എനിക്കറിയാം, ഞാൻ അതത്ര വകവയ്ക്കുന്നില്ല" റോമി തല കുലുക്കി.

ചീത്തയായ മാങ്ങായുടെ അരുചി വായിൽനിന്നു കളയുന്നതിനായി അമ്മ ഒരു ഗ്ലാസ് വെള്ളം കൊടുത്തു. "ആ മാങ്ങ കളയാനായിട്ട് ഇന്നു കാലത്തെ മേശപ്പുറത്തു വച്ചതായിരുന്നു. നീയോ സ്യൂവോ അതു് എടുക്കുമെന്നു് ഞാൻ വിചാരിച്ചില്ല. നിങ്ങൾ രണ്ടുപേരും വല്ലതും എടുക്കുന്നതിനു മുൻപു് ചോദിക്കുമല്ലോ. ഞാൻ നിങ്ങൾക്കു വേണ്ടി നല്ല രണ്ടു മാങ്ങ സൂക്ഷിച്ചു വച്ചിട്ടുണ്ടു്" അവൾ പറഞ്ഞു.

അമ്മ അടുക്കളയിലെ അലമാരിതുറന്നു് രണ്ടു പഴുത്ത മാങ്ങ എടുത്തു് ഒന്നു സ്യൂവിനും മറേറതു റോമിക്കും കൊടുത്തു

റോമി പെട്ടെന്നു് അതു് തിന്നില്ല. അവൻ വിചാരമുള്ളവനായിരുന്നു. എന്നിട്ട് അവൻ അമ്മയെ കുറെ നേരം സൂക്ഷിച്ചുനോക്കി. "ഞാൻ അമ്മയോടു ചോദിച്ചിരുന്നെങ്കിൽ എനിക്കു നല്ലമാങ്ങാ കിട്ടുമായിരുന്നു" അവൻ വളരെ സാവധാനത്തിൽ പറഞ്ഞു.

അമ്മ ചിരിച്ചുംകൊണ്ടു പറഞ്ഞതു് "കണിശമായിട്ടും"

"ഇന്നു മുതൽ ഏതെങ്കിലും എടുക്കുന്നതിനു മുൻപു് ഞാൻ അനുവാദം ചോദിക്കും. "എന്തു ചെയ്യുന്നതിനും മുമ്പു് അനുവാദം വാങ്ങിയിരിക്കണമെന്നു് ഈ ചീത്തയായ മാങ്ങ എന്നെ പഠിപ്പിച്ചു" എന്നു് റോമി തല കുലുക്കി സമ്മതിച്ചു.

## 7. കാതി, രഹസ്യം സൂക്ഷിക്കുന്നു.

തിങ്കളാഴ്ച സന്ധ്യയ്ക്കു് അച്ഛൻ ജോലി കഴിഞ്ഞു വരുമ്പോൾ കാതി, എതിരേല്ക്കാൻ എന്നപോലെ പടിക്കൽ പോയി നിന്നിരുന്നു. അച്ഛൻ മകളെ നന്നായി സൂക്ഷിച്ചുനോക്കി. എന്തോ അച്ഛൻ തന്നോടു പറയുവാൻ പോകയാണെന്നു് അവൾക്കു മനസ്സിലായി. അച്ഛന്റെ കൈയ്ക്കു പിടിച്ചു കൊണ്ടു് കാതി വീട്ടിലേയ്ക്കു നടന്നു.

അദ്ദേഹം ചോദിച്ചു: "ഒരു രഹസ്യം എഴുദിവസം വരെ ആരോടും പറയാതെ ഇരിക്കാമോ?"

എന്തിനെക്കുറിച്ചായിരിക്കും അച്ഛൻ വിചാരിക്കുന്നതു്. അവൾ തല സാവധാനത്തിൽ ഒന്നു കുലുക്കി. കണിശമായിട്ടും കാതിക്കു് രഹസ്യം സൂക്ഷിക്കുവാൻ സാധിക്കും.

അവൻ പറഞ്ഞു: "ഇതു് ഒരു പ്രത്യേക രഹസ്യമാണു് അമ്മയോടുപോലും പറയരുതു്. അമ്മയിൽനിന്നും മറച്ചുവെക്കേണ്ട ഒരു പ്രത്യേക കാര്യമാണു്."

ഈ സമയം കാതി തലകുലുക്കിയില്ല. എന്തായാലും അമ്മയോടു് എങ്ങനെ പറയാതെ ഇരിക്കും?

"ഇതു അമ്മയിൽനിന്നും മറച്ചുവയ്ക്കാവുന്ന ഒരു രഹസ്യമാണോ? അമ്മയ്ക്കു് അതു സന്തോഷമായിരിക്കുമോ എങ്കിലും ഞാൻ അമ്മയിൽനിന്നു് ആ രഹസ്യം ഒളിച്ചുവയ്ക്കും" എന്നു് അവൾ നിരൂപിച്ചു.

അച്ഛൻ പറഞ്ഞു "ആരോടും ഈ കാര്യം പറയരുതു്. എന്നാൽ മാത്രമെ അമ്മയിൽ നിന്നു ഈ രഹസ്യം ഒളിച്ചുവയ്ക്കുവാൻ കഴികയുള്ളു."

‹‹ശരി, ഞാൻ ആരോടും ഈ രഹസ്യം പറയുകയില്ല''

അച്ഛൻ തൻെറ ശബ്ദം മന്ദമായിട്ട് തുടന്നു: ‹‹നമ്മുടെ അമ്മയുടെ അമ്മ മദ്രാസിൽ നിന്നും ഒരാഴ്ച കഴിഞ്ഞു വരുന്നുണ്ട്.''

കാതി അതിനു മറുപടിയായിട്ട ‹‹കൊള്ളാം, നല്ലതു്! അമ്മയ്ക്കു് ഇതു കേൾക്കുന്നതു് വളരെ സന്തോഷമാണു്. അമ്മ ഇന്നലെ എന്നോടു പറഞ്ഞതാണു് ‹വല്യമ്മ മദ്രാസ്സിൽ പോയിട്ട് ഇന്നു് അഞ്ചു വഷമായിഎന്നു്. ഞങ്ങൾക്കു് വല്യമ്മയെ കാണുവാൻ വളരെ ആഗ്രഹമാണു്. നാം ഈ കായ്യം എന്തിനാണു് അമ്മയെ മറയ്ക്കുന്നതു്''

അച്ഛൻ വിസ്തരിച്ചു: ‹‹അമ്മയുടെ ദീനം സുഖമായതിൽപ്പിന്നെ ശരീരം നന്നാ ക്ഷീണിച്ചിരിക്കയാണു്. ഇപ്പോൾ ഈ വാത്ത അമ്മ അറിയുകയാണെങ്കിൽ ഒരുക്കങ്ങൾ ചെയ്യുന്നതിനുവേണ്ട ദേഹം കൊണ്ടു ജോലി ചെയ്യും. അപ്പോൾ വീണ്ടും പഴയ സുഖക്കേടു വരുന്നതായിരിക്കും.''

അവൾ അതു് സമ്മതിച്ചു. അവൾക്കു അച്ഛൻപറഞ്ഞതു മനസ്സിലായി. പിന്നെയും അച്ഛൻ പറയാൻ ആരംഭിച്ചു. ‹‹നീ എന്നെ സഹായിക്കണം വീട്ടിലെ വേല ചെയ്യുവാൻ.''

അച്ഛനും മകളും തമ്മിൽ സംസാരിച്ചുകൊണ്ടു വീട്ടിൽ പ്രവേശിച്ചു. അമ്മ അവരെ ഇരുവരേയും സൂക്ഷിച്ചുനോക്കി ‹‹അപ്പനും മകളുംകൂടെ എന്തുകായ്യമാണു പറയുന്നതു്?''

കാതി അവളുടെ മുഖം തിരിച്ചുകളഞ്ഞു. അച്ഛൻ ഒന്നു ചിരിച്ചു.

„ഞങ്ങൾക്ക് ഒരു രഹസ്യം ഉണ്ടു്'' എന്നു് അച്ഛൻ പറഞ്ഞു.

കാതി ഒന്നും സംസാരിക്കാതെ ഭക്ഷണം കഴിച്ചു. അവളുടെ സഹോദരൻ ഡേവി അവളെ നോക്കിക്കൊണ്ടിരിക്കയായിരുന്നു. ആഹാരം കഴിഞ്ഞയുടനെ ഡേവിയും കാതിയുടെ പുറകെ നടന്നു.

„അച്ഛൻ നിന്നോടു വഴിയിൽ വച്ചു പറഞ്ഞതു് എന്താണു്?''

„ഡേവീ, ദയവുചെയ്തു് എന്നോടു ചോദിക്കരുതു്. അതു് ഒരു രഹസ്യമാണു്.''

ഡേവി ചോദിച്ചു „അതു് എന്നെക്കുറിച്ചാണോ?'

„ഒരിക്കലുമല്ല'' അവൾ പറഞ്ഞു.

„എന്നാൽ എനിക്കു രഹസ്യം അറിയുകയും വേണ്ട'' എന്നു ഡേവി പറഞ്ഞു.

കാതിക്കു സഹോദരൻെറ സ്വഭാവം നല്ലവണ്ണം അറിയാം. അവൻ ഇനിയും ചോദിക്കും. എന്തു ചെയ്യാനാണു്?

രാത്രി, കിടക്ക വിരിച്ചപ്പോൾ കാതിയോടു് അമ്മ „നിന്നെ ഏതൊ ഒരു കാര്യം വിഷമിപ്പിക്കുന്നുണ്ടു്'' എന്നു പറഞ്ഞു.

„ഓ എനിക്കു് വലിയ വിഷമം ഒന്നുമില്ല'' എന്നു പറഞ്ഞുകൊണ്ടു് കാതി അവിടെനിന്നു മാറി. ഒരു കാര്യവും അമ്മയെ അവൾ മറച്ചിട്ടില്ല.

പിറെറദിവസം കാതി സ്കൂളിൽ പോയപ്പോൾ അവിടെയും ഒരു വിഷമം നേരിട്ടു. അവളുടെ സ്നേഹിത വാർഡായോടു് എല്ലാകാര്യവുംഅവൾ പറയുമായിരുന്നു. ആരോടും ഈ രഹസ്യം പറയരുതു് എന്നു് അച്ഛൻ പറഞ്ഞിട്ടുണ്ടു്. ആയതിനാൽ അവൾ അന്നത്തെ ദിവ

സം മൗനമായിരുന്നു. സ്നേഹിത വിചാരിച്ചു, കാതിക്കു് ഏതോ തെററു പററിയിട്ടുണ്ടെന്നു്.

വാർഡാ ചോദിച്ചു "നിനക്കു് എന്നോടു കോപമാണോ?"

കാതി പറഞ്ഞു "ഇല്ല! ഒരിക്കലുമില്ല. എനിക്കു് ഒരു രഹസ്യമുണ്ടു്; ആരോടും പറയുകയില്ല."

"എൻെറ രഹസ്യം നിന്നോടു ഞാൻ പറയുമല്ലൊ" എന്നു വാർഡാ പറഞ്ഞു.

"എന്നാൽ ഇതു് എനിക്കു പറയുവാൻ സാധിക്കുകയില്ല."

"ഇനി ഞാനും ഒരു രഹസ്യവും പറയുകയില്ല" എന്നു കൂട്ടുകാരി ഗർവ്വിച്ചു പറഞ്ഞു.

എന്നിട്ടും അവൾ രഹസ്യം വെളിപ്പെടുത്തിയില്ല. അച്ഛനും മകളും വീട്ടിലെ ജോലി ധൃതിയിൽ ചെയ്യുന്നുണ്ടു്. വല്യമ്മ വരുമ്പോൾ ഉറങ്ങുന്നതിനുള്ള മുറി, കിടക്ക എന്നിവ ഒരുക്കുകയാണു്. അമ്മ അവരെ ഒന്നു നോക്കി. അപ്പോൾ അച്ഛനും മകളും ചിരിക്ക മാത്രമെ ചെയ്യുള്ളു.

അമ്മയിൽ നിന്നു ഈ രഹസ്യം മറച്ചുവച്ചതിൽ കാതിക്കു പ്രയാസമായി. അതുപോലെതന്നെ ഡേവിയുടെയും വാർഡായുടെയും അടുക്കൽ ഈ രഹസ്യം പറഞ്ഞതിൽ അവൾക്കു വിഷമം ഉണ്ടായി.

വല്യമ്മ മദ്രാസിൽനിന്നു വന്നു. ഓരോരുത്തരും വല്യമ്മയെ കെട്ടിപ്പിടിച്ചു ഉമ്മ കൊടുത്തു.

വല്യമ്മ വരുന്നദിവസം അമ്മഅറിഞ്ഞിരുന്നില്ല. കാലേക്കൂട്ടി ഒന്നും ഒരുക്കാൻ സാധിക്കാഞ്ഞതിൽ അമ്മയ്ക്കു് കുറെ വിഷമം ഉണ്ടു്. "വല്യമ്മ വരുമെന്നു ഞാൻ അറിഞ്ഞില്ലല്ലൊ" എന്നു കാതിയുടെ അമ്മ പറഞ്ഞു.

കാതിക്ക് ഇനിയും രഹസ്യം സൂക്ഷിച്ചുവയ്ക്കു വാൻ സാധിച്ചില്ല. "അമ്മ ചെയ്യേണ്ടതായ ജോലി മുഴുവനും ഞാനും അപ്പനുംകൂടെ ചെയ്തുതീർത്തു. 'വല്യമ്മ ഇന്നു വരുമെന്നുള്ളതായിരുന്നു രഹസ്യം' അതു് സൂക്ഷി ച്ചുവെക്കുവാൻ വലിയ പ്രയാസമായിരുന്നു." എന്നു് അവൾ പറഞ്ഞു.

അമ്മ കാതിയെ കെട്ടിപ്പിടിച്ചു. "ആ രഹസ്യം സൂക്ഷിച്ചതു് നല്ലതാണു്–എൻെറ കാതി വളർന്നു വരി കയാണു് രഹസ്യം ശരിയായി സൂക്ഷിക്കാൻ അവൾക്കു സാധിക്കും." സന്തോഷത്തോടെ പറഞ്ഞു.

കാതിക്കു് അന്നു വളരെ സന്തോഷമായി. അവൾ മുറിയിൽ ഓടിച്ചാടി നടന്നു.

## 8. വല്യപ്പച്ചൻെറ പ്രാർത്ഥന

"മമ്മീ, വല്യപ്പച്ചനു് പ്രാത്ഥന എവിടെനിന്നു ലഭിക്കുന്നു?" മേരി ചോദിച്ചു.

"പ്രാത്ഥന കിട്ടുന്നതു്? നീ എന്താണു് പറയുന്ന തു്?" അമ്മ ചോദിച്ചു.

"അതെ അദ്ദേഹം വായിക്കുകയാണോ? അവ പ ദ്യംപോലെയാണോ?" വളരെ കാര്യമായി മേരി ചോ ദിച്ചു.

"അവ ഒരിടത്തുനിന്നും കിട്ടിയതല്ല. അപ്പച്ചൻ ദൈവത്തോടു സംസാരിക്കുകയാണു്" അമ്മ വിസ്തരി ച്ചു പറഞ്ഞു.

‟അതെ'' സംശയത്തോടുകൂടി മേരി ഒരു ശബ്ദമുണ്ടാക്കി. ‟ദൈവത്തെ മമ്മിക്കു കാണാൻ പാടില്ലല്ലോ. പിന്നെ എങ്ങനെയാണു് ദൈവം ശ്രദ്ധിക്കുന്നു എന്നു മമ്മിക്കു് അറിയാവുന്നതു്?''

‟ഹാ! നിനക്കു ധാരാളം ചോദ്യങ്ങളുണ്ടു്'' അമ്മ പറഞ്ഞു.

‟അതിനെക്കുറിച്ചു പറയൂ മമ്മി'' മേരി യാചിച്ചു,

‟പ്രാർത്ഥന എന്താണെന്നാണു് നീ പറയുന്നതു്'' അമ്മ ചോദിച്ചു.

‟ശരി, നമ്മുടെ ആഹാരത്തെ അനുഗ്രഹിക്കുന്നതിനായി ദൈവത്തോടു് അപ്പച്ചൻ യാചിച്ചു. ചില സമയം പള്ളിയിലെ അച്ചൻ ചില ആവശ്യങ്ങൾക്കായി ദൈവത്തിനു് സ്തുതി പറയുന്നു. പ്രാർത്ഥന എന്താണെന്നു് എനിക്കു പറയുവാൻ അസാദ്ധ്യമാണു മമ്മീ'' മേരി പറഞ്ഞു.

‟പ്രാർത്ഥന എന്താണെന്നു് ഓർക്കുന്നതിനു് ഒരു എളുപ്പവഴി ഞാൻ പറഞ്ഞുതരാം. അതു് ദൈവത്തോടു സംസാരിക്കുകയാണു്'' മമ്മി വിസ്തരിച്ചു.

‟എന്തെങ്കിലും ചോദിക്കാമോ?'' മേരിചോദിച്ചു.

‟അതെ, ദൈവത്തോടു നിനക്കു് ആവശ്യമുള്ള എന്തെങ്കിലും ചോദിക്കാം'' മമ്മി ഉത്തരം പറഞ്ഞു.

‟അദ്ദേഹം സ്വർഗ്ഗീയ പിതാവാണല്ലോ?'' മേരി പറഞ്ഞു.

‟അതെ, അദ്ദേഹം സ്വർഗ്ഗീയ പിതാവാണു്. ഏതു തരത്തിലായിരുന്നാലും നിൻെറ പിതാവിനെപ്പോലെ ഒരാളാണു്. എന്നാൽ പിതാവു് നമ്മുടെ വീട്ടിൽ താമസിക്കുന്നതുപോലെയല്ല, ദൈവം എല്ലായിടത്തും ഉണ്ടു്'' മമ്മി പറഞ്ഞു.

„നിൻെറ പിതാവു് ഒരു മനുഷ്യനാണ്. എല്ലാ കാര്യങ്ങളും ചെയ്യുവാൻ അദ്ദേഹത്തിനു് സാധിക്കുക യില്ല. എന്നാൽ ദൈവത്തിനു് എല്ലാം കഴിയും. നിലം നന്നാ ഉണങ്ങിയിരിക്കുമ്പോൾ നാം പ്രാർത്ഥിക്കുന്നു. അപ്പോൾ മഴ പെയ്യുന്നു. നിൻെറ പിതാവിനു് മഴ പെയ്യിക്കുവാൻ സാധിക്കുകയില്ല. ദൈവത്തിനു കഴിയും എന്നു് നമുക്കറിയാം.''

„അപ്പൻ ജോലികഴിഞ്ഞു വരുമ്പോൾ നീ എന്തിനെക്കുറിച്ചാണു് സംസാരിക്കുന്നതു്?'' എന്നു് അമ്മ ചോദിച്ചു.

„ഇന്നുച്ചയ്ക്കുണ്ടായിരുന്ന ധാരാളം കറികളെ സംബന്ധിച്ചും, അമ്മ എന്നോടു പറഞ്ഞ കഥയും ഇന്നലെ ബാബു സൈക്കിളിൽ നിന്നു വീണതും ഞാൻ അപ്പച്ചനോടു പറയും.''

„തിങ്കളാഴ്ച രാത്രി പറഞ്ഞതു് നീ ഓക്കുന്നുണ്ടോ?'' മമ്മി ചോദിച്ചു.

„പ്രദർശനം കാണാൻ പോയ ദിവസമല്ലേ.''

„അതെ'' അമ്മ ഓർമ്മിപ്പിച്ചു.

അപ്പൻ രണ്ടു റിബൺ വാങ്ങിച്ച കാര്യം അവൾ ഓർത്തു.

„ശരി, അപ്പൻ അതു വാങ്ങിച്ചുകൊണ്ടുവന്നയുടനെ നീ എന്തു ചെയ്തു?'' അമ്മ ചോദിച്ചു.

„ഞാൻ അതെടുത്തു. അപ്പനു് ഒരു ഉമ്മ കൊടുത്തതിനുശേഷം അപ്പനെ കെട്ടിപ്പിടിച്ചു'' മേരി പറഞ്ഞു.

„ഇപ്പോൾ, നീയും അപ്പനുമായി പറഞ്ഞ കാര്യം നീ എന്നോടു പറഞ്ഞുവല്ലോ. അതുപോലെതന്നെ നീയും ദൈവവുമായി ഇടപെടാവുന്നതാണു്. നിനക്കു് ഇഷ്ടമുള്ളതെല്ലാം ദൈവത്തോടു ചോദിക്കാം. അവിടു

ന്നു നിനക്കു തരുന്ന എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയാം. നിൻെറ രഹസ്യങ്ങളേയും പ റയാം.''

''നല്ലകാര്യങ്ങളെക്കുറിച്ചു് നീ വിചാരിക്കുമ്പോൾ ത്തന്നെ അദ്ദേഹം നിനക്കു് അതു തരുന്നു. അദ്ദേഹം എത്ര നല്ലവനാണെന്നു് നീ ഓക്കണം'' അമ്മ പറഞ്ഞു.

''എൻെറ സഞ്ചിക്കുവേണ്ടി ദൈവത്തിനു നന്ദി പറയുന്നു. എൻെറ അനുജത്തിക്കും അമ്മച്ചിക്കും അപ്പച്ചനുംവേണ്ടിയും ഞാൻ ദൈവത്തിനു് നന്ദി പറയുന്നു'' മേരി പറഞ്ഞു.

''അതെ, ദൈവം നമുക്കു നൽകുന്ന സൂര്യപ്രകാശത്തിനു നാം എത്രമാത്രം കടപ്പെട്ടവരായിരിക്കണം. അതുപോലെതന്നെ നമുക്കു ലഭിക്കുന്ന ആഹാരത്തിനും സ്നേഹമേറിയ ദൈവത്തിൻെറ കരുതലിനും'' അമ്മ മേരിയെ ഓർമ്മിപ്പിച്ചു.

''നിനക്കു് ഇപ്പോൾ മനസ്സിലായില്ലേ, അപ്പച്ചനു പ്രാത്ഥനയെങ്ങനും ലഭിക്കുന്നതല്ലെന്നും ദൈവത്തോടു് നമ്മുടെ അപ്പച്ചൻ സംസാരിക്കുന്നതാണെന്നും. ദൈവത്തെ കൂടുതലായി അറിയുന്തോറും പ്രയാസമെന്യേ ദൈവവുമായി നമുക്കു് സംസാരിക്കാം. നമ്മുടെ അതിശയകരമായ ഒരു അവകാശമാണു് ദൈവവുമായി സംസാരിക്കാമെന്നതു്. ദൈവവുമായി നാം എപ്പോഴും സംസാരിക്കണമെന്നു് അദ്ദേഹത്തിനു് ആഗ്രഹമുണ്ടു്.''

അമ്മ ഇത്രയും പറഞ്ഞു് കഥ അവസാനിപ്പിച്ചു.

# 9. ലീല ഒരു പാഠം പഠിച്ചു

ആരോ ഒരാൾ വീടിൻെറ മുൻവശത്തുള്ള വരാന്തയിൽ പ്രവേശിച്ച് പ്രസ്സ്ബട്ടൺ അമർത്തി. ഉടനെ ഡോർബെല്ല് ശബ്ദം ഉണ്ടാക്കി. അടുത്ത മുറിയിൽ ലീല ഇരിക്കുന്നുണ്ടായിരുന്നു. അമ്മ താഴെ എങ്ങും ഇല്ല. ആശുപത്രിയിൽനിന്നു വന്ന ബ്രൂസിനെ അമ്മ മുകളിൽ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന കാര്യം ലീലയ്ക്കു നല്ലവണ്ണം അറിയുകയും ചെയ്യാം. എന്നിരുന്നിട്ടും ലീല ഇരിക്കുന്ന സ്ഥലത്തുനിന്നു് ഒന്നു് അനങ്ങുകപോലും ചെയ്തില്ല.

അമ്മ വിളിച്ചു പറഞ്ഞു: "ലിലേ ആരാണ്് വന്നതു് എന്നു നോക്കുക."

സാവധാനത്തിൽ ലീല എഴുന്നേററു. ആരോ ബ്രൂസിനെ കാണുവാൻ വന്നതായിരിക്കും. ജിമ്മി, മനോഹരമായ പടമുള്ള ഒരു പുസ്തകവുമായി വാതിൽക്കൽ നില്ക്കുന്നു.

അവൻ പറഞ്ഞു: "ഇതാ പടമുള്ള പുസ്തകം. ഇതു ബ്രൂസിനാണ്. ഇതു് അവനു് ഇഷ്ടമായിരിക്കും."

ലീല പുസ്തകം ജിമ്മിയുടെ കയ്യിൽനിന്നു വാങ്ങിച്ചതിനുശേഷം ഒരു വാക്കുപോലും ജിമ്മിയോടു പറയാതെ കതകു ബലമായി അടച്ചു. അവൾ കട്ടിലിൽ പോയിരുന്നു പുസ്തകം തുറന്നു. ജിമ്മി ബ്രൂസിനു പുസ്തകം കൊണ്ടുവന്നപ്പോൾ എന്തുകൊണ്ടു് അവൾ ഉടനെ പോയി കതകു തുറന്നില്ല?

ലീല പുസ്തകം തുറന്നുവച്ചു പടം കണ്ടുകൊണ്ടിരിക്കുമ്പോൾ അമ്മ മുകളിലത്തെ നിലയിൽനിന്നു താഴെ വന്നു.

„ആരാണ് ഇവിടെ വന്നതു്'' അമ്മ ചോദിച്ചു.

„ജിമ്മിയായിരുന്നു. അവൻ ഈ പുസ്തകം ബ്രൂസിനു കൊടുക്കാൻ വന്നതായിരുന്നു.'' അവൾ ഉത്തരം പറഞ്ഞു.

„ഞാൻ മുകളിലോട്ടു് പോകുമ്പോൾ ആ പുസ്തകം അവനു കൊടുക്കാം. ഒരു കഷണം അപ്പവും കുറെ പാലും അവനുവേണ്ടി എടുക്കുന്നതിനാണു് ഞാൻ വന്നതു്'' അടുക്കളയിലേയ്ക്കു പ്രവേശിച്ചുകൊണ്ടു് അമ്മ പറഞ്ഞു.

ലീലയുംകൂടി അടുക്കളയിൽ പോയി. അമ്മ പാലും മററും ബ്രൂസിനുവേണ്ടി എടുക്കുന്നതു് അവൾ സൂക്ഷിച്ചു.

„എനിക്കു് ഒന്നും തരുകയില്ലേ'' അവൾ ചോദിച്ചു.

„ഇല്ല. കാലത്തെ നീ ആഹാരം കഴിച്ചില്ലേ. ബ്രൂസ് ഇപ്പോൾ ഉണർന്നതേയുള്ളല്ലോ, അവൻെറ തൊണ്ട ഓപ്പറേഷൻ ചെയ്തതിനാൽ കട്ടിയുള്ള ആഹാരം കഴിക്കുന്നതിനു വലിയ പ്രയാസമാണു്.'' അമ്മ വിസ്തരിച്ചു പറഞ്ഞു.

ലീല അലമാരയിലിരിക്കുന്ന നാരങ്ങാനീരു് ചൂണ്ടിക്കാണിച്ചുകൊണ്ടു് „അതു് എനിക്കാണോ? എന്നു് ചോദിച്ചു.

„അല്ല അതും ബ്രൂസിനാണു്.''

ലീല തിരികെ അവളിരുന്ന മുറിയിലേക്കു പോയി. ഒരുത്തരും ഒന്നും ലീലയ്ക്കുവേണ്ടി ചെയ്തില്ല, എല്ലാം ബ്രൂസിനുവേണ്ടി.

കുറച്ചുകഴിഞ്ഞു് അവൾ മുകളിൽ പോയി. അവൾ തുടൻ്റു: „അമ്മേ എനിക്കു് സുഖക്കേടു് ആണെന്നാണു് തോന്നുന്നതു്. വലിയ ക്ഷീണവും ഉണ്ടു്.''

അമ്മ ബ്രൂസിനെ അല്പനേരം തനിയെ വിട്ടേച്ച് ലീലയുടെ അടുക്കൽ വന്ന് ‚‚എന്താണ് കുഴപ്പം'' എന്ന് ചോദിച്ചു.

‚‚എനിക്കു തോന്നുന്നത്, എൻെറ തൊണ്ടയ്ക്ക്...'' ലീല പറഞ്ഞു. അമ്മ അവളുടെ തൊണ്ട നല്ലപോലെ പരിശോധിച്ചതിനുശേഷം അവളെ അടുത്തുണ്ടായിരുന്ന കിടക്കയിൽ കിടത്തി.

‚‚അസൂയ എന്ന ദീനമാണ് നിൻേറതു് എന്ന് എനിക്കു തോന്നുന്നു. ഉറങ്ങാനുള്ള സമയം ആയി. ഇപ്പോൾ നിനക്ക് ഉറങ്ങാം. ഇനിയും ഉണരുമ്പോൾ ഈ സുഖക്കേട് പോയില്ലെങ്കിൽ ഈ കിടക്കയിൽത്തന്നെ കിടന്നുകൊള്ളണം.''

‚‚അസൂയദീനമെന്നുവച്ചാലെന്താണ്? അതെന്നെ നന്നാ ഉപദ്രവിക്കുമോ?'' എന്നു ലീല പരിഭ്രമജനകമായി ചോദിച്ചു.

ദൈവം നിന്നിൽനിന്ന് ആ സുഖക്കേടിനെ മാററിയില്ലായെങ്കിൽ നീ വളരുന്തോറും അതു് വല്ലാത്ത ഒരു സുഖക്കേടായിത്തീരുന്നതാണ്. നിൻേറതല്ലാത്ത സാധനം മററുള്ളവരുടെ കയ്യിൽ കാണുമ്പോൾ നിനക്കു വേണമെന്നാഗ്രമുണ്ടാക.''

ലീല ചിരിച്ചുകൊണ്ടു് പറഞ്ഞു: ‚‚അവനെ പുറത്തു കളയുന്നതിന് ആശുപത്രിയിൽ പോകണമോ? എന്നിട്ട് എനിക്കു പാലും റൊട്ടിയും ഒക്കെ തിന്നാമല്ലോ?''

‚‚ലീലേ നീ ചെയ്യേണ്ടതു്, ദൈവത്തോടപേക്ഷിക്കുക. അവിടുന്ന് ഇവിടെവച്ചുതന്നെ അതിനെ നീക്കിക്കളെയും.''

‚‚എന്നാൽ അതു് വെളിയിലെടുത്തു കളയേണ്ട'' എന്നവൾ പറഞ്ഞു.

രണ്ടുമണിക്കുർ കഴിഞ്ഞു് ലീലയുണന്നു. ഇനിയും എഴുനേൽക്കണമോ അതോ ദീനമാണെന്നു നടിച്ചു കിടക്കണമോ? ലീലയ്ക്കു് അമ്മയെ നോക്കുവാൻ അല്പം ലജ്ജയുമുണ്ടു്. കതകിലെ ബെൽശബ്ദം ഉണ്ടാക്കി. ഈ സമയം അമ്മ അതിനുത്തരം നൽകി. അമ്മ താഴെ വരുന്ന പ്രകാരം പറയുന്നതായി ലീല കേട്ടു: "എനിക്കു് നിശ്ചയമില്ല. അവളുറങ്ങാൻ പോകുന്നതിനുമുമ്പു് സുഖമില്ല. എന്നു പറഞ്ഞിരുന്നു. നിന്റെകൂടെ അവളെ ക്കൂടെ കൊണ്ടുപോകാമോ?"

ലീലയ്ക്കു സുഖക്കേടു് ആയിക്കിടക്കുവാനിഷ്ടമില്ലായിരുന്നു. അവൾ വിളിച്ചു ചോദിച്ചു "അതാരാണു്? ഞാൻ ഉണർന്നുകഴിഞ്ഞു. എനിക്കു സുഖക്കേടു് ഒന്നുമില്ലാ."

അതു് വലിയവീട്ടിലെ അന്നാമ്മയാണു്. അവരും കുട്ടികളുംകൂടി കടൽപ്പുറത്തു പോകുന്നുണ്ടു്. അവരുടെ കൂടെ പോകുന്നതിനു് നിനക്കു് നല്ല സുഖമുണ്ടോ."

"കണിശമായും. ഒരു മിനിററിനുള്ളിൽ തയ്യാറായിക്കഴിഞ്ഞു" എന്നു പറഞ്ഞു് ലീല കട്ടിലിൽനിന്നു ചാടി എഴുന്നേററു.

തന്റെ ഹൃദയത്തിൽ, ബ്രൂസിനു കൊടുക്കുന്ന ആഹാരത്തെ സംബന്ധിച്ചു് അസൂയ ഉണ്ടായതു തെററിപ്പോയി എന്നവൾ മനസ്താപപ്പെട്ടു. കുറെനേരം ബ്രൂസിന്റെ മുറിയിൽ നിന്നു.

"നിനക്കു് സുഖമില്ല. ഞങ്ങളുടെകൂടെ നിനക്കു വരാൻ കഴിയുകയില്ല. സുഖമാകുമ്പോൾ നമുക്കു് എല്ലാവർക്കുംകൂടെ ഇനിയും കടൽപ്പുറത്തു പോകാം" എന്നു് ലീല ബ്രൂസിനെ ആശ്വാസപ്പെടുത്തി. അസൂയ എന്ന ദീനം അവളിൽനിന്നും എടുത്തുകളയുവാൻ ദൈവത്തോടു പറയുവാൻ അവൾ തീർച്ചയാക്കി. അതുമല്ല, അവൾ

ലജ്ജിതയായ കാര്യം അമ്മയോടു പറയുവാൻ തീരുമാനിച്ചു. അതിൽപ്പിന്നെ അന്യരുടെ ഒരു സാധനവും അവൾ ആഗ്രഹിച്ചിരുന്നില്ല. വേറെ വിചാരിക്കാവുന്ന അനവധി നല്ലകാര്യങ്ങൾ ഉണ്ടല്ലോ. തന്നെപ്പോലെ അയൽവാസികളെ സ്നേഹിക്കുന്നതിനും ലീല പാഠം പഠിച്ചു.

## 10. ചെറിയ പടം മാത്രം മോഷ്ടിക്കപ്പെട്ടു.

മേരി സന്തോഷമുള്ള ഒരു കുട്ടിയായിരുന്നു. അവൾ എല്ലാവരേയും സ്നേഹിച്ചിരുന്നു. അവളുടെ അമ്മ നല്ല ഒരു സ്ത്രീയായിരുന്നു. സത്യമാർഗ്ഗത്തിൽ അവളെ വളത്തിവന്നു.

മേരിക്ക് എട്ടു വയസ്സു മാത്രമെ ആയിട്ടുള്ളുവെങ്കിലും അവൾക്ക് കള്ളം പറയുന്നവരോടും മോഷ്ടിക്കുന്നവരോടും വെറുപ്പായിരുന്നു. അവളുടെ വക അല്ലാത്തവയെ അവൾ തൊടുകപോലും ചെയ്തിരുന്നില്ല.

മേരിക്ക് സഹോദരങ്ങളായി ആരും തന്നെ ഇല്ലായിരുന്നു. എന്നാൽ അവളുടെ അത്രയും പ്രായമായ ജാക്ക് എന്നു പേരോടുകൂടി അയൽവാസിയായ ഒരു കുട്ടിയുണ്ടായിരുന്നു. അവർ ഇരുവരും സഹോദരങ്ങളെപ്പോലെ ജീവിച്ചു.

ഒരു ദിവസം മേരി സ്കൂളിൽനിന്നു് വളരെ സങ്കടഭാവമുള്ളവളായി വരാൻ ഇടയായി. അമ്മ വീടിൻെറ മുൻവശത്തുള്ള ഗയിററിൽവച്ചു് മേരിയെ കണ്ടു. അമ്മയ്ക്കു് മേരിയുടെ മുഖഭാവം മനസ്സിലായി അവളോടു ചോദിച്ചു. „നിന്നെ ഇന്നു് എന്താണു് വിഷമിപ്പിച്ചതു്.''

കണ്ണുനീർ ഒഴുക്കിക്കൊണ്ടു് മേരി മറുപടിപറഞ്ഞു: „അമ്മേ അതു ജാക്കിനെപ്പററിയാണു്.''

„ജാക്കിനു എന്തു സംഭവിച്ചു. അവനു വല്ല സുഖക്കേടുമാണോ?'

„അല്ല, അവൻെറ ശരീരത്തിലല്ലാ. എന്നാൽ അവൻ എന്നോടു പറഞ്ഞു, ആരോടും പറയരുതെ എന്നു'' രണ്ടു കണ്ണും നിറഞ്ഞവളായിട്ടു്. അമ്മ മകളുടെ കണ്ണുനീർ തുടച്ചു മകളെ മടിയിലിരുത്തി. „ഇനിയും അമ്മയോട്ടു് എല്ലാം പറയുക. പെൺകുട്ടികൾ അവരുടെ അമ്മമാരോടു പറയാത്ത ഒരു കാര്യവും ഇല്ലല്ലോ?''

„എൻെറ അമ്മേ അതു തന്നെയാണു് ഞാൻ ജാക്കിനോടു് പറഞ്ഞതു്. അമ്മയോടു് ഞാൻ പറയും എന്നു പറഞ്ഞപ്പോൾ അവനു ദേഷ്യം വന്നു. ഒരിക്കലും അവൻെറകൂടെ സ്കൂളിൽ എന്നെ കൊണ്ടുപോകുകയില്ല'' എന്നു പറഞ്ഞു.

കണ്ണുനീർ ധാരധാരയായി അവളുടെ കണ്ണിൽനിന്നു് ഒഴുകാൻ തുടങ്ങി. അമ്മ ആ കണ്ണുനീർ എല്ലാം തുടച്ചുകൊണ്ടിരുന്നു. മേരി കഥമുഴുവൻ അമ്മയെ പറഞ്ഞു കേൾപ്പിച്ചു.

സ്കൂളിൽനിന്നു വീട്ടിലേയ്ക്കു വരുന്നവഴി ജാക്കും മേരിയുംകൂടെ „വെറയിററിസ്റ്റോറിൽ''കയറി. കടയിൽനിന്നു് അവർ വെളിയിൽ വന്നപ്പോൾ ജാക്കിൻെറ

കയ്യിൽ നല്ല ഒരു പുതിയ പെൻസിൽ ഇരിക്കുന്നതു് അവൾ കണ്ടു.

മേരി പറഞ്ഞു: "ജാക്കെ നീ ആ പെൻസിൽ വാ! ങ്ങടിക്കുന്നതു ഞാൻ കണ്ടില്ലല്ലോ?"

ജാക്കിൻെറ മുഖം ചുവന്നു. അവൻ തുടൻു:" ഞാൻ അതു വാങ്ങിച്ചതല്ലാ. വിൽക്കാൻ നിരത്തിവച്ചിരുന്ന സ്ഥലത്തുനിന്നു് ആരുംകാണാതെ ഞാൻ എടുത്തതാണു്. ധാരാളം ആളുകൾ കൂട്ടംകൂട്ടമായി അവിടെ നിൽപ്പുണ്ടായിരുന്നു. ആരും ശരതു കണ്ടുകാണുകയില്ല. ഒരു പെൻസിലിനുവേണ്ടി നാലണ കളയുന്നതു് എത്ര ഭോഷത്വമാണു്. അടുത്ത പ്രാവശ്യം ഞാൻ നിനക്കും ഒരെണ്ണം എടുത്തുതരാം. അതിൻെറ വില നമുക്കു മുട്ടായിയോ മറേറാ വാങ്ങി തിന്നുന്നതിനു് ഉപയോഗിക്കാം." ആ ചെറിയ ശബ്ദം വിളിച്ചു പറഞ്ഞു. "ജാക്കു്! ജാക്കു്! അതു മോഷ്ടിക്കുകയായിരുന്നു."

"ഓ! അതു് സാരമില്ല. ശമുവേൽചേട്ടൻ വലിയ ധനവാനാണു്. അയാൾ ഒന്നും അറിയാൻ പോകുന്നില്ലാ. ആരോടും നീ പറയരുതു്. നാളെ ഞാൻ നിനക്കു മുട്ടായി വാങ്ങിത്തരാം."

"നീ എനിക്കു് മുട്ടായി വാങ്ങിത്തരണ്ടാ. നീ അങ്ങനെ കൊണ്ടുവരുന്നു എങ്കിൽ അതിൽ ഞാൻ തൊടുകപോലും ഇല്ലാ. അതുമോഷ്ടിച്ചതാണോ അല്ലയോ എന്നു് എനിക്കു് എങ്ങനെ അറിയാൻ സാധിക്കും. വേഗം ഓടുക, പെൻസിൽ തിരികെ കൊണ്ടുപോകുക!"

"പോപെണ്ണേ ഞാൻ ഇനിയും അതു് തിരികെ വെക്കാൻ പോകുന്നില്ലാ. ഇനി നീയുമായി ഒന്നിനും കൂട്ടില്ല. ആരോടെങ്കിലും ഈ കാര്യം പറഞ്ഞുപോയാൽ ഞാൻ നല്ലതു തരും, സൂക്ഷിച്ചോ."

മകൾ ഈ കഥ പറയുന്നതു കേട്ടപ്പോൾ അമ്മ ദീർഘമായി നിശ്വസിക്കുകയായിരുന്നു. കഥ പറഞ്ഞു തീന്നപ്പോൾ അമ്മ പറഞ്ഞു: "എന്റെ മകൾ സത്യം പറയുന്നതുകൊണ്ട് എനിക്ക് വളരെ സന്തോഷമുണ്ട്. നിന്റേതല്ലാത്ത ഒരു സാധനവും നീ തൊട്ടുകപോലും ചെയ്യുകയില്ലാ എന്നു് എനിക്കറിയാം. നീ അതിനെക്കുറിച്ച് വിചാരപ്പെടേണ്ടാ. എന്നോട്ട് ഈകാര്യം പറഞ്ഞു എന്നുള്ളതു് ജാക്ക് അറികയില്ല മോളെ. എന്നാൽ അവൻ മോഷ്ടിച്ചതു് തെററാണ് എന്നുള്ളതു് ഞാൻ അവനെ ഒരവസരത്തിൽ മനസ്സിലാക്കും."

ജാക്ക് ഒരു നല്ല കുട്ടിയായിരുന്നു. ഏതോ ചീത്ത കുട്ടികൾ അവനെ ചീത്ത വഴികൾ പഠിപ്പിച്ചതായിരിക്കണം എന്നു മേരിയുടെ അമ്മയ്ക്കു മനസ്സിലായി.

മേരിയുടെ അമ്മ സൺണ്ടേസ്കൂളിൽ പഠിപ്പിക്കുന്ന ഒരു കുട്ടിയാണു് ജാക്ക്. ജാക്കിനെ ഈ വിഷയത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനുതന്നെ ശക്തയാക്കണമെന്നു അവൾ ദൈവത്തോട്ട് പ്രാത്ഥിച്ചു. അപ്പോൾ ഒരു കഥ അവൾ ഓത്തു, അവൾ കുട്ടിയായിരുന്നപ്പോൾ അവളുടെ വാദ്ധ്യാർ പറഞ്ഞ ഒരു കഥ. ദൈവം അവളുടെ പ്രാത്ഥനകേട്ടു എന്നു് അപ്പോൾ അവൾക്കു മനസ്സിലായി. "ഈ കഥ ഞാൻ അടുത്ത ആഴ്ച ക്ലാസ്സിൽ പറയുന്നതായിരിക്കും അപ്പോൾ ജാക്ക് അതുകേൾക്കും. അതു പക്ഷെ അവനെ സഹായിച്ചേക്കും" എന്നവൾ സമാധാനപ്പെട്ടു.

അടുത്തയാഴ്ച പ്രാത്ഥനയോടുകൂടി അവൾ ക്ലാസ്സിൽ പ്രവേശിച്ചു. ക്ലാസ്സിൽ ഉള്ള എല്ലാ കുട്ടികളേയും അവൾ നന്നാ സ്നേഹിച്ചു. ആ ദിവസത്തേക്കുള്ള പാഠം "നിങ്ങൾ മോഷ്ടിക്കരുതു്" എന്നുള്ളതായിരുന്നു.

അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു: എന്റെ വിദ്യാർത്ഥികളിൽ ആരും കള്ളന്മാരായിത്തീരാൻ ഇഷ്ടം കാണുകയില്ല. ഇന്നു്, സത്താൻ ചില കുട്ടികളെ അവന്റെ സ്നേഹിതന്മാരാക്കിയ ഒരു കഥ ഞാൻ പറയാൻ പോകുകയാണു്.

"ഒരിക്കൽ ഇരുപത്തി ഒന്നു വയസ്സുപ്രായം വരുന്ന ഒരു യുവാവിനെ തൂക്കാൻ വിധിച്ചു. അവൻ ഒരാളെ കൊന്നതിന്റെ ശിക്ഷയായിട്ടാണു് ഇതു സംഭവിച്ചതു്. അവന്റെ അമ്മയുടെ ഹൃദയം നന്നാ തകൎന്നുപോയി. അവന്റെ പിതാവും സങ്കടംകൊണ്ടു കിടക്കയിൽ തന്നെ കിടക്കുകയാണു്. കൊലമരത്തിന്റെ ചുവട്ടിൽ അവനെ കൊണ്ടുവന്നപ്പോൾ അധികാരികൾ, നിനക്കു വല്ലതും പറയാനുണ്ടെങ്കിൽ പറയാം എന്നു് ആജ്ഞ നൽകി."

അവൻ പറഞ്ഞു: "പറയുവാനുണ്ടു്" താഴെപ്പറയുന്നവ അവൻ പറഞ്ഞതാണു്.

"ഞാൻ ഒരു കൊച്ചുകുട്ടിയായിരുന്നപ്പോൾ, കള്ളം പറയുകയോ മോഷ്ടിക്കുകയോ ഒരുത്തരേയും ചീത്ത പറയുകയോ ചെയ്യരുതു് എന്നു് എന്റെ അമ്മ എന്നെ പഠിപ്പിച്ചു. ഞാൻ നല്ലവനായിത്തീരണമെന്നു് അവൾ ആഗ്രഹിച്ചു."

എന്നാൽ ഒരു ദിവസം അമ്മ കാണാതെ ഒരു ചെറിയ പടം എടുത്തു കുട്ടികൾക്കു് കൊണ്ടുപോയി കൊടുത്തു. പിറേറദിവസം കാലണ(¼ണ) അമ്മ അറിയാതെ എടുത്തു കുട്ടികൾ ഒന്നിച്ചു് മുട്ടായി വാങ്ങിത്തിന്നു. പിന്നീടു് ഞാൻ നാലണ, എട്ടണ, ഒരു രൂപാ എന്നിങ്ങനെ അമ്മയെ മോഷ്ടിച്ചു തുടങ്ങി. ഞാൻ ഒരു കള്ളനായിത്തീൎന്നു. അന്നു ഞാൻ ആ സ്വഭാവം വിട്ടിരുന്നെങ്കിൽ ഇന്നു ഞാൻ ഒരു കൊലപാതകനായിത്തീരുകയില്ലായിരുന്നു. ഞാൻ ഒരു നല്ല കുടുംബത്തിൽ ജനിച്ചു.

എൻെറ പിതാവിനെപ്പോലെ ഞാൻ സത്യവാനായി ത്തീരാമായിരുന്നു എൻേറതല്ലാത്ത സ ധനങ്ങ ൾ കുറേശ്ശെ ഞാൻ എടുത്തു; ചിലപ്പോൾ കടകളിൽ നിന്നും,മററു ചിലപ്പോൾ തോട്ടത്തിൽ നിന്നും. അന്നു് ആരും എന്നെ പിടികൂടിയില്ലാ. ഇപ്രകാരം എൻെറാ സ്വഭാവം വളൎന്നു് ഒരു അർദ്ധരാത്രി സമയം; ഞാൻ മുഖം മൂടി ധരിച്ചു് നല്ല വേഷധാരിയായ ഒരു മനുഷ്യ ൻെറനേരെ തോക്കു നീട്ടി. ഞാൻ ഇപ്പോൾ വലിയ ഒരു കള്ളനായി. ആദ്യമായി ഞാൻ തോക്കു നീട്ടിയതാ ണു്. അദ്ദേഹത്തെ കൊല്ലാൻ ഞാൻ നീട്ടിയതല്ലാ. എ ൻെറ ഹൃദയത്തിൽ അവനെ കൊല്ലണമെന്നില്ലായിരു ന്നു ഞാൻ പറഞ്ഞതുപോലെ ആ മനുഷ്യൻ നിന്നടത്തു നില്ക്കാതെ എൻെറ നേരെ അടുക്കുന്നതുകണ്ടു് ഞാൻ പരിഭ്രമിച്ചു വെടിവെച്ചുപോയി. ഞാൻ ഇതാ കൊല യാളി. കാരണം,ഞാൻ ചെറുപ്പമായിരുന്നപ്പോൾ ആദ്യം എൻെറവകയല്ലാത്ത ഒരു ചെറിയ പഴം ഞാൻ മോഷ്ടി ച്ചു.

ഈ സംഭവം കഴിഞ്ഞയുടനെ എനിക്കു കാൎയ്യം മന സ്സിലായി. ഞാൻ ഓടാൻ ശ്രമിച്ചില്ലാ. ഉടനെ തന്നെ ഞാൻ പോലീസ്സ്റ്റേഷനിൽവന്നു് ഹാജരാകുകയാ ണു് ചെയ്തതു്.

"ദയവുചെയ്തു് ഈ കഥ അച്ചടിച്ചു് പ്രസിദ്ധപ്പെ ടുത്തുക. എല്ലാ കുട്ടികളും അതു് അറിയട്ടെ. എൻേറത ല്ലാത്ത സാധനം ഞാൻ എടുത്തു. ഒരു കൊലപാതകനാ യിത്തീൎന്നു. എന്നെപ്പോലാകാതിരിപ്പാൻ, പരീക്ഷിക്ക പ്പെടുന്ന ചെറിയ കുട്ടികൾക്കു്, ഇതു് ഒരു പാഠമായി രിക്കും.

സണ്ടേസ്കൂളിലുള്ള എല്ലാ കുട്ടികളും ഈ കഥ നല്ല വണ്ണം ശ്രദ്ധിച്ചു. ആ ദിവസം ജാക്കു് വീട്ടിൽചെന്നു്

അവൻെറ അമ്മയോടു പറഞ്ഞു: ‚‚ഞാൻ മേരിയുടെ അമ്മയെ സ്നേഹിക്കുന്നു.''

അമ്മ ചോദിച്ചു: ‚‚എന്താ കാരണം.''

ജാക്ക് പറഞ്ഞു ‚‚നല്ല കഥകൾ ഞങ്ങളെ പറഞ്ഞു കേൾപ്പിച്ചു''

ജാക്ക് പെൻസിൽ മോഷ്ടിച്ച കാര്യം മേരിയുടെ അമ്മ അറിഞ്ഞു എന്നു ജാക്ക് മനസ്സിലാക്കിയില്ല. പിന്നീട് എപ്പോഴെങ്കിലും വല്ലവരുടേയും സാധനങ്ങൾ എടുക്കുവാൻ പരീക്ഷ വരുമ്പോൾ മേരിയുടെ അമ്മ പറഞ്ഞ കഥ ജാക്കു് ഓർക്കും. അതിൽപ്പിന്നെ ജാക്ക് മോഷ്ടിച്ചിട്ടില്ല.

## 11. ആലീസ് ദയയെക്കുറിച്ചു പഠിക്കുന്നു.

കുട്ടികൾ അവരവരുടെ വണ്ടികളുമായി റോഡിൽ കളിക്കുകയാണ്. ബററി അവരെ നോക്കിക്കൊണ്ടു നില്ക്കുന്നു. ബററിക്കു് നാലു വയസ്സു പ്രായം ഉണ്ടു്. മററു കുട്ടികളെപ്പോലെ ഓടുവാൻ അവൾക്കു സാധിക്കുന്നില്ല.

സെൻ വിളിച്ചു പറഞ്ഞു: "ബററീ വഴിയിൽനിന്നു മാറുക. അല്ലെങ്കിൽ വണ്ടി നിൻെറ ദേഹത്തു മുട്ടും." ജീനും വിളിച്ചു പറഞ്ഞു: "ബററിവഴിയിൽ നിന്നു മാറുക."

ആലീസ് അവിടെ വന്നു "വരുക ബററി, എൻെറ വണ്ടി ഞാൻ നിനക്കു തരാം" എന്നു ചിരിച്ചുകൊണ്ടു് പറഞ്ഞു. ബററി ആലീസിൻെറ വണ്ടിയിൽ കയറി. ആലീസ് വണ്ടി ഓടിച്ചുകൊണ്ടുപോയി.

ആലീസിൻെറ അമ്മ വീട്ടിൽ ജനലിൽകൂടെ നോക്കിനിൽക്കുകയായിരുന്നു. ഉച്ചയ്ക്കു് ആലീസ് ഭക്ഷണം കഴിക്കുവാൻ വന്നപ്പോൾ അമ്മ അവളോടു് പറഞ്ഞു. "ചെറിയ ബററിയെ നിൻെറ വണ്ടിയിൽ കയററിയതു് എനിക്കു വളരെ സന്തോഷമാണ്. മററുള്ളവരോടു ദയയായി പെരുമാറുന്നതിനു നീ ഓർത്തിരിക്കണം."

"ബററിയെ എൻെറ വണ്ടിയിൽ കയററിയതു് ഒരു നേരംപോക്കിനു മാത്രമായിരുന്നു. ഇനിയും ഞാൻ

ഇതുപോലെയുള്ള പ്രവൃത്തി ചെയ്യുമ്പോൾ ഒരു തമാശാ യി വിചാരിക്കാതെ ദയ ചെയ്തതായി കരുതും. അമ്മ പറ ഞ്ഞുതന്ന ഈ ഗുണദോഷം എന്നും ഞാൻ ഓർക്കും'' ആലീസ് പറഞ്ഞു.

അമ്മ ഒന്നു ചിരിച്ചു. ''നാം എന്തെങ്കിലും നന്മ പ്രവൃത്തിചെയ്യുമ്പോൾ എല്ലാവർക്കുംസന്തോഷമാണ്.''

വേദപുസ്തകം പറയുന്നതു്:-

''നിങ്ങൾ തമ്മിൽ തമ്മിൽ ദയയുള്ളവരായിരി പ്പിൻ'' എന്നാണ്.

# Love is Kind

Jesus, help me to be kind,
To do what is my duty,
And let me see it not as work
But filled with heaven's beauty.

Jesus, teach me how to love,
And let me see love's beauty,
For only then will be kind
For thy sake–not for duty.

## 12. ലീനായുടെ ആശ്ചര്യം

ബ്രൂസും അവൻെറ സഹോദരി ലീനായുംകൂടി പുറകിലത്തെ മുററത്തിരുന്നു കളിക്കുകയായിരുന്നു. അവരുടെ അമ്മ അതിവേഗം അവിടേക്ക് കടന്നുവന്നു പറഞ്ഞു: „വല്യമ്മ നിങ്ങളെ വിളിക്കുന്നു. നിങ്ങൾക്ക് എന്തോ തരാമെന്നു വല്യമ്മ പറഞ്ഞു.''

„അതു് എന്താണെന്നു നോക്കാൻ നമുക്കു പോകാം'' എന്നു ലീനാ പറഞ്ഞു.

ഒന്നു രണ്ടു പറമ്പു കടന്നു് അതിവേഗം വല്യമ്മ താമസിക്കുന്ന സ്ഥലത്തേയ്ക്കു് അവർ ചെന്നു അവക്കു് എന്താണു വല്യമ്മ വച്ചിരിക്കുന്നതു് എന്നാണു് അവർ അതിശയിക്കുന്നതു്. അവരുടെ പട്ടി ററിക്കോയും അവരുടെകൂടെയുണ്ടായിരുന്നു. അവർ മൂന്നുപേരുംകൂടെ ഓടി അവിടെ എത്തി. വല്യമ്മ അവർക്കു് രണ്ടു പൊതി കൊടുത്തു ഒന്നു ലീനായിക്കും മറേറതു ബ്രൂസിനുമായിരുന്നു. ആ പൊതി തുറന്നുനോക്കിയപ്പോൾ അവക്കു് വളരെ ആശ്ചര്യമായി.

„നോക്കുക, ബ്രൂസ് എൻെറ പൊതിയിൽ ചാടിക്കളിക്കുന്നതിനുള്ള ഒരു കയറാണു്'' എന്നു ലീനാ പറഞ്ഞു.

„എൻേറതു് ഫുട്ബോൾ'' എന്നു ബ്രൂസും പറഞ്ഞു. വല്യമ്മയോടു് അവർ ഇരുവരും സ്നേഹാദരങ്ങൾ കാണിച്ചു. ലീനാ കയറുകൊണ്ടു് കളി ആരംഭിച്ചു. അവളുടെ പഴയ കയറു പൊട്ടിപ്പോയതിനാൽ പുതിയതു കിട്ടിയതിൽ അവൾക്കു് വളരെ സന്തോഷമായി. വല്യമ്മയുടെ വീടിൻെറ മുററം വളരെ ചെറുതായിരുന്ന

തിനാൽ ബ്രൂസ് അവിടെയുള്ള വിശാലസ്ഥലത്തു കളിക്കുവാൻ പോയി. വല്യമ്മയുടെ വീടിനടുത്തു ജെസ്സി എന്ന ഒരു കുട്ടിയുണ്ടെന്നും ബ്രൂസും ലീനായും അവരുടെ വീട്ടിലേക്കു മടങ്ങുന്നതിനു മുൻപ് ജെസ്സിയെ ഒന്നു കാണണമെന്നും വല്യമ്മ പറഞ്ഞിരുന്നു. ലീനായ്ക്കു് ഈ പെൺകുട്ടിയെ കാണുന്നതിന് സന്തോഷമുണ്ടായിരുന്നു.

കുറേക്കഴിഞ്ഞു് ലീനാ അവളുടെ കയറു കൈപ്പടിയിൽ വച്ചതിനുശേഷം ബ്രൂസിൻെറകൂടെ പന്തു കളിക്കുവാൻ പോയി. ബ്രൂസും ലീനായും കുറേനേരം പന്തുകളിച്ചതിനുശേഷം വല്യമ്മ പറഞ്ഞ ജെസ്സിയെ ഒന്നു കണ്ടതിനുശേഷം വീട്ടിലേക്കു മടങ്ങുന്നതിനു് അവർ നിശ്ചയിച്ചു.

ജെസ്സിയുടെ വീട്ടിൽ അവരിരുവരും എത്തി. അപ്പോൾ അവർ കണ്ടതു് ജെസ്സി ഒരു പുതിയ കയറുമായി കളിക്കുന്നതാണു്. ലീനാ ജെസ്സിയെ ഒന്നു നോക്കി. ഉടനെതന്നെ വല്യമ്മയുടെ കൈപ്പടിയിലും നോക്കി ചാടിക്കളിക്കുന്നതിനുള്ള അവളുടെ കയറു് വല്യമ്മയുടെ കൈപ്പടയിൽ കണ്ടില്ല.

ബ്രൂസും ലീനായുംകൂടെ ജെസ്സിയുടെ അടുത്തു ചെന്നു. "നീ എന്തിനാണു് എൻെറ കയറു് എടുത്തതു്?" ബ്രൂസും അവളുടെകൂടെ കൂടി ചോദിച്ചു. "നീ ഒന്നു ചോദിക്കുകപോലും ചെയ്തില്ലല്ലോ?" ജെസ്സിയുടെ കയർ തട്ടിക്കൊണ്ടു് അവർ ഇരുവരും വല്യമ്മയുടെ വീട്ടിലേക്കു് അതിവേഗം ഓടി. അവളുടെ കയർ അവർ എടുത്തു കൊണ്ടുപോയതിനാൽ അവൾ പകച്ചു നിന്നു വളരെ നേരം കരഞ്ഞു. ലീനായിക്കു് സങ്കടവും കോപവും കരയുവാനും ഭാവമുണ്ടായിരുന്നു. അവർ വല്യമ്മയുടെ വീ

ട്ടിൽ പ്രവേശിച്ചു. അവിടെ മേശപ്പുറത്ത് ഒരു കളിക്കു ന്ന കയറ് അവർ കണ്ടു.

"അയ്യോ വല്യമ്മേ ഇതെൻെറ കയറാണോ?" ലീനാ വിളിച്ചു ചോദിച്ചു.

"അതെ, ററിക്കോ (നായ്) അതു കടിച്ചുകളയു ന്നതു കണ്ടു് ഞാൻ അതു് എടുത്തു മേശപ്പുറത്തു കൊണ്ടു വച്ചതാണ്."

ലീനാ ബ്രൂസിനെ നോക്കി. ബ്രൂസ് ലീനായെയും നോക്കി. അവർ രണ്ടുപേരുംകൂടെ വല്യമ്മയെ നോക്കി. ലീനാ പറഞ്ഞു:"ഞങ്ങൾ വിചാരിച്ചതു് ഇതു് എൻെറ കയറാണെന്നാണ്. അതിനാൽ ഞങ്ങൾ അവളുടെ കയറ് ഇങ്ങു കൊണ്ടുവന്നു."

വല്യമ്മ പറഞ്ഞു: "ജെസ്സിക്കു കളിക്കുന്നതിനു് ഒന്നുമില്ലാത്തതിനാൽ നിൻെറ കയറുപോലെ ഒരെണ്ണം ഞാൻ വാങ്ങിച്ചുകൊടുത്തതാണ്. അവളെ നിങ്ങൾ ശല്യപ്പെടുത്തിയതു് എന്തിനാണ്?" അവർ രണ്ടുപേരും തല കുനിച്ചു. "ഇനിയും നാം എന്താണ് ചെയ്യേണ്ടതു്."

വല്യമ്മ അവരെ കുറെനേരം നോക്കിയതിനുശേഷം പറഞ്ഞു. "നിങ്ങൾ അവളുടെ കയറു കൊണ്ടുകൊടുക്കണം. എന്നിട്ട് നിങ്ങൾ ചെയ്തതു് തെററാണെന്നു അതിനാൽ ക്ഷമിക്കണമെന്നും പറയണം. ഒരാളെ കുററപ്പെടുത്തുവാൻ പ്രയാസമില്ല. എന്നാൽ നാം തെററുചെയ്തു എന്നു പറയുവാൻ പ്രയാസമാണ്. ഇതിൽ നിന്നെ സഹായിക്കുന്നതിനു് ദൈവത്തോടു് അപേക്ഷിക്കുക. അവിടുന്നു് എല്ലാം നിഷ്പ്രയാസം സാധിച്ചുതരും."

ജെസ്സിയുടെ വീട്ടിലേക്കു് അവർ പോകുമ്പോൾ ലീനായും ബ്രൂസും രഹസ്യമായി മന്ത്രിച്ചു. "ദൈവമെ,

ഞങ്ങൾ കഠിനമായി പെരുമാറിയതിനു ഞങ്ങളോടു ക്ഷമിക്കണമെ ജെസ്സി ഞങ്ങളുടെ പ്രിയ കൂട്ടുകാരിയായിരിക്കുന്നതിനു ഞങ്ങളെ അങ്ങു സഹായിക്കണമെ ''

കുറെ നിമിഷങ്ങൾക്കുള്ളിൽ അവർ വല്യമ്മയുടെ അടുത്ത് ഓടി വന്നു. ലീനാ പറഞ്ഞു: ‚‚വല്യമ്മേ ജെസ്സി നല്ല ഒരു കുട്ടിയാണ്. അവൾ ഞങ്ങളോടു കോപിച്ചതേയില്ല.''

വല്യമ്മ ബ്രൂസിനേയും ലീനായേയും കെട്ടിപ്പിടിച്ച് ഓരോ ചുംബനം കൊടുത്തു. എന്നിട്ടു പറഞ്ഞു: ‚‚ക്ഷമിക്കുന്നതിനു് നിങ്ങൾ എപ്പോഴും ഓർത്തുകൊള്ളണം. ചാടിക്കളിക്കുന്നതിനുള്ള കയറു് ജെസ്സി എടുത്തിരുന്നെങ്കിൽ അവരോടു ക്ഷമിച്ച് അവളുടെ സ്നേഹിതന്മാരായിരിക്കുമായിരുന്നുവോ?''

അവരുടെ വീട്ടിലേയ്ക്കു് അവർ നടന്നുപോകുമ്പോൾ ബ്രൂസും ലീനായുംകൂടെ പറയുകയാണ് എത്ര പെട്ടെന്നാണു നാം തെറ്റുചെയ്യുന്നതു്. അതു പോലെ തന്നെ എത്ര പെട്ടെന്നാണ്, നമ്മെ സ്നേഹിക്കുന്നതിൽ ദൈവത്തിനു മനസ്സാകുന്നതും നമ്മുടെ തെറ്റുകളെ ക്ഷമിക്കുന്നതും. ജെസ്സിയെപ്പോലെ ക്ഷമിക്കുന്നതിൻെറ പ്രാധാന്യത്തെ അവർ അന്നുമുതൽ മനസ്സിലാക്കി.

# 13. കരയിൽ ഒരു കപ്പൽ.

„ഗ്രാനി' ഞാൻ എന്തുചെയ്യണം? മഴ വളരെ കഠിനമാണ്. ഒരു കഥ പറയാമോ?" ജിം ചോദിച്ചു.

„കൊള്ളാം' ഏതുതരത്തിലുള്ള കഥയാണ്?"

„വേദപുസ്തകത്തിലുള്ള മറെറാരു കഥ."

„നല്ല കഥ. മഴയെക്കുറിച്ചുള്ള ഒരു കഥയാണ്." വല്ല്യമ്മ അവളുടെ കസേരയിൽ നേരെ ഇരുന്നു. എന്നിട്ട് കഥ ആരംഭിച്ചു.

„വളരെ വഷങ്ങൾക്കമുൻപു് ഭൂമിയിലുണ്ടായിരുന്ന ആളുകൾ എല്ലാവരും പാപം ചെയ്തതിനാൽ ദൈവത്തിനു കോപം വന്നു. അവരെ എല്ലാവരേയും കൊല്ലുവാൻ തീച്ച്യാക്കി. ചില നല്ല ആളുകളോട് ഈ നാശത്തിനായി ഒരുങ്ങിക്കൊൾവാൻ ദൈവം ആജ്ഞാപിച്ചു. വലിയ ഒരു കപ്പൽ പണിയുവാൻ ദൈവം തൻെറ ദാസനോടു പറഞ്ഞു മനുഷ്യരെ ജലപ്രളയം കൊണ്ടു് നശിപ്പിക്കുവാൻ ദൈവം ഉദ്ദേശിച്ചിട്ടുണ്ടു്."

„നോഹയുടെ കായ്യമാണോ അമ്മച്ചി പറയുന്നതു്" കഴിഞ്ഞ ഞായറാഴ്ച സൺഡേസ്കൂളിൽ ജലപ്രളയത്തെപ്പററി പഠിച്ചു. എനിക്കു് ആ കഥ വളരെ ഇഷ്ടമാണ്. അതു വീണ്ടും വീണ്ടും കേൾക്കുന്നതിനു് താല്പര്യമുണ്ടു്. എന്നു ജീം പറഞ്ഞു

വല്യമ്മ തുടന്നു „അങ്ങനെയാ! നോഹ ഒരു ദൈവദാസനായിരുന്നു. ദൈവത്തിനു നോഹയെ രക്ഷിക്കണമെന്നുണ്ടായിരുന്നു അവനു് രക്ഷവേണമെങ്കിൽ ചില

കാര്യങ്ങൾ അവൻ ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. ദൈവം കല്പിച്ചപ്രകാരം വലിയ ഒരു കപ്പൽ പണിയണം.''

''ഒരു ജലപ്രളയം ഉണ്ടാകുമെന്ന് നോഹ വിശ്വസിച്ചിരുന്നുഎന്ന് അമ്മച്ചി വിചാരിക്കുന്നുവോ'' ജിം ചോദിച്ചു.

'' അതെ. ആ കപ്പൽ പണിയുന്നതിന്ന് വളരെ പ്രയാസം അവൻ എടുത്തു. അവൻെറ എല്ലാ ജോലിയേക്കാളും കാര്യമായി അതിനെ അവൻ നോക്കി. ഈ പ്രവൃത്തി മററുള്ളവക്ക് ഒരു ഭോഷത്വമായി തോന്നി. അവർ എല്ലാവരും അവനെ കളിയാക്കി. അവൻ ഈ കപ്പൽ ഉണ്ടാക്കുന്നതു് എന്തിനാണെന്ന് ജനങ്ങളോടു വിവരിക്കുമ്പോൾ അവർ കൂട്ടതലായി 'ജലപ്രളയം ഭൂമിയെ നശിപ്പിക്കുവാൻ പോകുന്നുപോലും' എന്നു പറഞ്ഞു കളിയാക്കും. ഇതിനുമുൻപു് ഇങ്ങനെ സംഭവിച്ചിട്ടില്ല. കപ്പൽ പണിപൂത്തിയാകുന്നതുവരെ നോഹ അവൻെറ വേല തുടൎന്നു.

വല്യമ്മ തുടൎന്നു: ''പെട്ടകത്തിൽ നോഹ ആഹാരം സംഭരിച്ചു. മൃഗങ്ങൾ, പക്ഷികൾ അവ ഈരണ്ടായിട്ടു് പെട്ടകത്തിൽ കയറുന്നതിനെ നോഹ നോക്കിക്കൊണ്ടുനിന്നു. അവൻ ദൈവത്തിൽ വിശ്വസിച്ചു. ഒരു ദിവസം നോഹയോടു് പെട്ടകത്തിൽ കയറുവാൻ സമയമായി എന്നു പറഞ്ഞു. അങ്ങനെ നോഹ അനുസരിച്ചു.

ജിം പറഞ്ഞു: ''നോക്കണേ. നോഹ മഠയനാണെന്നായിരിക്കും ജനങ്ങൾ ഇപ്പോഴും വിശ്വസിക്കുന്നതു്.''

''ഉണങ്ങിയ കരയിൽവച്ചു് കപ്പലിൽ ആളുകൾ കയറുന്നതു് ആളുകൾക്കു് ഒരതിശയമായിരിക്കും. അവർ എല്ലാം പെട്ടകത്തിൽ കയറിയ ഉടനെ മഴ പെയ്യുവാൻ തുടങ്ങി.'' ഭയങ്കരമായ മഴ'' വല്യമ്മ പറഞ്ഞു.

"നോഹ ഭാഗ്യമുള്ളവനായിരുന്നു." ജിം പറഞ്ഞു.

"അല്ലാ നോഹയെ ദൈവം അനുഗ്രഹിച്ചു. കാരണം ദൈവത്തെ അനുസരിച്ചതിനാൽ..." വല്യമ്മ വിവരിച്ചു.

പെട്ടകത്തിനു പുറത്തുള്ള സകല മൃഗങ്ങളും ജനങ്ങളും മരിച്ചു. എന്നാൽ പെട്ടകത്തിന് അകത്തുള്ള നോഹയും നോഹയുടെ ഭാര്യയും അവരുടെ മൂന്നു പുത്രന്മാരും പുത്രന്മാരുടെ ഭാര്യമാരും മററു ജീവികളും ജീവിച്ചു. ദൈവം അവയെ കരുതി. ദൈവത്തെ അവർ അനുസരിച്ചു.

"ഗ്രാനീ, കഥയുടെ നിഴലായ ഭാഗത്തെക്കുറിച്ച് എന്തു പറയുന്നു."

"ജിം! നാം ആ ഭാഗത്തേക്കു വരുകയാണ്. ആദം പാപം ചെയ്തതിനാൽ പാപം ലോകത്തിൽ കടന്നു. കാരണം ദൈവം പറഞ്ഞതു് ആദം കേട്ടില്ല. ഒരു സമയത്തു ദൈവം അതു മുഴുവനായിട്ടും ക്ഷമിക്കും, ഈ പാപം നിറഞ്ഞ ഭൂമിതന്നെ അവൻ ശുദ്ധീകരിക്കും. ദൈവം പറയുന്നതുപോലെ പ്രവർത്തിക്കാത്തവരെ ശിക്ഷിക്കാൻ പോകയാണ്. അതു് ഭയങ്കര ശിക്ഷയായിരിക്കും. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് യേശുവിനോടുകൂടി മനോഹരമായ ജീവിതം ഇനിയും ഉണ്ടാകും." വല്യമ്മ വിസ്തരിച്ചു പറഞ്ഞുകേൾപ്പിച്ചു.

"അതുപോലെ നാമും ദൈവത്തിൻെറ വചനത്തിൽ വിശ്വസിക്കുകയും അനുസരിക്കുകയും വേണം. ദൈവം നോഹയോടു് ഒരു പെട്ടകം പണിയാൻ പറഞ്ഞു. ഭാവിയിൽ അതവർക്കു രക്ഷയായിരിക്കും എന്നുകല്പിച്ചു. ദൈവം നമ്മോടു നമ്മുടെ ശരീരത്തെ ശുദ്ധമായി പണിയുവാൻ ആജ്ഞാപിക്കുന്നു. അതുപോലെ ചെയ്താൽ

നാം സുരക്ഷിതരായിത്തീരുന്നതാണു്. ദൈവികപട്ടങ്ങൾ പാലിച്ചാൽ നാം നാശത്തിൽനിന്നു് ഒഴിവാകുന്നതാണു്. നോഹയെ രക്ഷിച്ച ദൈവം നമ്മേയും രക്ഷിക്കും. പാപത്തിൽനിന്നു രക്ഷപെടുവാൻ യേശുവിൻെറ നാമമല്ലാതെ വേറെ ഒരു നാമവും ഇല്ല. നോഹയെപ്പോലെ നാം വിശ്വസിക്കുന്നു എങ്കിൽ പ്രവത്തിക്ക. യേശുവിനെ നാം സ്നേഹിക്കുന്നു എന്നു മററുള്ളവരെയും നാം കാണിക്കണം.

"ഈ നല്ല കഥ പറഞ്ഞതിനാൽ എനിക്കു വളരെ സന്തോഷമായി. നോക്കുക, മഴ നിന്നു." ജിം പറഞ്ഞു കൊണ്ടു വെളിയിലേക്കു് ഓടിപ്പോയി.

# 14. ആൽബർട്ട് മരിക്കുമായിരുന്നു

ആൽബർട്ട് മാതാപിതാക്കന്മാരോടുകൂടെ ഒരു ഗ്രാമത്തിൽ താമസിച്ചു. അവനു സഹോദരന്മാരോ സഹോദരിമാരോ ഇല്ലായിരുന്നു. എന്നാൽ 'ററിപ്പി' എന്നു പേരുള്ള ഒരു പട്ടി അവനുണ്ടായിരുന്നു. അവർ എപ്പോഴും ഒന്നിച്ചുകളിച്ചുവന്നു. ആൽബർട്ട് പോകുന്നിടത്തൊക്കെയും ററിപ്പിയും പോകും.

ഒരിക്കൽ ആൽബർട്ടിൻെറ മാതാപിതാക്കന്മാർ ഇപ്രകാരം സംസാരിച്ചു: "ആൽബർട്ടിനു കളിക്കുവാൻ ഒരാളെ വേണം. അവൻ തനിയെ ആണ് കളിക്കുന്നതു് അവനു് ഒരു സഹോദരൻ വേണം."

മൂന്നു് ആഴ്ചകഴിഞ്ഞു ജോവേൽ എന്ന കുട്ടി അവനോടുകൂടി കളിക്കുവാൻ വന്നു. അവൻ ഒരു അനാഥക്കുട്ടിയായിരുന്നു. അവർ ഉറങ്ങുന്നതുതന്നെ ഒന്നിച്ചായിരുന്നു. അവർ ഒത്തൊരുമിച്ചു കളിച്ചു. ഒത്തൊരുമിച്ചു ഭക്ഷണം കഴിച്ചു. ഒരു കാര്യം മാത്രം അവർ ഒന്നിച്ചു ചെയ്തിരുന്നില്ല. ആൽബർട്ട് യേശുവിനെ സ്നേഹിച്ചിരുന്നു അവൻ എല്ലാ ദിവസവും വേദപുസ്തകം വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ജോവേൽ അപ്രകാരം ചെയ്തിരുന്നില്ല. ജോവേൽ ആൽബർട്ടിനെ ഈ കാര്യത്തിനു കളിയാക്കുക പതിവാണ്. "വലിയ ഒരു ഭക്തൻ." ആൽബർട്ട് അത്ര കാര്യമായി വിചാരിച്ചില്ല ഈ പറച്ചിൽ. ആൽബർട്ട് ഒരു നല്ല കുട്ടിയായിത്തന്നെ വളർന്നുവന്നു. സൗകര്യമുള്ളപ്പോൾ ആൽബർട്ട് യേശുവിനെക്കുറിച്ചു് ജോവേലിനോടു പറയുക പതിവാണ്.

ഒരു ദിവസം രാവിലെ അവർ രണ്ടുപേരുംകൂടി ററിപ്പിയോടൊന്നിച്ചു നദിയിൽ മീൻ പിടിക്കുന്നതിനായിപ്പോയി. വഴിയിൽ ററിപ്പി ആൽബർട്ടിൻെറ

കൂടെ അടുത്തു നടകകുന്നു. ജോവേലിനു് അതു ഇഷ്ടപ്പെട്ടില്ല. ററിപ്പി ആൽബർട്ടിനെയാണു് സ്നേഹിക്കുന്നതു്. ജോവേലിനെ അത്രത്തോളം സ്നേഹിക്കുന്നില്ല. ററിപ്പിയോടു് ദേഷ്യവും ആൽബർട്ടിനോടു് അസൂയയും ജോവേലിനുണ്ടായി. ജോവേൽ തന്നത്താനെ പുകഴ്ത്തി വഴിമദ്ധ്യേ സംസാരിച്ചു. ഒരു ക്രിസ്ത്യാനിയുടെ സംസാരം ഒന്നുംതന്നെ അവൻെറ വായിൽനിന്നു വന്നിട്ടില്ല.

അവർ എല്ലാവരുംകൂടെ വള്ളത്തിൽ കയറി. അവർ ആഴമുള്ള ഒരു സ്ഥലത്തു എത്തി. ജോവേൽ ആൽബർട്ടിനെ തുഴകൊണ്ടു് അടിച്ചു വെള്ളത്തിൽ ഇട്ടു. നദിയിൽ ഒഴുക്കു കഠിനമായിരുന്നു. ആൽബർട്ടിനു നീന്തു് അറിയാമായിരുന്നു. പക്ഷേ, ആ സ്ഥലത്തു് അവനു് നീന്തിരക്ഷപെടുവാൻ അസാദ്ധ്യമായിരുന്നു. യജമാനൻെറകൂടെ ററിപ്പിയും വെള്ളത്തിൽ ചാടി. ആൽബർട്ടു് കുറെ ഏറെ വെള്ളം കുടിച്ചു.

ആൽബർട്ടിനു് എന്തു സംഭവിക്കുമെന്നുള്ള ഭയം ജോവേലിനെ പിടികൂടി. ആൽബർട്ടു് മുങ്ങിമരിച്ചാൽ പിന്നെ ജോവേലിൻെറ സ്ഥിതി എന്താണു്? ജോവേലാണു് ആൽബർട്ടിനെ അടിച്ചു വെള്ളത്തിലിട്ടതു്. ജോവേൽ ആവേശത്തോടെ ഉറക്കെ വിളിച്ചു പറഞ്ഞു: "ററിപ്പീ! അവനെ രക്ഷിക്കു; ആൽബർട്ടിനെ രക്ഷിക്കു!"

ജോവേൽ ആദ്യമായി പ്രാർത്ഥിച്ചു "പ്രിയ ദൈവമെ, ആൽബർട്ടിൻെറ ജീവനെ രക്ഷിക്കാമെങ്കിൽ യേശുവിനെ എൻെറ രക്ഷിതാവായി സ്വീകരിക്കുന്നതാണു് എൻെറ ശിഷ്ടായുസ്സു മുഴുവനും ദൈവത്തിനായി ചെലവിടുകയും ദൈവത്തെ സേവിക്കുകയും ചെയ്യുന്നതാണു്."

ജോവേൽ കുറച്ചുനേരം അവൻെറ കണ്ണു് അടച്ചു

കൊണ്ടിരുന്നു. അവൻ കണ്ണുതുറന്നപ്പോൾ കണ്ടതു് ററിപ്പി ആൽബർട്ടിനെ നദിയുടെ അരികിലേയ്ക്കു് അടുപ്പിക്കുന്നതാണു്. വള്ളം അതിവേഗം ജോവേൽ അവരുടെ അടുക്കലേക്കു കൊണ്ടുചെന്നു. ജോവേൽ കുനിഞ്ഞു് ആൽബർട്ടിനെ പിടിച്ചു വള്ളത്തിൽ കയററി. മുൻപു് ജോവേൽ അനാഥമന്ദിരത്തിൽവച്ചു പഠിച്ച പ്രഥമ ശുശ്രൂഷ അവൻ പ്രയോഗിച്ചു. ആൾബർട്ടിനു ശ്വാസം വന്നുതുടങ്ങി. ജോവേലിനു് അല്പം ആശ്വാസമായി.

ആൽബർട്ടു് കണ്ണുതുറന്നയുടനെ "ആൽബർട്ടേ, ദൈവം നിന്നെ രക്ഷിച്ചു. നിൻെറ യേശു എൻേറയും യേശുവായിരിക്കണമെന്നു് എനിക്കു് ആഗ്രഹമുണ്ടു്. അതു എപ്രകാരമാണെന്നു് ഒന്നു പറഞ്ഞുതരുമോ? ഞാൻ ശ്രദ്ധിക്കാം" എന്നു ജോവേൽ വിളിച്ചു പറഞ്ഞു.

അവിടെവച്ചുതന്നെ ആൽബർട്ടു് ജോവേലിനോടു് യേശുവിനെക്കുറിച്ചുള്ള മാധുര്യമേറിയ ചെറിയ കഥകൾ പറഞ്ഞു. ജോവേൽ യേശുവിനെ അവൻെറ ഹൃദയാന്തർഭാഗത്തേക്കു ക്ഷണിച്ചു. അന്നുമുതൽ ജോവേൽ ഒരു പുതിയ കുട്ടിയായിത്തീർന്നു. അവൻെറ ജീവിതത്തിലുള്ള വ്യത്യാസം എല്ലാവരും അറിഞ്ഞു. ഇപ്പോൾ ആൽബർട്ടും ജോവേലും കളങ്കമില്ലാത്ത സ്നേഹിതന്മാരാണു്. അവർ ഒന്നിച്ചു് ജീവിച്ചു് മററു കുട്ടികളോടു് യേശുവിനെക്കുറിച്ചു പറയുക പതിവാണു്. ആൽബർട്ടിനെ ററിപ്പി സ്നേഹിക്കുന്നതു കാണുമ്പോൾ ജോവേൽ ഒന്നും പറയുകയൊ നീരസപ്പെടുകയൊ ചെയ്യുന്നില്ല. ജോവേൽ ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായിത്തീർന്നു.

ജോവേൽ പറഞ്ഞു: "ഞാൻ യേശുവിനെ സ്നേഹിക്കുന്നതിനുമുൻപു് ആൽബർട്ടിനോടു് അസൂയ ഉണ്ടായിരുന്നു."

## 15 കൊല്ലുന്ന വല്യമ്മ

ആഫ്രിക്കയിൽ അനേകനാൾ മിഷനറിവേല ചെയ്ത ഒരാൾ പറഞ്ഞ കഥയാണ് താഴെ കൊടുത്തിരിക്കുന്നതു്.

"ഞങ്ങളുടെ വാസസ്ഥലത്തിനടുത്തു് ഒരുചെറിയ കാട്ടുപ്രദേശത്തു താമസിച്ചിരുന്ന കൊല്ലുന്ന വല്യമ്മയാണ് ഞങ്ങളുടെ വലിയ ശത്രു. അവൾ ഞങ്ങൾ താമസിക്കുന്നിടത്തു വരികയില്ല. അവൾ പറയുന്നതു് ഒരു മിഷനറിയും ഞാൻ താമസിക്കുന്ന സ്ഥലത്തു വന്നു പോകരുതു് എന്നാണ്. സുവിശേഷം കേൾക്കുന്നതു് അവൾക്കിഷ്ടമില്ല. എല്ലാ വെള്ളക്കാരെയും അവൾ വെറുത്തു, പ്രത്യേകം മിഷനറിമാരെ. ഗ്രാമക്കാർ അവളെ 'കൊല്ലുന്ന വല്യമ്മ' എന്നാണു വിളിക്കുന്നതു്."

ഞാൻ ഒരിക്കൽ ഇവളുടെ വാസസ്ഥലത്തിനടുത്തുകൂടെ കടന്നുപോയി. ഇവളുടെ കുടിലിനു് അടുക്കാറായപ്പോൾ കുട്ടികളുടെ ഭയങ്കരമായ കരച്ചിൽ കേട്ടു. ഈ കിഴവി രണ്ടു കുഞ്ഞുങ്ങളെ വെള്ളത്തിൽ മുക്കിക്കൊല്ലുവാൻ ഭാവിക്കുന്ന കാഴ്ചയാണ് ഞാൻ ദർശിച്ചതു്. ഈ പ്രവൃത്തിമൂലം, കുട്ടികളുടെ കരച്ചിലിൽ നിന്നും അവരുടെ വിശപ്പിൻെറ വിളിയിൽനിന്നും അകന്നുമാറി സുഖമായി താമസിക്കാമെന്നായിരുന്നു അവളുടെ വിചാരം. കുട്ടികൾ രണ്ടും അവളുടെ മകൻെറ മക്കളാണ്. അവരെ വളത്തുവാൻ അവരുടെ അപ്പനും അമ്മയും ഏല്പിച്ചിട്ടു് അടുത്ത ദിവസം ജോലിക്കായിട്ടു വേറെ ഒരു ഗ്രാമത്തിൽ പോയതാണ്.

"രണ്ടു പൂച്ചക്കുട്ടികളെ മുക്കിക്കൊല്ലുന്നതുപോലെ കൊന്നുകളഞ്ഞാൽ അവരെ വളർത്തുന്ന പ്രയാസം കുറയുമല്ലോ എന്നാണ് അവളുടെ വിചാരം"

ഞാൻ വിളിച്ചുപറഞ്ഞു: "അല്ലെ, വല്യമ്മെ, അവരെ കൊല്ലരുതു്. ഞാൻ അവരെ മിഷ്യൻവീട്ടിലേയ്ക്കു കൊണ്ടുപോയി നല്ല കുട്ടികളായി വളർത്തുന്നതാണ്."

ഞാൻ പറയുന്നതു കേട്ടു് ആ ചെറിയ പെൺകുട്ടികൾ രണ്ടും വല്യമ്മയുടെ കൈയിൽനിന്നും വഴുതി എന്റെ അടുക്കൽ അവരുടെ ജീവനുംകൊണ്ടു് ഓടിവന്നു. വല്യമ്മ പറഞ്ഞു: "കൊള്ളാം നിനക്കു് ഇഷ്ടമുണ്ടെങ്കിൽ അവരെ കൊണ്ടുപോകാം. ഞാൻ അവരെ വളർത്തുന്നതുകൊണ്ടു യാതൊരു ഫലവുമില്ല"

അങ്ങനെ ഞാൻ അവരെ വീട്ടിൽ കൊണ്ടുപോയി. അവർ നല്ല അനുസരണയുള്ള കുട്ടികളായി എല്ലാവരുടേയും സ്നേഹം സമ്പാദിച്ചുവളർന്നുവന്നു. യേശുവിനെക്കുറിച്ചു കേൾക്കുന്നതിനു് അവർക്കു താല്പര്യമായി. അങ്ങനെ അവർ ക്രിസ്തീയ കുട്ടികളായിത്തീർന്നു.

അവർ രണ്ടുവർഷം ഞങ്ങളുടെകൂടെ താമസിച്ചു കഴിഞ്ഞപ്പോൾ വല്യമ്മയ്ക്കു് കുട്ടികളെ ഒന്നു കാണണമെന്നുണ്ടായിരുന്നു. അവരെ ഉപദ്രവിക്കുകയില്ല എന്നു നിശ്ചയം കിട്ടിയതിനുശേഷം അവർ ഒന്നു പോകുവാൻ ഞങ്ങൾ അനുവദിച്ചു.

കുട്ടികളുടെ വളർച്ചയും അവരുടെ വൃത്തിയായ വസ്ത്രധാരണവും മനോഹരമായ അവരുടെ സംഭാഷണവും വല്യമ്മയെ അതിശയിപ്പിച്ചു. വല്യമ്മ ഏതോ ആഹാരം നൽകിയസമയം കുട്ടികൾ അവരുടെ കൈകൾ കൂപ്പി ആദ്യമെ യേശുവിനു സ്തോത്രം ചെയ്തു. അവർ

ഉറങ്ങുവാൻ പോകുന്നതിനുമുമ്പ് രണ്ടുപേരും മുട്ടുകുത്തി പ്രാത്ഥിച്ചു. അവരുടെ പ്രാത്ഥനകൾ വല്യമ്മയെ ആകഷിച്ചു വല്യമ്മ ചോദിച്ചു: "എപ്പോഴും നിങ്ങൾ വിളിക്കുന്ന ഈ യേശു ആരാണ്?"

ഉടനെ അവർ എത്ര അതിശയകരമായ സഹായകനാണ് യേശു എന്നു പറഞ്ഞു. അവൻെറ അടുക്കലേക്കു ചെല്ലുന്നവക്കു ധാരാളം അനുഗ്രഹം നൽകുന്നവനുമാണ്. അവളോടു പറഞ്ഞുകേൾപ്പിച്ച കാര്യാദികളിൽ അവൾക്കു വലിയ താല്പര്യമായി. താഴെക്കാണുന്ന പാട്ട് അവൾ ശ്രദ്ധിച്ചു.

"Jesus I come to Thee
Pity me,
I'm a poor sinner,
Pity me"

ഈ പാട്ട് കുട്ടികൾ പാടുമ്പോൾ ഏതോ വല്യമ്മയുടെ ഹൃദയത്തിൽ തുളച്ചുകയറുന്നതുപോലെ തോന്നി. കുഞ്ഞുങ്ങൾ ഉറങ്ങിക്കിടന്നപ്പോൾ കുട്ടികൾ യേശുവിനെപ്പററി പറഞ്ഞതിനെക്കുറിച്ചു വളരെനേരം ചിന്തിച്ചു. ഇപ്രകാരമുള്ള സഹായത്തിനായി അവൾ കാത്തിരിക്കയായിരുന്നു. തിരിയെ ഈ രണ്ടു കുട്ടികളും മിഷ്യൻ വീട്ടിലേക്കു പോയപ്പോൾ ആരാണ് ഇവരെ യാത്ര അയച്ചതു്? ഈ വല്യമ്മയാണ്. അവരുടെ നിഗളവും ക്രോധവും എല്ലാം പമ്പ കടന്നു. അവൾ മിഷനറിയുടെ അടുത്തുവന്നു് ഭയവും ഏകാന്തതയും എടുത്തുകളയുന്ന യേശുവിനെക്കുറിച്ച് ചോദിക്കുവാൻ തുടങ്ങി.

അവർക്കു് സന്തോഷത്തോടുകൂടി എല്ലാ സഹായങ്ങളും ഞങ്ങൾ നൽകി. കുറച്ചുദിവസം ഞങ്ങളുടെ സ്ഥലത്തുവന്നു വല്യമ്മ താമസിച്ചുകഴിഞ്ഞപ്പോഴേയ്ക്കു് ആ രണ്ടു കുട്ടികളെപ്പോലെ അവളും മര്യാദക്കാരിയും സന്തോഷമുള്ളവളും ആയ ഒരു ക്രിസ്ത്യാനിയായിത്തീർന്നു. അതിശയകരമായ ഒരു മാററം അവർക്കുണ്ടായി.

യേശുവിന്റെ സ്നേഹമാണു് ഇതിനെല്ലാം കാരണം. ചെറിയ രണ്ടു മക്കൾ നിമിത്തം കഠിനമുള്ള പാപി ക്രിസ്ത്യാനിയായിത്തീർന്നു. നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ ആർക്കുവേണ്ടി ജീവിക്കുന്നു. എത്രപേരെ ക്രിസ്തുവിന്റെ അടുക്കലേയ്ക്കു് നിങ്ങൾ കൊണ്ടുവരും?

# To My Father

I think my dad is wonderful
Whenever I recall
How kind to me he's always been
Since I was very small.
How hard and faithfully he works,
And how unselfishly;
He goes without so many things
So he can care for me.
When Father's Day is here, I bring
A little gift or card.
To show I love him very much
Because he works so hard.
I give him hugs and kisses too,
And tell him I will try
To be a special man like him
When I have grown as high.
And then I think he will be glad
He's been so brave and strong,
Because he 'll be proud to have a son
Who chooses right from wrong.

# 16. ബില്ലിയുടെ വലിയ പാഠം

കാലത്തെ ആഹാരം കഴിഞ്ഞു് അമ്മ പറഞ്ഞു: ,,ബില്ലീ! ലീലാമ്മയെ നിൻെറകൂടെ സ്ക്കൂളിലേക്കു കൊണ്ടുപോകണം. അവ്ഠ തനിയെ റോഡിൽകൂടി പോയാൽ വല്ല വണ്ടിയോ മററൊ വന്നേക്കും.''

അമ്മ അടുക്കളയിൽ ജോലിചെയ്യുന്നതിനായി പ്രവേശിച്ചു.

ബില്ലി പഠിത്തം തുടങ്ങുന്നതിനു് ഒരു മണിക്കൂർ മുമ്പെ സ്ക്കൂളിൽ പോകുക പതിവാണു്. അവിടെ അവനു പന്തുകളിക്കണം. ലീലാമ്മയെ വിളിക്കാതെ അന്നും ബില്ലി നേരത്തെ സ്ക്കൂളിൽ പോയി.

കളി വളരെ രസകരമായിവന്നു. അപ്പോഠ കാണാം വഴിയിൽ ആളുകഠ ഓടിക്കൂടുന്നതു്. ചിലർ വിളിച്ചുപറയുന്നു, ,,ബസ്സു് മുട്ടി''. ധാരാളം ആളുകഠ ഓടിക്കൂടി. കുട്ടികഠ എല്ലാവരും കളിനിത്തി. ബില്ലിക്കു ശ്വാസംപോലും വിടുവാൻ വയ്യാതായി. ഒരാഠ പറഞ്ഞു: ,,നല്ലപരുക്കുപററി'' ,,മിസ്റ്റർ തോമസ്സിനു കമ്പി അടിക്കുക.'' ഇതു ബില്ലി കേട്ടു. തോമസ് എന്നു പറയുന്ന ആഠ ബില്ലിയുടെ പിതാവാണു്.

ശബ്ദം വെളിയിൽ കേഠക്കാത്തവണ്ണം ബില്ലി കരഞ്ഞു. ആക്കോ അപായം പററി. ആരോ കമ്പി അടിക്കാൻ ഓടുന്നു. അപകടത്തിൽപ്പെട്ടതു ലീലാമ്മ ആയിരിക്കും എന്നു ബില്ലി വിശ്വസിച്ചു. ബില്ലി വീട്ടിലേക്കു് ഓടിപ്പോകുന്ന വഴിക്കു് അവരുടെ പശു ഞൊണ്ടിവരുന്നതു് അവൻ കണ്ടതാണു്. അതിനെ നോക്കാതെ തന്നെ

വീട്ടിലേക്കു ബില്ലി ഓടി. വീട്ടിന്റെ കൈയ്പട യിൽ ചെന്നുനിന്നു. വീട്ടിൽ കയറുന്നതിനു ധൈര്യമു ണ്ടായില്ല.

അതിവേഗം ബില്ലിയുടെ അമ്മ വാതുക്കൽ വന്നു. അമ്മ ചോദിച്ചു „വേഗം പറക, കാര്യം എന്താണു്''

„ലീലാമ്മ, അവൾക്കു സുഖമുണ്ടോ?''

എന്താ ഒന്നുമില്ല, അതാ അവൾ അവിടെ നിന ക്കായി കാത്തിരിക്കുന്നു, ഒന്നിച്ചു സ്കൂളിൽ പോകു വാൻ ''

ബില്ലി അമ്മയോടുകൂടി അകത്തേക്കു കടന്നു് ഉ ണ്ടായ സംഭവങ്ങൾ എല്ലാം പറഞ്ഞു.

അമ്മ പറഞ്ഞു „പാവം ബില്ലി. നീ വിചാരിച്ചു ലീലാമ്മയുടെ ദേഹത്തു വണ്ടിമുട്ടിയെന്നു്. നമ്മുടെ പ ശുവിനാണു് ആ അപകടം പററിയതു്. ആളുകൾ അ തിനെക്കുറിച്ചു് പിതാവിനെ കമ്പിമുഖേന അറിയിച്ചി ട്ടും ഉണ്ടു്.'

„നമ്മുടെ പശുവോ! അതിനെ ഞാൻ വഴിയിൽ വച്ചു കണ്ടതാണു്. അതു് ഞൊണ്ടി വരുന്നുണ്ടു്. അതു ഞാൻ നോക്കാതെ വേഗം ഓടിവരികയാണു്. അമ്മേ ഞാൻ ഒരു പാഠം പഠിച്ചു.''

അമ്മ മകനെ കെട്ടിപ്പിടിച്ചു. ആ സമയം ലീലാ മ്മ സ്കൂളിൽ പോകുന്നതിനായി ഒരുങ്ങി മുറിയിലേ ക്കു കയറിവന്നു. ബില്ലി ഓടിച്ചെന്നു ലീലാമ്മയുടെ സ ഞ്ചിയും കുടയും എടുത്തു. „ഇന്നിയും മുതൽ ലീലാമ്മയേ യുംകൊണ്ടേ ഞാൻ സ്കൂളിൽ പോകുകയൊള്ളു'' എന്നു ബില്ലി തന്നെത്താൻ പറഞ്ഞു.

## 17. ബോബി ഒരു ധീരനായിരുന്നപ്പോൾ

ബോബിക്കു് നായ്ക്കളെ ഭയമായിരുന്നു, പട്ടി വലുതായാലുംചെറുതായാലും ശരി എല്ലാത്തിനേയും ഒരുപോലെ. ഒരിക്കൽ ഒരു ചെറിയ പട്ടി അവൻെറ അടുക്കലേയ്ക്കു ഓടി വന്നപ്പോൾ ബോബി ഏകദേശം കരഞ്ഞതുപോലെആയി. ഉടനെ അമ്മ ഓടിവന്നു. പട്ടിക്കുട്ടികൾ ഉപദ്രവിക്കുകയില്ല എന്നു് എല്ലാവരും പറയും. പക്ഷെ അവനു ഭയമായിരുന്നു.

ഒരു ദിവസം ഒരു മനുഷ്യൻ ഇപ്രകാരം പറയുന്നതു ബോബി കേട്ടു. ''ആ ചെറിയ കുട്ടി കണിശമായിട്ടും ഒരു ഭീരുവാണു്, അങ്ങനെയല്ലെ?''

എന്നാൽ ബോബിക്കു് ഭീരു എന്നുവച്ചാൽ എന്താണെന്നു് അറിയാൻ പാടില്ല. അതു് ഒരു നല്ല വാക്കല്ലെന്നു് അവനറിയാം. ആ മനുഷ്യൻ പറഞ്ഞതായ വാക്കിനെക്കുറിച്ചു് ബോബി ആലോചിക്കാൻ തുടങ്ങി.

''മമ്മാ, ബീരു എന്നുവച്ചാൽ എന്താണു്?''

അന്നു രാത്രി കിടക്കുവാൻ പോയപ്പോൾ അവൻ അവൻെറ അമ്മയോടു ചോദിച്ചു.

അമ്മ ചോദിച്ചു. ''നീ പറയുന്നതു് ഭീരു എന്നാണൊ?''

''അതെ മമ്മാ ബീരു''

''മകനെ, ഭീരു എന്നു പറയുന്നതു് അപകടം വരുമ്പോൾ അതിനെ കഴിയുന്നതും എതിർത്തു നില്ക്കാതെ വേഗം ഓടിക്കളയുന്നവനെയാണു്.''

"മമ്മാ ഞാൻ ഭയപ്പെട്ടപ്പോൾ ഞാൻ ബീരുവാണോ?" അവനു് അത്രയുമാണു് അറിയേണ്ടതു്.

"അല്ല മകനെ, ഭയപ്പെടുന്നതു ഭീരുവല്ല. നാം ഭയപ്പെടുമ്പോൾ ഏതു് അവസ്ഥയിലാണു നിൽക്കുന്നതു് അതാണു് നമ്മെ ഭീരുവോ ധൈര്യവാനോ ആക്കിത്തീക്കുന്നതു്.

"അതെ മമ്മാ, ഇന്നു ഞാൻ ഒരു വലിയ പട്ടിയെ കണ്ടു ഭയന്നപ്പോൾ ഒരു മനുഷ്യൻ പറഞ്ഞു: ഞാൻ ഒരു ഭീരു ആണെന്നു്."

"പ്രിയ ബോബീ, പട്ടിയെ കാണുമ്പോൾ ഭയപ്പെടാതെ ഇരിക്കാൻ ശ്രമിക്കണം. വളരെ ചുരുക്കം പട്ടികൾ മാത്രമെ കടിക്കുകയൊള്ളു. നീ ഭീരു അല്ല എന്നു് അമ്മയ്ക്കു് അറിയാമല്ലോ. ഇനിയും ഭയപ്പെടുമ്പോൾ ഓടാതെ ഇരിക്കുവാൻ ശ്രമിക്കണം

കുറെ ദിവസങ്ങൾ കഴിഞ്ഞു് അമ്മയും മൂത്തസഹോദരിയും ഒന്നിച്ചു് ഒരു കാറിൽ അടുത്തുണ്ടായിരുന്ന ഒരു പട്ടണത്തിൽ സ്നേഹിതന്മാരെ കാണുവാൻപോയി. ആ വീട്ടിൽ ഒരു ചെറിയ പെൺകുട്ടിയുണ്ടായിരുന്നു. ബോബിക്കു് അവളെ കണ്ട മാത്രയിൽ വളരെ ഇഷ്ടമായി. ആ ചെറിയ പെൺകുട്ടി വീടിൻെറ മുൻവശത്തുള്ള വരാന്തയിൽ റൊട്ടിക്കഷണംകടിച്ചുകൊണ്ടിരിക്കയായിരുന്നു. വലിയ ഒരു പട്ടി എവിടെ നിന്നോ ചാടി ഓടി വായും പൊളിച്ചുകൊണ്ടു ഈ ചെറിയ പെൺകുട്ടിയുടെ അടുക്കലേക്കു് ഓടി വരുന്നതു ബോബി കണ്ടു. ബോബി ഓടി, ഭയങ്കരനായ പട്ടിയുടെ കയ്യിൽ നിന്നു ചെറിയ കുട്ടിയെ രക്ഷിക്കാനെന്നപോലെ, അവരുടെ ഇടയിൽ കയറി ശബ്ദം ഉണ്ടാക്കി. അകത്തിരുന്ന ആളുകൾ ബഹളം കേട്ടു് ഓടിവന്നു.

“മമ്മാ മമ്മാ. ഈ പട്ടി കുഞ്ഞിനെ കടിക്കുന്നു” എന്നു പറഞ്ഞു ബോബി കരയാൻ ഭാവിക്കുന്നു.

കുട്ടിയുടെ അമ്മ പട്ടിയോട് ‘പോയി കിടക്കുക” എന്നുപറഞ്ഞിട്ട ബോബിയെ എടുത്തു.

“അതു് ഈ വീട്ടിലെ പട്ടിയാണ്. കുഞ്ഞിനെ പട്ടി കടിക്കുകയില്ല. അതു് അവളെ സ്നേഹിക്കുന്നു. ആ പട്ടി അവളുടെ റൊട്ടിക്കഷണം തട്ടിയെടുക്ക പതിവാണ്. ബോബി ഒരു ധൈര്യവാനാണ്. കുഞ്ഞിനെ രക്ഷിക്കാൻ പട്ടിയുടെ മുഖത്തിൻെറ അടുത്തു നിൽക്കുന്ന കാഴ്ച വലിയ ഒരു ധീരതതന്നെയായിരുന്നു.”

ഇപ്പോൾ നിങ്ങൾക്ക മനസ്സിലായിക്കാണും, ധീരത എന്തെന്ന്. അതിൻെറ എതിർ പ്രവത്തനമാണ്, ഭീരുത്വം.

ബോബിയുടെഅമ്മ പറഞ്ഞതു ശരിയാണ്. അപകടം വരുമ്പോൾ നേരിടുന്നതിനെ ആശ്രയിച്ചാണ് ഒരാൾ ഭീരുവോ ധൈര്യവാനോ ആയിത്തീരുന്നതു്.

## 18 നമ്മുടെ പാപഭാരം.,

യൗവനയുക്തയായ ഒരു സ്ത്രീ അവളുടെ ചെറുപ്പത്തിൽ ചെയ്ത ഒരു തെററ് അവളെ ദീർഘകാലം അലട്ടിക്കൊണ്ടിരുന്നു എന്നുള്ളതിൻെറ ഒരു വിവരണം ഞാൻ ചെറുപ്പത്തിൽ വായിക്കുവാനിടയായി. ആ പെൺകുട്ടിയുടെ മാതാവു് രോഗക്കിടക്കയിലായിരുന്നപ്പോൾ തൻെറ കൊച്ചുമകളുടെ ഒരു തെററിനെ അവൾക്കു ചൂണ്ടിക്കാണിക്കുകയും അവളെ അല്പമൊന്നു ശകാരിക്കയും ചെയ്തു. പെൺകുട്ടിയിൽ അതുളവാക്കിയ പ്രത്യാഘാതം വളരെയാണു്. സ്വമാതാവിൻെറ ശകാരത്തിൽ കുപിതയായ മകൾ മാതാവിനെ വെറുക്കുവാനും രോഗിയായ മാതാവിനോടു സംസാരിക്കാതെ ജീവിക്കുവാനും തുടങ്ങി. വൈകുന്നേരം മാതൃസന്നിധിയിൽ നിന്നും മുകളിലത്തെ നിലയിലേയ്ക്കുപോകുവാൻ ഒരുങ്ങിയ മകൾ പതിവുപോലെ മാതാവിനോട്ട് ഗുഡ്നൈററ് പറയുവാൻ പോലും തയ്യാറായില്ല. ആ പെൺകുട്ടി മാതൃസന്നിധിയിൽനിന്നു പോകുവാൻ തുടങ്ങിയപ്പോൾ ദാഹമുള്ള മാതാവു് ഒരുകപ്പു വെള്ളം ആവശ്യപ്പെട്ടുവെങ്കിലും അതു കേൾക്കാത്തഭാവത്തിൽ കോപംകൊണ്ടു കലിതുള്ളിയ ആ മകൾ തൻെറ ശയനമുറിയിൽ പ്രവേശിച്ചു് നല്ലവണ്ണം ഉറങ്ങി. പക്ഷേ പിറേറ പ്രഭാതത്തിൽ ആ മകളുണൎന്നതു തികച്ചും അസ്വസ്ഥയായിട്ടാണു് തലേദിവസം മാതാവിനോടു താൻ പരുഷമായി വൎത്തിച്ചതു് അവളുടെ ഹൃദയത്തെ കുത്തിത്തുടങ്ങി. ദുസ്സഹമായി അവളുടെ ഹൃദയവ്യഥ. വളരെ വേഗത്തിൽ

വസ്ത്രധാരണം ചെയ്തശേഷം അവൾ അമ്മയുടെ അട്ടക്കലേയ്ക്കു് ഓടി. അവൾ വാതിലിൽ പല പ്രാവശ്യം മുട്ടിയെങ്കിലും 'അകത്തുവരിക' എന്നുള്ള സ്നേഹമസൃണമായ മാതൃവാക്കുകൾ അന്നു് ആ മകളെ സ്വാഗതം ചെയ്തില്ല എങ്കിലും അവൾ മാതൃസന്നിധിയിലെത്തി. മാതാവിൻെറ മുഖം മ്ലാനമായിരുന്നു. ആമുഖത്തു പുഞ്ചിരിയില്ലാ. മൗനം, നീണ്ടുനിന്ന മൗനം...

ഒടുവിൽ ആ മകൾ അവളുടെ തെററു് അമ്മയോടു് ഏററു പറയുവാൻ തന്നെ തയാറായി. "അമ്മെ അമ്മയോടു് ഇന്നലെ ഞാൻ വളരെ ക്രൂരമായി പെരുമാറിയതോർത്തു് ഞാൻ ദുഃഖിക്കുന്നു. എൻെറ അപരാധം എന്നോടു ക്ഷമിച്ചാലും" ആ മകൾ ആ ക്ഷമാപണം പല തവണ ഉച്ചരിച്ചെങ്കിലും ആ മാതാവു് മൗനമായിരുന്നു. അവൾ മരണത്തോടടുത്തു് മരവിച്ച അവസ്ഥയിൽ അസ്തപ്രജ്ഞയായി കിടക്കുകയാണു്. മകളുടെ ഹൃദയഭാരം ശതഗുണീഭവിച്ചു. അവളുടെ പിൽക്കാല ജീവിതത്തിൽ തൻെറ മാതാവിനോടു് താൻ കാണിച്ച സ്നേഹശൂന്യമായ ആ പെരുമാററത്തിൻെറ സ്മരണ അവളെ അസ്വസ്ഥയാക്കി, അലട്ടിക്കൊണ്ടിരുന്നു. 'പാപം' അതെത്ര ഭയാനകം. നമ്മുടെ പാപം നമ്മെ ഇഞ്ചിഞ്ചായി നശിപ്പിക്കുന്നു. എന്നാൽ കാൽവരി കുരിശിൻെറ ചുവട്ടിൽ നമ്മുടെ പാപഭാണ്ഡം താഴ്ത്തി വച്ചാൽ ആ നിമിഷംമുതൽ നാം ശാന്തിയും സമാധാനവും അനുഭവിച്ചുതുടങ്ങും.

## 19. സഹായിക്കുന്ന മനുഷ്യൻ.

പ്രിയ കുട്ടികളെ! കുറെ വർഷങ്ങൾക്കു മുൻപ് ഒരു സായ്പ് ഒരു നാട്ടുകാരനെ സുവിശേഷ വേലയ്ക്കായി നിയമിച്ചു. ആ സുവിശേഷവേലക്കാരൻ വളരെ സ്ഥലങ്ങളിൽ പോയി സുവിശേഷം അറിയിച്ചു. സായ്പു് കൊടുത്ത രൂപയുടെ ശരിയായ കണക്ക് ആ മനുഷ്യൻ അദ്ദേഹത്തെ ധരിപ്പിച്ചില്ല. സുവിശേഷകനെ സായ്പ് വേലയിൽ നിന്നു നീക്കം ചെയ്തു.

വളരെ നാൾ കഴിഞ്ഞു് സായ്പ് ഒരു ഗ്രാമത്തിൽ സുവിശേഷം അറിയിക്കാൻ ചെന്നു. അദ്ദേഹം ജനങ്ങളോട്, യേശുക്രിസ്തു സാധുക്കളുടെ സ്നേഹിതനാണെന്നും അവിടുന്നു് ദീനക്കാരെ സൗഖ്യമാക്കുകയും വിശക്കുന്നവർക്കു തൃപ്തിവരുത്തുകയും കൊച്ചുകുട്ടികളെ സ്നേഹിക്കുകയും ചെയ്യുന്നു എന്നും പറഞ്ഞു.

ജനങ്ങൾ പറഞ്ഞു: "ഞങ്ങൾക്കു് ആ മനുഷ്യനെ നല്ലവണ്ണം അറിയാം. കുറെ വർഷങ്ങളായി അദ്ദേഹം ഞങ്ങളുടെ ഗ്രാമത്തിൽ താമസിച്ചു് ദീനക്കാരെ സന്ദർശിച്ചു ശുശ്രൂഷിക്കുകയും കുഞ്ഞുങ്ങളെ സ്നേഹിക്കുകയും വിശക്കുന്നവർക്കു് അവന്റെ ആഹാരം കൊടുക്കുകയും ചെയ്യുന്നു."

മിഷനറി സായ്പ് ജനങ്ങളോടു ചോദിച്ചു: "ആ മനുഷ്യനെ ഒന്നു കാണിക്കാമോ?" അവർ ആ മനുഷ്യനെ സായ്പിന്റെ മുമ്പാകെ കൊണ്ടുവന്നു. തന്നെ ജോലിയിൽനിന്നു മാററിയപ്പോൾ മുതൽ അയാൾ ആ ഗ്രാമത്തിൽ വന്നു താമസിച്ചു. തന്റെ മാതൃകാപരമായ ജീവിതത്തിൽകൂടി യേശുക്രിസ്തുവിനെ ആ മനുഷ്യൻ

അവർക്കു മനസ്സിലാക്കിക്കൊടുത്തു. പിന്നീടു് ആ ഗ്രാമത്തിൽ സുവിശേഷവേല ചെയ്യുന്നതിനു സായ്പിനു് എളുപ്പമായിത്തീൻ.

സാധുക്കളെ സഹായിക്കുന്നതിനും വിശക്കുന്നവർക്കു് ആഹാരം കൊടുക്കുന്നതിനും മനുഷ്യരോടു് ദയയായി പെരുമാറുന്നതിനും ദൈവം ജനങ്ങളോടു് ആവശ്യപ്പെടുന്നു. വളരെക്കാലം മുൻപു് ജീവിച്ചിരുന്നതായ ഏശയ്യാ എന്ന പ്രവാചകൻ പറഞ്ഞതു്: "പീഡിതന്മാരെ സ്വതന്ത്രമായി വിട്ടയയ്ക്കുക; എല്ലാ നുകത്തേയും തകക്കുക. ഇതല്ലയൊ എനിക്കു ഇഷ്ടമുള്ള ഉപവാസം? വിശപ്പുള്ളവക്കു നിൻെറ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞുനടക്കുന്ന സാധുക്കളെ നിൻെറ വീട്ടിൽചേത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിൻെറ മാംസരക്തങ്ങളായവക്കു് നിന്നെത്തന്നെ മറയ്ക്കാതെയിരിക്കുന്നതും അല്ലയൊ?"

യേശുക്രിസ്തു ലോകത്തായിരുന്നപ്പോൾ അദ്ദേഹം സാധുക്കളെ സഹായിച്ചു; ദീനക്കാരെ സൗഖ്യമാക്കി; വിശക്കുന്നവക്കു് ആഹാരം നൽകി; പാപികൾക്കു മോചനം നൽകി. ഒരു ദിവസം നസ്രേത്തിലുള്ള പള്ളിയിൽ യേശു പോയി. ഏശയ്യായുടെ പുസ്തകം അദ്ദേഹത്തിനു നല്കപ്പെട്ടു താഴെപറയുന്ന വാക്യങ്ങൾ വായിച്ചു. "ദരിദ്രന്മാരോടു് സുവിശേഷം അറിയിപ്പാൻ കത്താവു് എന്നെ അഭിഷേകം ചെയ്കയാൽ, അവൻെറ ആത്മാവു് എൻെറമേൽ ഉണ്ടു്. ബദ്ധന്മാക്കു വിടുതലും കുരുടന്മാക്കു കാഴ്ചയും പീഡിതന്മാരെ വിടുവിച്ചയപ്പാനും കത്താവിൻെറ പ്രസാദവഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു." ഇപ്പോൾ ഈ വാക്കുകൾ നിറവേറിയിരിക്കുന്നു എന്നു പള്ളിയിലുണ്ടായിരുന്ന ആളുക

ളോടു് യേശു പറഞ്ഞു. ഈ വക പ്രവത്തിപ്പാനാണു് യേശു ഭൂമിയിൽ വന്നതു്.

മനുഷ്യർ തമ്മിൽതമ്മിൽ സ്നേഹമുള്ളവരായി ജീവിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു എന്നു പൗലോസ് ശ്ലീഹാ അറിഞ്ഞിരുന്നു. ശ്ലീഹാ പറയുന്നതു്: "സഹോദരപ്രീതി നിലനില്ക്കട്ടെ; അതിഥിസല്ക്കാരം മറക്കരുതു്... നിങ്ങളും ശരീരത്തിൽ ഇരിക്കുന്നവരാകയാൽകഷ്ടമനുഭവിക്കുന്നവരേയും ഓത്തുകൊൾവിൻ."

"If your brother has aburden'
Why not lend a helping hand?
May be you' re the one god' s chosen
Share his load and help him stand.
God wants us always to be ready
With kindly deed or two,
When we see a needy brother,
For there' s much that we can do."

കഷ്ടപ്പെട്ട ആളുകളെ സഹായിച്ച അനവധി ആളുകളുടെ കഥ വേദപുസ്തകത്തിൽ ഉണ്ടു്. ഈയോബു് പറഞ്ഞതു് "നിലവിളിച്ച എളിയവനേയും അനാഥനേയും തുണയററവനേയും ഞാൻ വിടുവിച്ചു ...വിധവയുടെ ഹൃദയത്തെ ഞാൻ സന്തോഷംകൊണ്ടു് ആക്കമാക്കി ഞാൻ കരുടനു കണ്ണും മുടന്തനു കാലുമായിരുന്നു. ദരിദ്രന്മാക്കു് ഞാൻ അപ്പനമായിരുന്നു."

## 20. വാതിൽ അടയ്ക്കുക

വളരെക്കാലംമുൻപ് ഇംഗ്ലണ്ടിൽ ഒരു കൃഷിക്കാരൻ തൻെറ വയലിൽ വേലചെയ്തുകൊണ്ടിരുന്നു. അപ്പോൾ ഒരു കൂട്ടം ആളുകൾ കുതിരപ്പുറത്ത് കൃഷിത്തോട്ടത്തിൽക്കൂടി കടന്നുപോകുന്നതിനായി വരുന്നതു കണ്ടു. അവർ കൃഷിത്തോട്ടത്തിൽ കടന്നാൽ കുതിരകൾ കൃഷിയെല്ലാം നശിപ്പിക്കുമെന്ന് അവനറിയാം. ഉടനെ അവൻ തൻെറ മകനെ വിളിച്ചു പറഞ്ഞു: വേഗം നീ ചെന്നു ഗെയിററ് അടയ്ക്കുക. ഒരുത്തരേയും നമ്മുടെ കൃഷിസ്ഥലത്തു പ്രവേശിപ്പിക്കരുത്."

മകൻ അപ്പൻ പറഞ്ഞതുപോലെ ചെയ്തു. വേട്ടക്കാർ വരുന്നതിനുമുൻപ് അവൻ ഗെയിററ് ഭദ്രമായി അടച്ചു. അവിടെ കാവൽ നില്ക്കുകയും ചെയ്തു. വേട്ടക്കാർ അടുത്തുവന്നു. ഗെയിററു തുറക്കുവാൻ ആ കുട്ടിയോട് ആജ്ഞാപിച്ചു. കുട്ടി അതിനു മറുപടിയായിട്ട് "എൻെറ പിതാവ് എന്നോടു കല്പിച്ചിട്ടുണ്ട്, ഇതു തുറക്കരുത് എന്ന്."

കതകു തുറന്നില്ലെങ്കിൽ കുട്ടിയെ ദേഹോപദ്രവം ഏല്പിക്കുമെന്ന് അവർ ഭയപ്പെടുത്തി. വീണ്ടും അവരുടെ അപേക്ഷ തള്ളിക്കളഞ്ഞു. അവരിൽ ഒരാൾ ആ കുട്ടിക്ക് കുറെ പണം കൊടുത്തു അവൻ അതും ഉപേക്ഷിച്ചു. അവൻ കതകു തുറന്നില്ല.

കുറെക്കഴിഞ്ഞ് അതിലൊരാൾ "എൻെറ കുട്ടീ, നിനക്ക് എന്നെ അറിയാൻ പാടില്ലായിരിക്കും. ഞാൻ വില്ലിംഗ്ടണിലെ ഡ്യൂക്കാണ്. ഈ ഗെയിററ് തുറക്കുന്നതിനു ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു."

കുട്ടി അവൻെറ തലയിൽ ധരിച്ചിരുന്ന തൊപ്പി ബഹുമാനസൂചകമായിട്ട് ഒന്നു പൊക്കി, എന്നിട്ട് അവൻ ധൈര്യമായി പറഞ്ഞു: "വില്ലിംഗ്ടണിലെ ഡ്യൂക്ക് ഞാൻ അനുസരണമില്ലാത്തവനായിരിക്കുന്നതിനു ആഗ്രഹിക്കുന്നില്ലായിരിക്കും എന്നു് എനിക്ക് നിശ്ചയമുണ്ട്. ഞാൻ എൻെറ പിതാവിൻെറ കല്പനയെ അനുസരിക്കുന്നവനായിരിക്കും. ഒരുത്തരേയും, ഇതിലെ ഞാൻ കടത്തിവിടുകയില്ല."

ആ യുദ്ധവീരനു് ഈ വാചകം നന്നായി ബോധിച്ചു. അദ്ദേഹത്തിൻെറ തൊപ്പി പൊക്കിയിട്ട് ഇപ്രകാരം പറഞ്ഞു. "തെററു ചെയ്യുവാൻ ഭയപ്പെടുന്ന ഒരു കുട്ടിയേയും മനുഷ്യനേയും ഞാൻ ബഹുമാനിക്കുന്നു." അനന്തരം അവനു് ഒരു സമ്മാനം കൊടുത്തിട്ട്,അയാൾ പെട്ടെന്നു കുതിരപ്പുറത്തുകയറി അപ്രത്യക്ഷനാകുകയും ചെയ്തു.

ഓരോ കുട്ടിയും വാതിൽ കാവല്ക്കാരാണു്. അവൻെറ യജമാനൻെറ കല്പന "മരണം വരെയും വിശ്വസ്തനായിരിക്ക" എന്നാകുന്നു. നിങ്ങൾ എപ്പോഴെങ്കിലും ഏതെങ്കിലും കാര്യത്തിനു് പരീക്ഷിക്കപ്പെട്ടിട്ടുണ്ടോ? പുകവലിയിലോ, കള്ളംപറയുന്നതിലോ, മദ്യപിക്കുന്നതിലോ? നിൻെറ വായുടെ ഗെയിററു് നന്നായി അടയ്ക്കുക ഒരു ദുഷ്ടതയും അതിൽ പ്രവേശിക്കുന്നതിനു് അനുവദിക്കരുതു്. ചീത്തക്കുട്ടുകാർ കള്ളം പറയുന്നതിനോ ചെയ്യുന്നതിനോ നിന്നെ വഞ്ചിക്കുവാൻ തുടങ്ങുമ്പോൾ ചെവിയുടെ ഗെയിററു് നന്നായി അടയ്ക്കുക. സത്യവാനായിരിക്കുന്നതിനു് ശക്തിലഭിപ്പാൻ യേശുവിനെ നോക്കുക.

# Night time Prayer

Thank you, Jesus, for this day,
For watching me about my play.
Thank you for your love and care
For sunshine bright, and cool, fresh air.

Be with me now as down I lie
With happy thoughts of hours gone by.
Forgive my sins and help me be
More and more each day like Thee.

# 21 നമ്മുടെ ആഗ്രഹങ്ങൾ.

"ജോണിക്കുള്ളതുപോലെ എനിക്ക് ഒരു സൈക്കിൾ വേണ , അല്ലെങ്കിൽ പൊന്നുകെട്ടിയ ക്യാപ്പോടു കൂടിയ ഒരു പേന വേണം." ഇതുപോലെയുള്ള ആഗ്രഹങ്ങൾ നിങ്ങൾ കേട്ടിട്ടുണ്ടോ? മിക്ക കുട്ടികളും ചിലപ്പോൾ കളിസാധനത്തിന്നും പുതിയതരം തുണികൾക്കും ചിലപ്പോൾ സ്കൂളിനു് വളരെ ദിവസത്തെ അവധി ആയിരിക്കണമെന്നും ഒക്കെ പറയാറുണ്ടു്.

നീ ആഗ്രഹിക്കുന്നതെല്ലാം നിനക്കു് കിട്ടുവാൻ സാദ്ധ്യതയുണ്ടെങ്കിൽ നീ എന്തു പറയും? അതിനു് ഉത്തരം പറയുവാൻ പ്രയാസമാണു്. അങ്ങനെയല്ലേ നിങ്ങൾക്കു് ഒരു ആഗ്രഹമെ ഉള്ളുവെങ്കിൽ അതെന്തായിരിക്കണം?

വളരെക്കാലം മുൻപു് ഒരു ചെറുപ്പക്കാരൻ ജീവിച്ചിരുന്നു. അയാളുടെ പേരു് സോളമൻ എന്നായിരുന്നു. അവൻെറ പിതാവായ ദാവീദുരാജാവു് മരിച്ചു കഴിഞ്ഞപ്പോൾ സോളമൻ രാജാവായി, ദൈവത്തിൻെറ ജനങ്ങളെ ഭരിക്കുവാൻ തുടങ്ങി. രാജാവായിരിക്കുന്നതു് വളരെ പ്രയാസമായ ഒരു ജോലിയാണു്. പലപ്പോഴും, ഭരിക്കുന്നതു് ഏതു വിധത്തിലാണെന്നു് സോളമനു് മനസ്സിലാകാതെ വന്നിട്ടുണ്ടു്.

ഒരു രാത്രി സ്വപ്നത്തിൽ ദൈവം അവനോടു് സംസാരിച്ചു പറഞ്ഞതു് "ചോദിക്കുക? ഞാൻ നിനക്കു തരേണ്ടതു്"

ഈ യുവരാജാവു് ഉത്തരം പറഞ്ഞതു്: "ഞാൻ ഒരു ചെറിയ കുട്ടിയാണു്. എനിക്കു പുറത്തുപോകുന്നതിനും വരുന്നതിനും അറിഞ്ഞുകൂടാ. നിൻെറ ജനത്തെ ഭരി

ക്കുന്നതിനു് തെററ്‌ ഏതു്? ശരി ഏതു്? എന്നു് നിന്റെ ദാസനു് പറഞ്ഞുതരേണമെ.''

ഈ തൻകാര്യമല്ലാത്ത മനോഹരമായ ആഗ്രഹം ദൈവത്തിനു് പ്രസാദമായി. സോളമനോട്ട് ദൈവം പറഞ്ഞു "നീ നിനക്കുവേണ്ടിത്തന്നെ ദീർഘായുസ്സോ, ധനമോ ചോദിക്കാഞ്ഞതിനാൽ ഞാൻ നിനക്കു് ഒരു ബുദ്ധിയുള്ള മനസ്സിനെ തരുന്നു. നിനക്കു മുൻപും പിൻപും നിന്നെപ്പോലെ ബുദ്ധിമാനായ രാജാവു് ഉണ്ടായിട്ടില്ല, ഉണ്ടാകുകയുമില്ല.'' സോളമനു് എന്തു സന്തോഷമായിരിക്കും. അവന്റെ ആഗ്രഹംതന്നെയല്ലാ അവനു കിട്ടിയതു്, അതിൽ കൂടുതലും അവനു കിട്ടി. കാരണം അവൻ ദൈവത്തെ പ്രസാദിപ്പിച്ചു. ദൈവം പറഞ്ഞതുപോലെ തന്നെ അവൻ നടന്നു. ദൈവം പറഞ്ഞു: നീ ചോദിക്കാത്ത കാര്യങ്ങളും ഞാൻ നിനക്കു തരുന്നു. നിനക്കു ധനവും ദീർഘായുസ്സും കീർത്തിയും ഉണ്ടാകട്ടെ.''

ദൈവം ഈ വാഗ്ദത്തം അവനു നൽകി. സോളമന്റെ ബുദ്ധിയും ജ്ഞാനവും കീർത്തിയും ലോകമെങ്ങും വ്യാപിച്ചു.

മൃഗങ്ങൾ മരങ്ങൾ, ഇഴജന്തുക്കൾ, വെള്ളത്തിലെ മത്സ്യങ്ങൾ എന്നിവകളെക്കുറിച്ചു് അവനു പരിജ്ഞാനം ലഭിച്ചു. മൂവായിരത്തിൽ കൂടുതൽ സദൃശവാക്യങ്ങൾ അവൻ ജനത്തിനു പറഞ്ഞുകൊടുത്തു. ആയിരത്തിൽ കൂടുതൽ നല്ല പാട്ടു് അവൻ പാടുകയും ചെയ്തു. അതിൽ ചിലതു് നിങ്ങൾക്കു് സത്യവേദപുസ്തകത്തിൽ നിന്നു വായിക്കാവുന്നതാണു്. കുട്ടികൾക്കും വലിയവർക്കും വേണ്ട ഗുണദോഷങ്ങൾ അതിൽ അടങ്ങിയിട്ടുണ്ടു്. നിങ്ങൾക്കു് ലഭിക്കണമെന്നു് വിചാരിക്കുന്ന നല്ല ആഗ്രഹം ഏതാണു?

———

# 22. യഥാർത്ഥ സൗഹൃദം

രണ്ടായിരം വർഷങ്ങൾക്കു മുൻപു് സിസ്സിലിയിലെ സൈറക്കുസ് പട്ടണം ഭരിച്ചിരുന്നതു് ഡയോനിസിയസ് എന്നു പേരായ ഒരു രാജാവായിരുന്നു. അദ്ദേഹം നിഷ്ഠൂരനും ദുസ്വഭാവിയുമായിരുന്നു. പ്രജകൾ അദ്ദേഹത്തെ വെറുക്കുകയും അദ്ദേഹത്തിനെതിരായി തല പൊക്കുകയും ചെയ്തു 'ഡേമൺ' എന്നു പേരായ ചൊറുചൊറുക്കുള്ള ഒരു ചെറുപ്പക്കാരനായിരുന്നു അവരുടെ തലവൻ.

തൻെറനേരെ ജനങ്ങൾ തലപൊക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ ഡയോനിസിയസ് അവരെ നിലയ്ക്കു നിറുത്താനുള്ള പ്രവൃത്തികൾ ആരംഭിച്ചു. പല:രയും പിടിച്ചു് തടവിലാക്കി, ആ കൂട്ടത്തിൽ ഡേമണും തടവിലാക്കപ്പെട്ടു. ഡേമണിൻെറ പേരിൽ കഠിനമായ രാജദ്രോഹകുററം ചുമത്തിക്കൊണ്ടു വധശിക്ഷയ്ക്കായി വിധിച്ചു.

മരണത്തെ സമീപിക്കുവാൻ ഡേമണിനു യാതൊരു സങ്കോചവുമുണ്ടായിരുന്നില്ല. എന്നാൽ തൻെറ കുടുംബത്തിൻെറ ഭാവി ഓർത്തപ്പോൾ അയാളുടെ മനസ്സുരുകി.

ഡേമൺ രാജാവിനോടു് ഉണർത്തിച്ചു.

"മഹാരാജാവെ, മരിക്കുന്നതിനുമുൻപു് എൻെറ ഭാര്യയേയും മക്കളേയും ഒന്നു കാണുവാൻ അല്പദിവസത്തെ അവധി തരണെ, കൃത്യസമയത്തു ഞാൻ ഇവിടെ എത്തിക്കൊള്ളാം."

"അതൊന്നും നടപ്പില്ല. നീ പോയാൽപ്പിന്നെ മടങ്ങിവരാൻ പോകുന്നില്ല."

താൻ തക്കസമയത്തുതന്നെ വന്നുകൊള്ളാമെന്നും യാതൊരു കാരണവശാലും അതിനു ഭംഗം വരികയില്ലെന്നും ഡേമൺ ഉറപ്പിച്ചു പറഞ്ഞു.

അങ്ങനെയാണെങ്കിൽ നിൻെറ ഒഴിവിൽ നിനക്കു പകരമായി ഒരാൾ ജയിലിൽ ഉണ്ടായിരിക്കണം. ഒരു പക്ഷേ, നീ തക്കസമയത്തു വന്നില്ലെങ്കിൽ അയാൾ വധശിക്ഷയ്ക്കു വിധേയനാകുകയും ചെയ്യും.''

രാജാവിൻെറ വാക്കുകൾ കേട്ട ഡേമൺ നിരാശനായി മരിക്കുന്നതിനു മുൻപ് തൻെറ പ്രിയപ്പെട്ട ഭാര്യയേയും മക്കളേയും ഒരുനോക്കു കാണുവാൻ സാധിക്കുകയില്ലെന്നോ? അത്രയുമോർക്കുവാൻ അയാൾക്കു കഴിഞ്ഞില്ല.

എന്നാൽ ഉത്തരംമുട്ടിക്കുന്ന ആ പ്രശ്നത്തിൻെറ മുമ്പിൽ അധികനേരം അയാൾക്കു നിൽക്കേണ്ടിവന്നില്ല. ഡേമണിൻെറ ഉററചങ്ങാതിയായ പിത്തിയസ് ധൈര്യസമേതം മുന്നോട്ടു വന്നു രാജാവിനോട് ഇപ്രകാരം ഉണർത്തിച്ചു. ‚‚തിരുമേനീ, ഡേമണിൻെറ ഒഴിവിൽ ഞാൻ തടവിൽ കിടന്നുകൊള്ളാം. അദ്ദേഹത്തിൻെറ ഉററ സ്നേഹിതനാണു ഞാൻ.''

പിത്തിയസ്സിൻെറ അടിപതറാത്തുള്ള ഈ വാക്കു കേട്ടപ്പോൾ രാജാവ് വളരെ അത്ഭുതപ്പെട്ടു. ഉള്ളുകൊണ്ട് പിത്തിയസ്സിൻെറ വിശ്വസ്തതയെ പുകഴ്ത്തിക്കുകയും ചെയ്തു.

ഡേമൺ തൻെറ ചങ്ങാതിയെ ഒന്നു പുണർന്നു. അവൻെറ കവിളിൽ തുരുതുരെ ഉമ്മവച്ചു... നിറഞ്ഞ കണ്ണുകളോടുകൂടി അവിടെനിന്നു യാത്ര പറഞ്ഞു.

ദിവസങ്ങൾ കുറെ കഴിഞ്ഞു. ഡേമണിൻെറ വധശിക്ഷദിനമടുത്തു! ഡേമണിനിയും വന്നിട്ടില്ല!

നിശ്ചിതദിവസം രാജാവ് പിത്തിയസ്സിനെ സമീപിച്ചു പുച്ഛഭാവത്തിൽ പറഞ്ഞു: ‚‚നീ എന്തൊരു

വിഡ്ഢിയാണ്. ഇതാ ഒരു മണിക്കൂർകൂടി കഴിഞ്ഞാൽ നീ മരിക്കുകയായി. നീയല്ലാതെ അവൻെറ വാക്കു വിശ്വസിക്കുമോ? നിൻെറ നിഗളത്തിൻെറ ഫലം നീ തന്നെ അനുഭവിക്കേണ്ടിവന്നു.''

പിത്തിയസ്, ''രാജാവെ ഡേമൺ വരും, വരാതിരിക്കുകയില്ല. എന്നാൽ അയാൾ കുറച്ചുകൂടെ കഴിഞ്ഞു വരട്ടെ എന്നാണ് എൻെറ പ്രാർത്ഥന. അയാൾ മരിക്കുന്നതിനേക്കാളും ഞാൻ മരിക്കുന്നതാണ് എനിക്കു പ്രിയമായിട്ടുള്ളത്. ഡേമൺ മരിച്ചാൽപ്പിന്നെ ഞാൻ എന്തിനു ജീവിച്ചിരിക്കണം.''

''എടോ വിഡ്ഢീ! അവൻ ഇനിയും വരികയില്ല. ഇനി നീ വേദാന്തമിളക്കിക്കൊ. അതേ പററൂ.''

അല്പസമയം കഴിഞ്ഞു രാജകിങ്കരന്മാർ പിത്തിയസിനെ തൂക്കുമരത്തിലേക്ക് ആനയിച്ചു.

പുറവും ജനങ്ങൾ നിർന്നിമേഷരായി നിൽക്കുകയാണ്. അതാ ഒരു കുളമ്പടിശബ്ദം കേൾക്കുന്നു. അ ...ാരൂഢനായി ഒരാൾ ജനക്കൂട്ടത്തിൻെറ മദ്ധ്യത്തിലേക്ക് അതാ വരുന്നു.

ഡേമൺ! അതേ, യഥാർത്ഥത്തിൽ തൂക്കുമരത്തിൽ കയറേണ്ട ആൾ വന്നുകഴിഞ്ഞു. അദ്ദേഹം ഞൊടിയിട കൊണ്ടു കുതിരപ്പുറത്തുനിന്ന് ഇറങ്ങി തൂക്കുമരത്തിൽ നിൽക്കുന്ന പിത്തിയസ്സിൻെറ അരികെ ചെന്നുനിന്നു.

''ദൈവമെ, അനന്തകോടി നമസ്കാരം. അല്പംകൂടെ താമസിച്ചാണ് ഞാൻ ഇവിടെ വന്നിരുന്നത് എങ്കിൽ എൻെറ പിത്തിയസ്സ്...'' അയാൾ പൊട്ടിക്കരഞ്ഞു. എന്നിട്ട് പിത്തിയസ്സിനെ കെട്ടിപ്പിടിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു. ''നീ ഇറങ്ങിക്കൊള്ളൂ''

പിത്തിയസ് വിസമ്മതിച്ചു. അദ്ദേഹം പറയുക

യാണു് "ഡേമൺ, നീ എന്തിനു് ഇപ്പോൾ വന്നു. നിന്റെ മരണം കണ്ടുകൊണ്ടു നിൽക്കാൻ ഞാൻ അശക്തനാണു്. നിനക്കു പകരം ഞാൻ മരിച്ചുകൊള്ളാം."

"എന്തു്! ഒരിക്കലും പാടില്ല. നിന്റെ മരണം കണ്ടുകൊണ്ടു നിൽക്കാൻ എനിക്കു് കഴിയുമെന്നോ?..."

അങ്ങനെ ആരു മരിക്കണം എന്നതു് ഒരു പ്രശ്നമായി.

ആ സൗഹൃദബന്ധത്തിന്റെ ദാർഢ്യം കണ്ടു് ജനങ്ങൾ വിസ്മയിച്ചു കണ്ണുനീർ പൊഴിച്ചു.

രാജാവാകട്ടെ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങി നിഷ്ഠുരനായ അദ്ദേഹത്തിന്റെ ഹൃദയം ചഞ്ചലപ്പെട്ടു.

അദ്ദേഹം കല്പിച്ചു: "നിങ്ങളെ രണ്ടുപേരേയും നാം ഇന്നു സ്വതന്ത്രരാക്കിയിരിക്കുന്നു. യഥാർത്ഥ സ്നേഹം ഞാനിന്നാണു കാണുന്നതു്. ഇത്തരം ഒരു സ്നേഹിതൻ എനിക്കുണ്ടാകുകയാണെങ്കിൽ എല്ലാം ത്യജിക്കുവാൻ ഞാൻ തയ്യാറാണു്. ഇന്നുമുതൽ നാം മൂന്നുപേരും ഒന്നാണു്. നിങ്ങളോടുകൂടി സ്നേഹത്തിൽ കഴിയുവാൻ ഞാൻ ആഗ്രഹിക്കുന്നു."

അന്നുമുതൽ ഡേമണും പിത്തിയസ്സും ഡയോനിസിയസ്സും ഉററചെങ്ങാതികളായി. താൻ രാജാവാണെന്നുള്ള ഭാവം കളഞ്ഞു ഡയോനിസിയസ് ഒരു മാതൃകാപ്രജാപാലകനായി.

## 23. സത്യംകൊണ്ടുള്ള ഗുണം

അറബിരാജ്യത്തിൽ ജിലാ എന്ന പട്ടണത്തിൽ ഒരു ബാലനുണ്ടായിരുന്നു. മാതാപിതാക്കന്മാർ അവനെ വളരെ ലാളിച്ചു വളർത്തി. കുട്ടി വളരെ ബുദ്ധിമാനായിരുന്നു. പതിന്നാലാമത്തെ വയസ്സിൽ അവൻെറ പഠനം പൂർത്തിയാക്കി.

ആ കാലത്തു് ഒരു വ്യാപാരസംഘം ബാഗ്ദാദ് എന്ന പട്ടണത്തിലേക്കു പോകുന്നുണ്ടായിരുന്നു. അമ്മ തൻെറ പുത്രനെ ആ വ്യാപാരസംഘത്തോടുകൂടെ അയച്ചു. അവൻ യാത്രയായപ്പോൾ യാത്രച്ചെലവിനു വേണ്ട പണം അവൻെറ കൈയിൽ കൊടുക്കുകയും നാല്പതു പവൻ അവൻെറ ഷർട്ടിനു് അടിയിൽവച്ചു തുന്നുകയും ചെയ്തു. എന്നിട്ടു് അമ്മ കുട്ടിയെ ഉപദേശിച്ചു: "എല്ലായ്പ്പോഴും സത്യം പറയണം. എന്തു് സംഭവിച്ചാലും കള്ളം പറയരുതു്."

കുട്ടി അതിനു മറുപടിയായി "അമ്മേ! ഞാൻ എല്ലായ്പ്പോഴും സത്യം പറയുമെന്നു് പ്രതിജ്ഞ ചെയ്യുന്നു. മരിക്കേണ്ടിവന്നാൽപ്പോലും ഞാൻ കള്ളം പറയുകയില്ല"

അവൻ വീട്ടിൽനിന്നു പുറപ്പെട്ടു. രണ്ടുദിവസത്തെ വഴി ദൂരം കച്ചവടസംഘം കാൽനടയായി യാത്ര ചെയ്തു. മൂന്നാംദിവസം ഉഷ്ണം വർദ്ധിച്ചതിനാൽ എല്ലാവരും ഒരു മരക്കൂട്ടത്തിൽ വിശ്രമിക്കുകയും ഭക്ഷണത്തിനുള്ള ഒരുക്കം ചെയ്യുവാൻ ആരംഭിക്കുകയും ചെയ്തു.

കുറച്ചു കഴിഞ്ഞപ്പോൾ ഒരു തസ്കരസംഘം അവരെ ആക്രമിച്ചു. അവരുടെ എല്ലാ സാധനങ്ങളും കൊള്ള

ചെയ്യപ്പെട്ടു. ഒരു കൊള്ളക്കാരൻ കുട്ടിയെ പിടിച്ചു ചോദിച്ചു. "കുട്ടീ സത്യം പറയൂ, നിൻെറ അടുക്കൽ എന്തെല്ലാം ഉണ്ടു്."

കുട്ടി പറഞ്ഞു: "എൻെറ അടുക്കൽ നാല്പതു പവൻ ഉണ്ടു്." അവക്കു് ആ കുട്ടിയുടെ വാക്കിൽ തീരെ വിശ്വാസം തോന്നിയില്ല. അവർ അവനെ പിടിച്ചു് കൊള്ളത്തലവൻെറ അടുക്കലേക്കു കൊണ്ടുപോയി.

തലവൻ ചോദിച്ചു: "സത്യം. പറയണം നിൻെറ അടുക്കൽ എന്തെല്ലാം ഉണ്ടു്."

കുട്ടി വീണ്ടും പറഞ്ഞു: "എൻെറയടുക്കൽ വസ്ത്രങ്ങളുണ്ടു്, പുസ്തകങ്ങളുണ്ടു്, കൂടാതെ നാൽപതു സ്വർണ്ണനാണയങ്ങളും ഉണ്ടു്."

കൊള്ളത്തലവൻ കുട്ടിയെ പരിശോധിച്ചു പക്ഷേ, സ്വർണ്ണനാണയങ്ങൾ കിട്ടിയില്ല. അയാൾ ചോദിച്ചു "സ്വർണ്ണനാണയം എവിടെ?"

സ്വർണ്ണനാണയങ്ങൾ ഷർട്ടിനടിയിൽവച്ചു തുന്നിയിട്ടുണ്ടെന്നു കുട്ടി വ്യക്തമായി പറഞ്ഞുകൊടുത്തു. കൊള്ളത്തലവൻ തുന്നൽ പൊട്ടിച്ചു നോക്കിയപ്പോൾ നാല്പതു സ്വർണ്ണനാണയങ്ങൾ കണ്ടു. ഇതു കണ്ടിട്ടു മററു കവച്ചക്കാർ ആശ്ചര്യപ്പെട്ടു.

കൊള്ളത്തലവൻ പറഞ്ഞു: "നീ എന്തൊരു കുട്ടിയാണു്. ഞങ്ങൾ നിൻെറ സ്വർണ്ണനാണയങ്ങൾ പിടിച്ചെടുക്കുമെന്നു നിനക്കറിഞ്ഞുകൂടെ?"

കുട്ടി പറഞ്ഞു: "അറിയാം, പക്ഷേ, സ്വർണ്ണനാണയങ്ങളെ രക്ഷിക്കുവാൻവേണ്ടി ഞാൻ കള്ളം പറയുകയില്ല."

കൊള്ളത്തലവൻ പറഞ്ഞു: "ഞങ്ങൾ സ്വർണ്ണനാ

ണയങ്ങൾ എടുക്കുകയാണെങ്കിൽ നിനക്കു വളരെ ബുദ്ധിമുട്ട് ഉണ്ടാകും. നീ ഒരു കള്ളം പറഞ്ഞിരുന്നെങ്കിൽ ഈ സ്വർണ്ണനാണയങ്ങൾ കാണുകയില്ലായിരുന്നു.''

കുട്ടി, ''നിങ്ങൾ പറയുന്നതു ശരിയാണ്. പക്ഷേ, ഒന്നാമതായി എല്ലായ്പ്പോഴും സത്യം പറയണമെന്നാണ് ദൈവത്തിന്റെ ഇഷ്ടം. രണ്ടാമതായി സത്യം പറയണമെന്നാണ് അമ്മ ചെറുപ്പംമുതൽക്കേ എന്നെ പഠിപ്പിച്ചതു്. വീട്ടിൽനിന്നു പുറപ്പെടുമ്പോൾ അമ്മ എന്നെക്കൊണ്ടു് ഈ പ്രതിജ്ഞ ചെയ്യിച്ചിട്ടുണ്ടു്. നിങ്ങൾക്കു സ്വർണ്ണനാണയത്തെക്കുറിച്ചാണു ചിന്ത. എനിക്കു സത്യത്തെക്കുറിച്ചും. നിങ്ങൾ എന്നെ കൊന്നാൽപ്പോലും ഞാൻ കള്ളം പറയുകയില്ല.

കൊള്ളത്തലവൻ ഒന്നും മിണ്ടിയില്ല. അയാൾ കുട്ടിയുടെ നേരെ മിഴിച്ചു നിന്നുപോയി അയാൾ മുഴുവൻ സ്വർണ്ണനാണയങ്ങളും കുട്ടിക്കുതന്നെ തിരിച്ചു കൊടുത്തു. അതോടുകൂടെത്തന്നെ ആ യാത്രാസംഘത്തിന്റെ കൊള്ളചെയ്യപ്പെട്ട മുഴുവൻ സാധനങ്ങളും മടക്കിക്കൊടുത്തു. അയാൾ കുട്ടിയുടെ കൈപിടിച്ചുകൊണ്ടു പറഞ്ഞു: ''ഞാൻ ഇനിയും തസ്കരവൃത്തി ചെയ്യുകയില്ല. ഞാൻ ഒരു നല്ല മനുഷ്യനായി ജീവിക്കുവാൻ ഇന്നുമുതൽ തീരുമാനിച്ചിരിക്കുന്നു.''

ഒരു കുട്ടിയുടെ പരിശുദ്ധമായ പെരുമാററംനിമിത്തം ആ കൊള്ളക്കാർ എല്ലാവരുംതന്നെ നല്ല മനുഷ്യരായിത്തീൎന്നു. അവർ തങ്ങളുടെ സംഘം പിരിച്ചുവിട്ടു. പിന്നീടു് ഒരിക്കലും കവർച്ച നടത്തുകയുണ്ടായിട്ടില്ല.

## 24. ഹെൻറി ചക്രവത്തി

1002 മുതൽ 1024–വരെ ഹെൻറി എന്ന ചക്രവത്തി ജമ്മനിയെ ഭരിച്ചിരുന്നു. അദ്ദേഹം മഹാനായ ഒരു ചക്രവത്തിയായിരുന്നു. ഹെൻറിയും ഭാര്യയും വളരെ ഭക്തരായിരുന്നു. ഹെൻറി ചക്രവത്തിയുടെ ജമ്മനി ആധുനികജമ്മനിയിൽ നിന്നും വ്യത്യസ്തമായിരുന്നു. രാജ്യത്തിൻെറ പശ്ചിമഭാഗത്തുള്ള കുന്നുകളിൽ വന്യമൃഗങ്ങൾ വസിച്ചിരുന്നു. വന്യമൃഗ സങ്കേതങ്ങളോട് ഇടകലൎന്നു കൊട്ടാരങ്ങളും ഭവനങ്ങളും ഉണ്ടായിരുന്നു. രാജ്യത്തു് ഈശ്വരവിശ്വാസമില്ലാത്തവരും ക്രിസ്ത്യാനികളും ഉണ്ടായിരുന്നു. ഹെൻറിചക്രവത്തിക്കുമുമ്പ് ഭരിച്ചിരുന്ന രാജാവു മരിച്ചപ്പോൾ രാജ്യത്തിൽ വലിയ കുഴപ്പങ്ങൾ ഉണ്ടായിരുന്നു. ഈ സമയത്താണ് ജനങ്ങളുടെ പ്രീതിയും സ്നേഹവും കൈവശപ്പെടുത്തി ബവേറിയയിലെ ഡ്യൂക്കായിരുന്ന ഹെൻറി ചക്രവത്തിപദത്തിൽ കയറിയതു്.

ഹെൻറി നീതിമാനും ഭക്തനുമായിരുന്നു. അദ്ദേഹത്തിൻെറ ഭാര്യ ഒരു മാതൃകാചക്രവത്തിനിയുമായിരുന്നു. തങ്ങളുടെ സത്യസന്ധതയിലാണ് രാജ്യത്തിൻെറ ക്ഷേമം നിലകൊള്ളുന്നതു് എന്നു മനസ്സിലാക്കി നന്മ ചെയ്യുന്നതിനും സത്യത്തിൽ വിശ്വസിക്കുന്നതിനും അവർ സന്നദ്ധരായിരുന്നു. ഒരുത്തൻെറ വിശ്വാസത്തെ ആശ്രയിച്ചിരിക്കും അവൻെറ പ്രവൃത്തികൾ എന്ന തത്വം മനസ്സിലാക്കി ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനു ഹെൻറി പരിശ്രമിച്ചു. ദേവാലയങ്ങൾ, വിദ്യാലയങ്ങൾ, ആശ്രമങ്ങൾ മുതലായവ പണിയിക്കുന്നതുപോലെ മതപ്ര

ചരണത്തിന്നു തങ്ങളുടെ മാതൃകാജീവിതം അത്യന്താപേക്ഷിതമാണെന്നു മനസ്സിലാക്കി അവർ ജനങ്ങൾക്കു മാതൃക കാണിച്ചുകൊടുത്തു. ഹെൻറിയുടെ കാലത്തുള്ള ചരിത്രകാരന്മാർ അദ്ദേഹത്തിന്റെ യഥാർത്ഥ സ്വഭാവവും പ്രകൃതവും വെളിപ്പെടുത്തിയിരുന്നില്ല. തുടരെ ഭരിച്ചിരുന്ന ചക്രവർത്തിമാരിൽ ഹെൻറി മാത്രമെ വിശുദ്ധപദത്തിൽ എത്തിച്ചേർന്നിട്ടുള്ളു. രാജകുടുംബങ്ങളിൽ പ്രായേണ കാണാറുള്ള അനൈക്യം, സ്വാർത്ഥത, ഛിദ്രം മുതലായവ ഹെൻറി നാമാവശേഷമാക്കി. വിനോദവും വ്യർത്ഥമായ തമാശും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഭർത്താവിനെപ്പോലെ തന്നെ ചക്രവർത്തിനിയും പരസ്നേഹത്തിന്റെയും കരുണയുടെയും ജ്വാല ജനങ്ങളിൽ പ്രസരിപ്പിച്ചു. ഗ്ളാസ്പെയിൻറ്, ആശാരിപ്പണി, കൊല്ലപ്പണി മുതലായവ രാജ്ഞി തന്റെ സഖിമാരോടുകൂടി പോയി കാണുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. അനാവശ്യമായിട്ടുള്ള വിനോദങ്ങളിൽ അവൾ പങ്കെടുത്തിരുന്നില്ല. തുന്നൽപ്പണിയിൽ വ്യാപൃതയായി അതിൽനിന്നു കിട്ടുന്ന പണം കൊണ്ടു സാധുക്കളെ സഹായിച്ചിരുന്നു. ധവളനിറമുള്ള മഞ്ഞുപോലെ ശുദ്ധത പരിപാലിച്ചാലും പരദൂഷണത്തിൽനിന്നു വിമുക്തിനേടാൻ സാദ്ധ്യമല്ലെന്നുള്ള ഷേക്സ്പീയറിന്റെ വാക്യം എത്രയോ പരമാർത്ഥമാണ്. ഹെൻറിചക്രവർത്തിയുടെയും ചക്രവർത്തിനിയുടെയും കാര്യവും ഈ സാമാന്യനിയമത്തിന് ഒരു അപവാദമായിരുന്നില്ല. ഇരുപതു കൊല്ലം അവർ പ്രാർത്ഥനയിലും ജോലിയിലും ചെലവഴിച്ചു. എന്നാൽ അവരുടെ ജീവിതത്തിലും ഒരു വലിയ മാററമുണ്ടായി. രാജ്ഞിയുടെ ജീവിതത്തിൽ കളങ്കമുണ്ടെന്നു ഹെൻറി സംശയിച്ചു. പരസ്യമായ ഒരു വിചാ

രണ്ടായ്ക്കു രാജ്ഞിയെ വിധേയയാക്കുവാൻ ചക്രവത്തി നിശ്ചയിച്ചു. അവഠം ഭർത്തൃസമക്ഷംവന്നു ദൈവത്തെ സാക്ഷിയാക്കി വിളിച്ചുപറഞ്ഞു: ‟ഹെൻറിയെ അല്ലാതെ ഒരുപുരുഷനെ താൻഅറിഞ്ഞിട്ടില്ലെന്നു്.'' ഹെൻറിക്കു ബോദ്ധ്യമായില്ല. അഗ്നിപരീക്ഷണം നടത്താൻ തീരുമാനിച്ചു. തീക്കട്ടകഠംക്കു തുല്ല്യമായ ഇരുമ്പുകഷണങ്ങളിന്മേൽ ചക്രവത്തിനിയെ നടത്തി. യാതൊരു അപകടവുമുണ്ടായില്ല. അവഠം സന്തോഷത്തോടുകൂടി ചക്രവത്തിയെ നോക്കി. ആ സമയം അദ്ദേഹം അവളുടെ കാൽക്കൽ വീണു ക്ഷമ യാചിച്ചു. അവഠം ആത്മാത്ഥമായി ക്ഷമിക്കുകയും ചെയ്തു.

പിന്നീടു് വളരെ കാലത്തേയ്ക്കു ഹെൻറി ഒരു രോഗിയായി കഴിഞ്ഞുകൂടി. ജോലികഠം ചെയ്യുവാൻ പാടില്ലാതായി. കൊട്ടാരത്തിനടുത്തുള്ള ആശുപത്രിയിലേക്കു തന്നെ മാററപ്പെട്ടു. ഒരു ദിവസം വലുതായ ഒരു അസുഖമുണ്ടായി. രാജ്ഞിയെ വിവരം അറിയിച്ചു. അവഠംരോഗശയ്യയെ സമീപിച്ചു. അവർ കണ്ണുനീരോടെ പരസ്പരം നോക്കി. ചക്രവത്തിക്കു സംസാരിപ്പാൻ പാടില്ലായിരുന്നു. ചക്രവത്തിനി പറഞ്ഞു: ‟പ്രാണനാഥാഅവിടുന്നു ദൈവസന്നിധിയിലെത്തും.'' അദ്ദേഹം താമസിയാതെ മരിക്കുകയും ചെയ്തു. ഭത്താവിൻെറ മരണശേഷം രാജകുമാരൻ പ്രായപൂത്തിയാകുന്നതു വരെ ചക്രവത്തിനി രാജ്യം ഭരിച്ചു. പിന്നീടു് പുത്രനെ ഭരണമേല്പിച്ചു. അവഠം ഒരു ആശ്രമത്തിൽ പോയി ശേഷിച്ച ജീവിതം ചെലവഴിച്ചു. തയ്യല്പണിയായിരുന്നു പ്രധാനജോലി. മാനസാന്തരവും പ്രാത്ഥനയും അവളെ ഒരു ശരിയായ ക്രിസ്ത്യാനിയാക്കി. 1309ഏപ്രിൽ12-ാം തീയതി ശനിയാഴ്ച രാജ്ഞി കത്താവിൽ നിദ്രപ്രാപിച്ചു.

## 25 എരിയുന്ന മുൾപ്പടർപ്പ്

യേശു ജനിക്കുന്നതിനുമുമ്പ് മിസ്രയിമ്യരാജ്യത്തുനിന്നു തൻെറ ജനത്തെ വിട്ടവിക്കുന്നതിന് ഒരു നായകനെ ദൈവത്തിനു് ആവശ്യമുണ്ടായിരുന്നു. മിദ്യാൻ ദേശത്തു മോശ തൻെറ അമ്മായിഅപ്പൻെറ ആടുകളെ മേയിച്ചുകൊണ്ടു നടക്കുന്ന കാലം ദൈവം അവനെ നന്നാ സൂക്ഷിച്ചുകൊണ്ടിരുന്നു. മോശ ഒരു നല്ല നായകനാകാൻ പററിയ ആളാണെന്നു് ദൈവം അറിഞ്ഞു.

ഒരു ദിവസം ഹോരേബിലേക്കു് മോശ ആടുകളെ അടിച്ചുകൊണ്ടു പോകുമ്പോൾ ദൈവത്തിൻെറ ഒരു ദൂതൻ മുൾപ്പടർപ്പിൽ അഗ്നിജ്വാലയിൽ പ്രത്യക്ഷപ്പെട്ടു.

മോശ ആടിനെ നോക്കിക്കൊണ്ടിരിക്കെ ഈ കാഴ്ചകണ്ടു് ഭയപ്പെട്ടുപോയി. ജ്വാല വലുതായി വലുതായി വന്നു. എന്നാൽ മുൾപ്പടർപ്പു കത്തിനശിക്കുന്നില്ല. മോശ തന്നിയെ പറയുകയാണു്: ‘‘ഞാൻ മുമ്പോട്ടു പോയി മുൾപ്പടർപ്പു കത്തുന്നതിൻെറ കാരണം ആരായും.’’

മോശ മുൾപ്പടർപ്പിനോടു് അടുക്കുന്നതു് ദൈവം കണ്ടപ്പോൾ ദൈവം ‘‘മോശേ, മോശേ’’ എന്നു വിളിച്ചു.

മോശ അതിനുത്തരമായി ‘‘അടിയനിതാ’’ എന്നു പറഞ്ഞു:

ദൈവം പറഞ്ഞു: ‘‘ഇങ്ങോട്ടു് അടുക്കരുതു്. കാലിൽനിന്നു് നിൻെറ ചെരിപ്പു് നീക്കിക്കളയുക. നീ

നില്ക്കുന്ന സ്ഥലം വിശുദ്ധ സ്ഥലമാകുന്നു.'' മോശ ഉട നെതന്നെ അവൻെറ കാലിലെ ചെരിപ്പ് അഴിച്ചു മാററി. വീണ്ടും ദൈവം പറഞ്ഞു: ''മിസ്രയിമിലുള്ള എൻെറ ജനത്തിൻെറ കഷ്ടത ഞാൻ കാണുന്നുണ്ട്. അവരുടെ കരച്ചിൽ ഞാൻ കേട്ടു...മിസ്രയിമ്യരുടെ കയ്യിൽനിന്നും അവരെ രക്ഷിക്കുവാൻ ഞാൻ വന്നിരിക്കുകയാണ്... ഇപ്പോൾ വരിക,ഫറവോൻെറ അടുക്കൽ നിന്നെ ഞാനയയ്ക്കും, അവരെ മിസ്രയിമിൽനിന്നു കൊണ്ടുപോകുന്നതിനു്.''

മോശ ദൈവത്തോട് ''ഫറവോൻരാജാവിൻെറ അടുക്കൽ പോകുന്നതിനു് ഞാൻ ആരാകുന്നു'' എന്നു് ചോദിച്ചു.

ദൈവം പറഞ്ഞു: ''നിശ്ചയമായിട്ടും ഞാൻ നിൻെറകൂടെ ഇരിക്കും. ഞാൻ നിന്നെ അവൻെറ അടുക്കൽ അയച്ചിരിക്കുന്നു എന്നു നീ അവനോടു പറയും.''

എന്നാൽ മോശയ്ക്കു ധൈര്യമുണ്ടായില്ല. അവൻ ദൈവത്തോടു പറഞ്ഞു: ''അവർ എന്നെ വിശ്വസിക്കുകയോ എൻെറ വാക്കു കേൾക്കുകയോ ചെയ്യുകയില്ല. നിനക്കു് യഹോവാ പ്രത്യക്ഷമായിട്ടില്ല എന്നു പ പറയും.''

ദൈവം അവനോട് ''നിൻെറ കൈയിൽ ഇരിക്കുന്നതു് എന്താണ്.''

മോശ ''ഒരു വടി''

''നിലത്തു് അതിടുക''

മോശ വടി നിലത്തു ഇട്ടപ്പോൾ അതു് സർപ്പമായിത്തീൎന്നു. മോശ അവിടെനിന്നു് ഓടാൻ ഭാവിച്ചു.

ദൈവം വീണ്ടും പറഞ്ഞു: ''നിൻെറ കൈ നീട്ടി അതിനെ വാലിൽ പിടിച്ചു് എടുക്കുക.'',

മോശ അതിനെ വാലിൽ പിടിച്ച് എടുത്തപ്പോൾ അവൻെറ കൈയിൽ അതു് ഒരു വടിയായിത്തീൎന്നു. ഇതിൽ മോശ ആശ്ചര്യപ്പെട്ടു.

ദൈവം വീണ്ടും മോശയോടു് ആജ്ഞാപിച്ചു: "നിൻെറ കൈ നിൻെറ മാൎവ്വിൽ വെക്കുക."

ദൈവം പറഞ്ഞതുപോലെ മോശ ചെയ്തു. മോശ അവൻെറ കൈ തിരികെ എടുത്തപ്പോൾ കൈ മുഴുവൻ കുഷ്ഠം പിടിച്ചതായി കണ്ടു. ദൈവം അവനോടു് വീണ്ടും അവൻെറ കൈ തിരികെ പഴയസ്ഥാനത്തു വയ്ക്കുക എന്നു പറഞ്ഞു. ഈ സമയത്തു് മോശ കൈ വെളിയിലെടുത്തപ്പോൾ അവൻെറ കൈ പരിപൂൎണ്ണമായി സുഖം പ്രാപിച്ചു.

ദൈവം മോശയ്ക്കു പ്രത്യക്ഷനായി എന്നു ജനങ്ങൾക്കു് തെളിവുകൊടുക്കുന്നതിനായി ദൈവം ഒരടയാളംകൂടെ മോശയ്ക്കു കൊടുത്തു. ദൈവം പറഞ്ഞു. "ഈ രണ്ടു് അടയാളങ്ങളും അവർ വിശ്വസിച്ചില്ലെങ്കിൽ നദിയിലെ വെള്ളം കുറെ കോരി കരയിൽ ഒഴിക്കുക. അപ്പോൾ കരയിൽ ഒഴിച്ച വെള്ളം രക്തമായിത്തീരും

ദൈവം ചെയ്ത അതിശയപ്രവൃത്തി എല്ലാം മോശ വിശ്വസിച്ചു. എന്നാൽ മിസ്രയിമിൽനിന്നു ദൈവജനത്തെ നയിപ്പാൻ തനിക്കു് യോഗ്യതയുണ്ടോ എന്നു് അവൻ സംശയിച്ചു. അവൻ ദൈവത്തോടു് സംസാരിച്ചു "സംസാരിപ്പാൻ എനിക്കു വേഗതയില്ല. ഞാൻ വിക്കനൊണു്."

വിളി സ്വീകരിക്കാൻ മോശ തയ്യാറില്ലായിരുന്നു. വീണ്ടും ദൈവം സംസാരിച്ചു: "ഞാൻ നിൻെറ സഹോദരൻ അഹരോനെ നിനക്കുവേണ്ടി സംസാരിപ്പാൻ നിൻെറകൂടെ അയയ്ക്കും." ഒടുവിൽ മോശ സമ്മതിച്ചു.

മിസ്രയിമിൽനിന്ന ജനങ്ങളെ വിട്ടവിക്കുന്നതിന് മോശയെത്തന്നെ അയയ്ക്കണമെന്ന ദൈവം നിശ്ചയിച്ചു. ദൈവം അവനോട്ട കല്പിച്ചപ്രകാരം പോകാമെന്ന സമ്മതിച്ചു.

വഴിയിൽ എല്ലാം ദൈവം മോശയെ സഹായിച്ചു, എന്തുചെയ്യുന്നമെന്നുള്ളതും മോശയോട്ട് ദൈവം അറിയിച്ചു. ജനങ്ങളോട്ട സംസാരിക്കുന്നതിന്ന് മോശ അഹറോനോട്ട പറഞ്ഞുകൊട്ടത്തു. പോകുന്നിടത്തൊക്കെയും മോശ തൻെറ വടിയും കൊണ്ടുപോയിരുന്നു. ഇസ്രായേൽജനങ്ങളെ ഫറവോനിൽനിന്ന വിട്ടവിക്കുന്നതിന്ന് ദൈവശക്തിയാൽ മോശ വടികൊണ്ട് പല അതിശയങ്ങളും ചെയ്തു.

## 26. രാജാവിൻെറ ജോലിക്ക്.

മുഖം ചുവന്ന വിചിത്രമായി, തോമസ് സ്കോട്ട പറഞ്ഞു: „ഞാൻ ഈ ജോലി സ്വീകരിക്കുന്നുവെങ്കിൽ എൻെറ വീട്ടിലെ കാര്യങ്ങൾ എനിക്ക ശരിയായി നടത്തുന്നതിന്ന് കഴിയാതെ വരും.''

ജോൺന്യൂട്ടൺ അതിന്ന മറുപടിയായി „ദൈവത്തിൻെറ ജോലിക്ക തടസ്സം വരത്തക്കവണ്ണം ഒരു ദൈവദാസനും അവനവൻെറ താല്പര്യത്തെ പരിരക്ഷിക്കരുത്.''

„അതെ, എന്നാൽ...''

ജോൺന്യൂട്ടൺ തുടൎന്നു: „കുറെവർഷം മുൻപ് ഒരു രാജാവ് തൻെറ രാജ്യത്തിലുള്ള ഒരു പ്രധാന ഉദ്യോഗസ്ഥനെ അന്യരാജ്യത്തെ അമ്പാസിഡറായി നിയമിച്ച് ഉത്തരവിട്ടു. ഉദ്യോഗസ്ഥൻ അവൻെറ വീട്ടിലെ

ചില അത്യാവശ്യങ്ങൾ പരിഗണിച്ച് പ്രസ്തുത ജോലിയിൽനിന്നു തനിക്കു വിടുതൽ തരണമെന്നു രാജാവിനോട്ട് അപേക്ഷിച്ചു

സ്കോട്ട്സ് മൗനമായി ഈ പ്രസ്താവന സശ്രദ്ധം കേട്ടുകൊണ്ടു നില്ക്കുകയാണ്.

ന്യൂട്ടൺ പറഞ്ഞു "ഈ പ്രധാന ഉദ്യോഗസ്ഥനോടു രാജാവു് പറഞ്ഞ മറുപടി എന്താണെന്നു് നിനക്കറിയാമോ?"

സ്കോട്ട് ഉത്തരമൊന്നും പറയാതെ ആയപ്പോൾ ന്യൂട്ടൺ പറഞ്ഞതു്: "രാജാവു് തന്റെ ഉദ്യോഗസ്ഥനോട്, നീ പോകണം. ദൂരെ നിന്റെ രാജാവിന്റെ ജോലി നീ വിശ്വസ്തതയോടെ നോക്കുന്നു എങ്കിൽ നിന്റെ വീട്ടിലെ സകല കാര്യങ്ങളും രാജാവു് ഭംഗിയായിട്ട് നോക്കിക്കൊള്ളും" എന്നാണ്.

രാജാവു് ഉദ്യോഗസ്ഥനോടു ചെയ്തപ്രകാരമുള്ള ഉടമ്പടിയാണ് എല്ലാ ക്രിസ്ത്യാനികളോടും സർവ്വശക്തൻ ചെയ്യുന്നതു്. വിശ്വാസികളോട്ട് ദൈവം പറയുന്നതു്. "നിന്റെ ജീവിതത്തിൽ എന്റെ കാര്യം ഒന്നാമതു് പ്രവർത്തിക്ക. എന്റെ ജോലി വിശ്വസ്തതയോട്ട് ചെയ്യുക. എന്നാൽ ഞാൻ നിന്റെ കാര്യം നോക്കിക്കൊള്ളാം." യേശു പറയുന്നു. "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും."

തോമസ്സ്കോട്ട് വളരെ തൃപ്തിയോടുകൂടി തനിക്കു നൽകപ്പെട്ട ദൈവവേല സ്വീകരിച്ചു. ദൈവം അവന്റെ കുടുംബത്തെ അവൻ വിചാരിച്ചതിൽകൂടുതലായി അനുഗ്രഹിച്ചു.

യേശു പറഞ്ഞ സത്യത്തിനു് ഒരിക്കലും മാററം വരികയില്ല. വിശ്വാസികളുടെ ഇടയിൽവിഷമംപിടിച്ച

ഒരു പ്രശ്നം ദൈവവേലയേക്കാഠം ഈ ലോകജീവി തത്തെകാര്യമായി വീക്ഷിക്കുന്നു എന്നതാണ്. ഈ കാര്യ ങ്ങളെ നമുക്കുവേണ്ടി വഹിക്കുന്നതിന്ന് ദൈവത്തിന്നു മനസ്സാണ്. പക്ഷേ, നാം ദൈവത്തെ നിരാശപ്പെടു ത്തരുതു്. അതിപ്രധാനമായ കർത്തവ്യത്തെ ക്രിസ്ത്യാ നികഠം മറന്നുപോകുന്നു, "സ്വർഗ്ഗീയരാജാവിൻെറ ജോലി."

നമ്മുടെ സകലവിധ ഭാരങ്ങളും ജോലികളും ദൈ വത്തിൽ ഭരമേൽപ്പിക്കുമ്പോഠം നമുക്ക് ധാരാളമായി ട്ട് അവൻ നൽകും. "അവൻ നിങ്ങഠംക്കായി കരുതുന്ന താകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവ ൻെറമേൽ ഇട്ടുകൊഠംവീൻ" "സ്വർഗ്ഗസ്ഥനായ നിങ്ങ ളുടെ പിതാവു് ഇതൊക്കെയും നിങ്ങഠംക്കു് ആവശ്യം എന്നു അറിയുന്നുവല്ലോ... അതോടുകൂടെ ഇതൊക്കെയും നിങ്ങഠംക്കു ലഭിക്കും.

## 27. ഒരു കുട്ടിയുടെ മനസ്സുതിരിവു്.

ഏതോ ഒരു മാററം എൻെറ കുട്ടിയ്ക്കു സംഭവിച്ചി ട്ടുണ്ട്. അവനു കുറെനാഠംക്കു മുൻപു് മതത്തെക്കുറിച്ചു കേഠംക്കുന്നതു് തീരെ ഇഷ്ടമില്ലായിരുന്നു. അധികസ മയവും ചീട്ടുകളിയിൽ ചെലവഴിക്കും ഞങ്ങളുടെകൂടെ കുടുംബപ്രാൎത്ഥനയിൽ സംബന്ധിക്കയില്ല. അവൻ പ ള്ളിയിൽ ഒരിക്കലും പോകുകയില്ല. പട്ടണത്തിലെ ത മാശുകഠം അവനെ ആകൎഷിച്ചു. ധാരാളം കൂട്ടുകാർ അവ നെ അന്വേഷിച്ചു വരിക പതിവാണ്. ഈ ലോക ത്തിൻെറ പ്രതാപത്തോടു് അധികം ബന്ധപ്പെട്ടാണ് അവൻ വളൎന്നതു്.

എൻെറ മകൻെറ പോക്ക് എനിക്കു ഒരിക്കലും സഹി ക്കവയ്യാതായി. അവൻ ഇനിയും വരാൻ പോകുന്ന ലോകത്തിലെ ഒരു പ്രജ ആയിരിക്കണമെന്നു് എനിക്കു് അതിയായ താല്പര്യമുണ്ടു്. ഞാൻ അവനെ നന്നാ സ്നേഹിക്കുന്നു. ഒരു രാത്രി ഞാൻ ദൈവത്തിൻെറ അടുക്കൽ എൻെറ ഹൃദയത്തെ പകന്നു. എൻെറ പാപങ്ങളെ ഞാൻ ഏററുപറഞ്ഞു. ഞാനും ദൈവവുമായി ഐക്യപ്പെട്ടു. എന്നിട്ടു് എൻെറ മകനേ രക്ഷിക്കുന്നതിനായി ഞാൻ അപേക്ഷിച്ചു. ഈ ലോകത്തിൽ എന്തുവന്നാലും ശരി, എൻെറ മകൻ രക്ഷിക്കപ്പെടണമെന്നാണു് എൻെറ ലാക്കു്.

എന്നിട്ടു് ഞാൻ എൻെറ മകനേ വിളിച്ചു. ഞാൻ അവനുവേണ്ടി ചെയ്യതെല്ലാം പറഞ്ഞു. "മകനെ നീ അറിയുന്നതിലും കൂടുതലായി ഞാൻ നിന്നെ സ്നേഹിക്കുന്നു. നിൻെറ സന്തോഷം എൻെറ ആനന്ദമാണു്, നിൻെറ ജയം എൻെറയും വിജയമാണു്. നിൻെറ നിത്യരക്ഷ എൻെറ ജീവിതത്തിൻെറ എല്ലാമാകുന്നു. നിത്യതയിലും ഞാനും നീയും കൂടി ജീവിക്കുവാൻ ആഗ്രഹിക്കുന്നു. നീയില്ലാതെ എനിക്കൊരു സ്വർഗ്ഗവുമില്ല."

എൻെറ പ്രാർത്ഥനയ്ക്കു് ഉത്തരം, ദൈവം എങ്ങനെ തരുമെന്നു് എനിക്കറിഞ്ഞുകൂടാ. ചിലപ്പോൾ ദൈവം, നിന്നെക്കുറിച്ചു് വിചാരിക്കുന്നതിനു് സമയം ലഭിക്കുന്നതിനു് നിന്നെ ദീനമായിട്ടു് ആശുപത്രിയിലേയ്ക്കു് അയച്ചേക്കാം. ഇനി മേലാൽ നീ മലിനമായതു കാണാതെയിരിക്കുന്നതിനു് നിൻെറ കണ്ണു രണ്ടും പൊട്ടിച്ചേക്കാം. നീ പാപം ചെയ്യാതെയിരിക്കുന്നതിനുവേണ്ടി നിന്നെ കല്ലറയിൽ വെക്കുന്നതിനു് ഇടയായേക്കാം. ഈ അനുഭവം വരുന്നതു സങ്കടമാണു്. എന്നാൽ നീ സ്വർഗ്ഗ

ത്തിൽ പോകാൻ ഈ അനുഭവം നിന്നെ സഹായിക്കുന്നതുകൊണ്ട് എനിക്ക് അതു സന്തോഷമായിരിക്കും. അവിടെ നിൻെറ കണ്ണ് സ്വർഗ്ഗീയമഹിമ കാണും. ദൂതന്മാരുടെ പാട്ട് അവിടെ നീ കേൾക്കും. യേശുവിനോടു കൂടെ നീ ജീവിക്കും.

ദൈവം എൻെറ പ്രാർത്ഥനയ്ക്ക് ചിലപ്പോൾ വ്യത്യസ്തമായ ഉത്തരമ യിരിക്കും തരുന്നത്. എൻെറ ജോലിനഷ്ടപ്പെട്ടേക്കാം. എൻെറ പണം, എൻെറ ഭവനം, ഇതിൽ എല്ലാത്തിനും ഉപരിയാണ് എൻെറ മകൻ. അവനുവേണ്ടി കൈയോ കാലോ അഥവാ ജീവൻപോലുമോ നഷ്ടപ്പെടുന്നതിനും, എനിക്കു മനസ്സാണ്. എന്നാലും എൻെറ മകൻ രക്ഷിക്കപ്പെടണമെന്നാണ് എൻെറ ആഗ്രഹം.

മകനെ, ദൈവം എൻെറ പ്രാർത്ഥന കേൾക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അവൻ വാഗ്ദത്തം ചെയ്തതു് "ഞാൻ നിൻെറ മക്കളെ രക്ഷിക്കും." നമ്മുടെ ഭാഗം നാം ചെയ്താൽ അവൻെറ ഭാഗം അവൻ ചെയ്യുന്നതാണ്. ഞാൻ നിന്നെ ക്രിസ്തീയസ്കൂളിൽ പഠിക്കുന്നതിനായി അയച്ചു. എൻെറ കഴിവിനനുസരിച്ച് നിന്നെ ക്രിസ്തീയമര്യാദയിൽ വളർത്തി. നിനക്ക് ഒരു കാര്യം ചെയ്യാനുണ്ട്. നീ അതു ചെയ്യുമെന്ന് എനിക്ക് വിശ്വാസവുമുണ്ട്. ഒരു തീരുമാനം നീ ചെയ്യാനുണ്ട്. അതു നല്ല ഒന്നായിരിക്കും."

എൻെറ മകനോട് ഞാൻ സംസാരിച്ചപ്പോൾ അവൻ കരയാൻ തുടങ്ങി. എന്നിട്ടു പറഞ്ഞു. "പപ്പാ പറഞ്ഞതു ശരിയാണ്. ഞാൻ എൻെറ ഹൃദയം ദൈവത്തിനായി കൊടുത്തിരിക്കുന്നു. ഞാൻ ലോകവുമായി അത്രയ്ക്ക് അടുത്തു ജീവിച്ച് ജീവിതത്തിലെ വാസ്തവമായ കാര്യങ്ങളെ ഞാൻ അപമാനിച്ചു"

ദൈവത്തിന്റെ സ്തുതി. അവൻ ദൈവപൈതലായിത്തീൎന്നു. അവൻ സെമ്മിനാരിയിൽ ചേൎന്നു ദൈവവേലക്കായി അഭ്യസിക്കുന്നു.

കുഞ്ഞുങ്ങൾ ദൈവത്തിൽനിന്നുള്ള ദാനമാകുന്നു. അവരെ ദൈവവേലയ്ക്കുവേണ്ടി ഒരുക്കേണ്ടതാണ്.

# 28. നാം തനിയെ അല്ല

''ഡേവിഡേ, ബോബി ഇന്നു നല്ല കുട്ടിയായിരിക്കും. ഇന്നു ഞങ്ങൾ ജോലിക്കു പോകുന്നു. എന്തെങ്കിലും പ്രയാസം വരുമ്പോൾ ഇതാ ഞങ്ങളുടെ റെറലഫോൺ നമ്പർ. നീ ഞങ്ങളെ വിളിച്ചറിയിക്കുക.'' എന്ന് മിസ്സസ് ആൻഡ്രൂസ്സ് ഡേവിഡിനെ പറഞ്ഞു മനസ്സിലാക്കി. ഡേവിഡിൻെറ കയ്യിൽ ഒരു തുണ്ടു കടലാസ്സ് കൊടുത്തു. അതിനുശേഷം അവളും മിസ്റ്റർ ആൻഡ്രൂസും കൂടി വീടുവിട്ടുപോയി.

കുറെ സമയത്തേയ്ക്കു് വീട്ടിൽ കുഴപ്പമൊന്നുമില്ലായിരുന്നു. കുറച്ചുനേരം ഡേവിഡ് ബോബിയെ കളിപ്പിച്ചുകൊണ്ടിരുന്നു. പിന്നീട് അവനെ ഉറക്കാൻ കിടത്തി. കുറച്ചു കഴിഞ്ഞയുടനെ ബോബി നല്ല ഉറക്കമായി. ബോബി ഉറങ്ങിയതുകൊണ്ടു് ഡേവിഡിൻെറ ജോലി ഒന്നു് ഒതുങ്ങി, വളരെ സന്തോഷമായി.

കുറെ കഴിഞ്ഞപ്പോൾ മഴയുടെ ആരംഭമായി. ഇടിയുടെ ശബ്ദം മുഴങ്ങി. മിന്നൽ മുറിയിൽ എല്ലായിടത്തും വ്യാപിച്ചു. മഴ വലിയ ശക്തിയായി പെയ്തു.

ജീവിതത്തിൽ ഡേവിഡ് ആദ്യമായി ഭയപ്പെട്ട അവസരമാണ് അന്നു്. ''ഈ വലിയ വീട്ടിൽ ചെറിയ

കുട്ടിയുമായി ഞാൻ തനിയെയാണ്. അവൻ ഉണർന്നാൽ ഞാൻ എന്തു ചെയ്യും? അമ്മ വരുന്നതിന്ന് ഞാൻ ററെലഫോൺ ചെയ്യുവാൻ പോകുകയാണ്. അല്ല, അതല്ല ശരി. ഞാൻ ഇപ്പോൾ വെറും ചെറിയകുട്ടിയല്ലല്ലോ. ഞാൻ ഇപ്പോൾ പ്രാർത്ഥിക്കും. എന്നെയും ബോബിയേയും കാത്തുകൊള്ളുവാൻ സ്വർഗ്ഗസ്ഥനായ പിതാവിനോട് അപേക്ഷിക്കും. ഇന്നുരാവിലെ പ്രാർത്ഥനാസമയത്ത് അമ്മ വേദപുസ്തകത്തിൽനിന്നു് ക്രിസ്തുവിൻെറ വചനങ്ങൾ വായിച്ചതു് കേട്ടതാണ്. „ഞാൻ നിന്നെ ഒരിക്കലും കൈവിടുകയില്ല, മറക്കുകയുമില്ല.''

ഇടിയുടെ ശബ്ദം കൂടുതലായി വന്നു. ബോബി ഉറക്കെ കരഞ്ഞു. ഡേവിഡ് ബോബി കിടക്കുന്ന മുറിയിലേക്കു ചെന്നു. കൈകൂപ്പി ഉറക്കെ പറഞ്ഞു. „ഞാൻ തനിയെ അല്ല. ദൈവം എന്നോടുകൂടിയുണ്ട്. അവൻ ഒരിക്കലും എന്നെ കൈവിടുകയുമില്ല.''

പിന്നീട് ഡേവിഡ് കുട്ടിയെ സൗമ്യമായി ആശ്വസിപ്പിച്ചു. അധികം കഴിയുന്നതിനു് മുൻപു് ബോബി നല്ല ഉറക്കമായി.

മഴയും ഇടിയും നിന്നു. ഡേവിഡ് ആ മുറിയിൽ മുട്ടിന്മേൽനിന്നു. തൻെറ ഹൃദയത്തിൽനിന്നു ഭീതിയെ മാററിയതിനും, ബോബിയേയും തന്നെയും രക്ഷിച്ചതിനും കർത്താവായ യേശുവിനു നന്ദി പറയുകയും ചെയ്തു. ഇതിനുശേഷം ഡേവിഡ് ഒരിക്കലും ഭയന്നിട്ടില്ല.

## 29. കുട്ടികൾക്കായുള്ള ധർമ്മാചാരങ്ങൾ

1 രാവിലെ ഉണരുക.
2 ഈശ്വരപ്രാർത്ഥന കഴിക്കുക.
3 അവരവരുടെ കിടക്കകൾ മടക്കി യഥാസ്ഥാനത്ത് വൃത്തിയായി വയ്ക്കണം.
4 ശൗചം ചെയ്താൽ കൈ സോപ്പ് ഉപയോഗിച്ച് കഴുകണം.
5 പല്ല് വൃത്തിയായും സാവധാനമായും തേക്കണം.
6 നിത്യവും കുളിക്കണം.
7 അവരവരുടെ വസ്ത്രങ്ങൾ അലക്കുവാൻ ശ്രമിക്കണം.
8 സോപ്പും വെള്ളവും അധികമായി നഷ്ടപ്പെടുത്തരുത്.
9 ശുഭ്രവസ്ത്രം ധരിക്കണം.
10 ഉടുപ്പ് ഉപയോഗിക്കുമ്പോൾ ബട്ടൺ ഇടാൻ മറന്നുപോകരുത്.
11 തലമുടി ചീകിയും നഖം വൃത്തിയാക്കിയുമിരിക്കണം.
12 പാഠങ്ങൾ നന്നായി പഠിക്കണം.
13 രക്ഷകർത്താക്കൾ, ഗുരുക്കന്മാർ, പ്രായംകൂടിയവർ നല്ലകാര്യങ്ങൾ ആജ്ഞാപിച്ചാൽ മടികൂടാതെ അവയെ പാലിക്കുക.
14 മണി അടിച്ചാൽ നിശ്ചിതസ്ഥാനങ്ങളിൽ ചെന്ന് നിശ്ശബ്ദരായിരിക്കണം.
15 ഗുരുവിൻെറ അനുവാദം കൂടാതെ പുറത്തുപോകയോ താമസിച്ചാൽ അനുമതികൂടാതെ അകത്തു കയറുകയോ ചെയ്യരുത്.
16 ഇരിക്കുമ്പോൾ നിവർന്നിരിക്കണം.

17 മുട്ട് ഊന്നി ഒരിക്കലും ഇരിക്കരുത്.

18 മാന്യന്മാർ ക്ലാസ്സിൽ വന്നാൽ എഴുന്നേററ് ഉപചാരം ചെയ്യണം.

19 ക്ലാസ്സിൽ ഉത്തരം പറയുമ്പോൾ എപ്പോഴുമെഴുന്നേററു നിന്നു പറയണം.

20 തന്നെക്കാൾ പ്രായംകൂടിയവരോട് വിനയമായി പെരുമാറണം.

21 എല്ലാവരുടെയും അഭിമാനം സംരക്ഷിക്കത്തക്ക വിധം പെരുമാറണം.

22 ചീത്തവാക്ക് ഒരിക്കലും പറയരുത്.

23 അഹങ്കാരം തോന്നിക്കുന്നവിധത്തിൽ സംസാരിക്കരുത്.

24 പുക വലിക്കരുത്.

25 പണത്തിനുവേണ്ടി പന്തയം കെട്ടുകയോ ചൂതു കളിക്കുകയോ ചെയ്യരുത്.

26 തങ്ങൾ കൈകാര്യം ചെയ്യുന്ന ഉപകരണങ്ങൾ സൂക്ഷ്മതയോടെ ഉപയോഗിക്കണം.

27 വൃദ്ധന്മാർ, കൊച്ചുകുഞ്ഞുങ്ങൾ, അശക്തർ, രോഗികൾ എന്നിവർക്ക് സഹായം ചെയ്യുവാൻ പഠിക്ക.

28 വണ്ടികളിൽ അവർക്കുവേണ്ടി സ്ഥാനം ഒഴിഞ്ഞു കൊടുക്കുക.

29 തന്നെക്കാൾ പ്രായംകുറഞ്ഞ കുട്ടികളെ സൂക്ഷിക്കുവാനും അവർക്കു സഹായം ചെയ്യുവാനും മടിക്കരുത്.

30 അവരവരുടെ ഇരിപ്പിടവും മുറിയും നല്ല അടുക്കായും വൃത്തിയായും സൂക്ഷിച്ചിരിക്കണം.

31 പുസ്തകങ്ങൾ, വസ്ത്രങ്ങൾ, കുട, പേന, പെൻസിലുകൾ എന്നുവേണ്ട താൻ ഉപയോഗിക്കുന്ന

എല്ലാ സാധനങ്ങളും അടുക്കി യഥാസ്ഥാനത്തു വയ്ക്കണം.

32 പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കണം.

33 ഓരോ വസ്തുവും അതതിൻെറ ഉപയോഗത്തിന്നു മാത്രം എടുക്കണം.

34 എപ്പോഴും സത്യം പറയണം.

35 ധാർമ്മികവിചാരം ഉണ്ടായിരിക്കണം.

36 ജാതിവ്യത്യാസം ആചരിക്കരുത്.

37 അശ്ലീലമായ സാഹിത്യഗ്രന്ഥങ്ങൾ, പടങ്ങൾ ഇവ വർജ്ജിക്കണം.

38 ഒരു തരത്തിലും ശരീരത്തെ അശുദ്ധമാക്കരുത്. (ദുർമാർഗ്ഗത്തിനു് ഇടം കൊടുക്കരുത്)

39 ദേശത്തിനുവേണ്ടി ജീവിക്കുക.

40 സഹിഷ്ണുത പാലിക്കുക (നിവൃത്തിയുള്ളിടത്തോളം ആവലാതിപ്പെടാതെ ഇരിക്ക)

41 എപ്പോഴും പ്രസന്നനായിരിക്കാൻ ശീലിക്കണം.

42 സാവധാനത്തിൽ സംസാരിക്കാൻ പഠിക്ക.

43 ശരീരം ദൈവത്തിൻെറ സൃഷ്ടിയാണ്. അതിനെ ശുദ്ധമായി സൂക്ഷിക്കണം. നമ്മുടെ ഏതെങ്കിലും അവയവംകൊണ്ട് ചീത്തപ്രവൃത്തി ചെയ്താൽ ദൈവത്തിൻെറ സൃഷ്ടിയെ (നമ്മുടെ ശരീരത്തെ) നശിപ്പിക്കുന്നതിനാൽ ദൈവവും അവസാനനാളിൽ നമ്മേയും നശിപ്പിക്കും എന്നു വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്.

4645

## ഗ്രന്ഥകർത്താവിൻെറ കൃതികൾ

ഭവനഭൂഷണം
ഭവനദീപം
നമ്മുടെ കുട്ടികൾ
വേദ: അഭിഭാഷകൻ
നല്ലകഥകൾ
ജീവിതവിജയം
ആദർശപാഠങ്ങൾ
നമ്മുടെ രക്ഷകൻ
ബാലപ്രിയൻ
മാർഗ്ഗദർശി
ജീവൻനല്കുന്ന കഥകൾ
ചെറിയ സ്നേഹിതർ
ജീവിതസ്വൈരം



/248.82
DUT

# പെറിയ സ്നേഹിതർ

Indic Digital Archive Foundation
gpura.org